Reg. No. C. 101, M. 2293

ഒറ്റപ്രതിക്കു 2 ണ.

St: Mary's C.G.H.S. Ernakulam

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25· | 1127 കന്നി 3 –ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 സെപ്റ്റംബർ 19 | ലക്കം 6

# സ്ത്രീകളുടെ സാമുദായികപുരോഗതി

(ഫാദർ തോമസ് മണക്കാട്ടു്)

ആധുനികലോകം സ്ത്രീവർഗ്ഗത്തിൻെറ അഭ്യുന്നതിക്കു് അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കയാണു്. യൂറോപ്യൻ രാജ്യങ്ങളിൽ അവരുടെ അഭിവൃദ്ധി അത്ഭുതകരമാംവിധം സാധിച്ചിരിക്കുന്നു. എന്നാൽ മററു ചില രാജ്യങ്ങളിലാകട്ടെ അവർ അധഃപതനത്തിൻെറ അഗാധതയിൽനിന്നും ഇനിയും ആരോഹണം ചെയ്തിട്ടില്ല. അതിനാൽ നമുക്കു്, സ്ത്രീകളുടെ സാമുദായികസ്ഥിതി എന്തെന്നും ആ പദത്തിൽ അവർ എത്രമാത്രം അധഃപതിക്കയും ഉന്നമിക്കയും ചെയ്തിട്ടുണ്ടെന്നും അവസാനം അവരുടെ മാതൃകാജീവിതം ലോകത്തിനു എത്രമാത്രം ഉപകാരപ്രദമാണെന്നും ഒരു വിഹഗവീക്ഷണം നടത്താം.

ക്രിസ്തുമതസിദ്ധാന്തപ്രകാരം ആദിമസ്ത്രീ, ആദ്യപുരുഷൻെറ വാരിയെല്ലിൽ ഉൽഭൂതമാക്കപ്പെട്ടവളത്രെ അവളെ പുരുഷനു സഖിയായും എന്നാൽ പുരുഷാധികാരത്തിനു വിധേയയായും സൃഷ്ടിച്ചു. അതെ, അവൾ സ്ഥാനത്തിൽ പുരുഷനുതുല്യയെങ്കിലും അധികാരത്തിൽ പുരുഷനു കീഴ്പ്പെട്ടവളാകുന്നു. യഥാർത്ഥത്തിൽ അതാണു് സ്ത്രീയുടെ മഹനീയമായ സ്ഥാനം. ജഗന്നിയന്താവു് അവൾക്കു് നൽകിയിട്ടുള്ള പൂജനീയമായ പദവിയും അതുതന്നെ. സ്ഥാനത്തിൽ അവൾക്കുള്ള ഈ സമത്വം എപ്പോൾ പുരുഷവർഗ്ഗം നിഷേധിക്കുന്നുവോ അപ്പോൾ സ്ത്രീവർഗ്ഗം ന്യായമായും മുറവിളികൂട്ടേണ്ടതത്രെ. നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ സ്ത്രീവർഗ്ഗത്തിനു് പലപ്പോഴും അവശത സംഭവിച്ചിട്ടുണ്ടു്. പലപ്പോഴും ഹൃദയഭേദകമായ അവളുടെ ആർത്തരോദനം അന്തരീക്ഷത്തെ അലട്ടിയിട്ടുണ്ടു്.

പ്രാചീനലോകചരിത്രം ഇതിനു് അക്ഷയലക്ഷ്യമായി നമുക്കു് അക്ഷിലക്ഷ്യീഭവിക്കുന്നുണ്ടു്. അന്നു് സ്ത്രീകളും മൃഗങ്ങളും ഒരുപോലെ കരുതപ്പെട്ടിരുന്നു. പുരുഷവർഗ്ഗത്തിൻെറ കളിപ്പാട്ടമായിരുന്നു അവർ. വിദ്യയിലും വിജ്ഞാനത്തിലും വിഖ്യാതിനേടിയിരുന്ന അന്നത്തെ വിരപുരുഷന്മാർപോലും ഈ അബദ്ധാഭിപ്രായത്തെ ആദരിക്കയും അവ്വിധം പ്രവർത്തിക്കയും ചെയ്തിട്ടുണ്ടു്. സ്ത്രീയെ ഒരുതരത്തിലും കാര്യമായി അവർ കരുതിയിരുന്നില്ല. കശാപ്പുകടയിലെ മാംസംപോലെയും കാളച്ചന്തയിലെ കാലികളെപ്പോലെയും അവൾ വിലയ്ക്കു വിൽക്കപ്പെടുകയും വാങ്ങിക്കപ്പെടുകയും ചെയ്തിരുന്നു. ചാരിത്രസംരക്ഷണം ആ സാഹചര്യങ്ങളിൽ സാദ്ധ്യമായിരുന്നില്ല—പ്രാചീനപരിഷ്കാരത്തിൻെറ പരമോന്നതിയിലെത്തിയിരുന്ന റോമ്മിൽപോലും സ്ത്രീകളുടെ സ്ഥിതി അതിദയനീയമായിരുന്നു.... യുവതികളേയും ചെറുബാലികകളേയും വിലയ്ക്കു വിൽക്കുന്നതിനും വാങ്ങിക്കുന്നതിനും റോമ്മിൽ അന്നു് ഒരു "മനുഷ്യച്ചന്ത" ഉണ്ടായിരുന്നു. അവിടെ സ്വമാതാപിതാക്കന്മാർപോലും കുഞ്ഞുങ്ങളെ നേരിട്ടു വിററു വിലവാങ്ങിയിരുന്നു. ഡിറിയ, ററാർററി മുതലായരാജ്യങ്ങളിൽ മരണമടഞ്ഞ ഭർത്താക്കന്മാരുടെ ചിതയിൽ ഭാര്യമാർക്കൂടി ജീവൻ ബലികഴിക്കേണ്ടതു് ഒരു മതനീയമമായിരുന്നു. നമ്മുടെ ഇൻഡ്യയിൽത്തന്നെ "സതി" എന്ന പേരിൽ ഈ കഠോരപാപകർമ്മം നിലവിലിരുന്നതായി ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. 1847-ൽ ഇംഗ്ലീഷുകാർ അവരുടെ സർവ്വശക്തിയുമുപയോഗിച്ച്



മാർത്തയും മറിയവും ക്രിസ്തുസവിധത്തിൽ

അതു നിറുത്തലാക്കുന്നതുവരെ വിധവകളായ ഹിന്ദുസ്ത്രീകൾ ആരുംതന്നെ രക്ഷപെട്ടിരുന്നില്ല. 1815-നും 1826-നും മദ്ധ്യേ ഉദ്ദേശം 7154 സതികൾ ബംഗാൾ പ്രോവിൻസിൽ നടന്നതായി പറയപ്പെടുന്നു.

ഇനിയും സ്ത്രീകൾക്കു് അന്നുണ്ടായിരുന്ന മറെറാരു വൈഷമ്യം പുരുഷന്മാരുടെ ബഹുഭാര്യാത്വമായിരുന്നു. ഒരു പുരുഷനു് അനേകം ഭാര്യമാരെ സ്വീകരിക്കാമായിരുന്നു. പതിനെട്ടുവയസ്സു തികഞ്ഞിട്ടും വിവാഹിതയാകാത്ത ഒരുതരുണി പരലോകത്തിൽവച്ചുപോലും ശിക്ഷിക്കപ്പെടുമെന്നായിരുന്നു അവരുടെ വിശ്വാസം. ഭർത്താവിനു ഭാര്യമാരെ യഥേഷ്ടം പരിത്യജിക്കുന്നതിനു് സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ഭാര്യമാർക്കാകട്ടെ ഭർത്താവിനെ ഉപേക്ഷിക്കുക സാദ്ധ്യമായിരുന്നില്ല. ഹെസയോഡ് എന്ന ഗ്രീക്കപണ്ഡിതൻ സ്ത്രീവർഗ്ഗത്തെ വിളിച്ചിരുന്നതു് "ശപ്തസന്തതി, മനുഷ്യകുലവിനാശം" എന്നെല്ലാമാണു്. സോക്രട്ടീസ് എന്ന പ്രസിദ്ധപണ്ഡിതൻെറ അനുദിനപ്രാർത്ഥനകളിലൊന്നു് 'സ്രഷ്ടാവു്തന്നെ ഒരു സ്ത്രീയായോ, അടിമയായോ ജനിപ്പിക്കാഞ്ഞതിൽ കൃതജ്ഞത പറയുകയായിരുന്നു. എന്തിനധികം, അന്നത്തെ അവരുടെ ചരിത്രം കണ്ണീർവീഴ്ത്താതെ വായിക്കുവാനോ, ഹൃദയമില്ലാതെ ചിന്തിക്കുവാനോ ആർക്കും സാദ്ധ്യമല്ല.

എന്നാൽ ക്രിസ്തുമതാവിർഭാവത്തോടുകൂടി പ്രത്യാശയുടെ പ്രഭാതകിരണങ്ങൾ നാലുപാടും വീശി. കാർ നിറഞ്ഞ വനിതാന്തരിക്ഷം പ്രോജ്ജ്വലമായ ഒരു പൂർണ്ണചന്ദ്രികയാൽ പ്രശോഭിതമായി. അബലാഗണത്തിൻെറ അതിററ അവശതകണ്ടു് അവനീശൻ അനുകമ്പാകുലനായി. അവരെ സമുദ്ധരിക്കുന്നതിനായി, അവരുടെ കോമളവദനങ്ങളിലെ അശ്രുകണങ്ങളെ തുടയ്ക്കുന്നതിനായി ഒരു മടവാർമണിമകുടത്തെ അവിടുന്നു് സംജാതയാക്കി. കന്യാത്വം നഷ്ടപ്പെടാതെ മാതൃത്വം വഹിച്ചു് ഭുവനപ്രസിദ്ധയായിത്തീർന്ന കന്യകാമറിയമത്രെ അവൾ. ജഗന്നിയന്താവിൻെറ മാതൃത്വം അവൾ വഹിച്ചതോടുകൂടി അബലാവർഗ്ഗത്തിൻെറ അധഃപതനം അവസാനിച്ചു. അതുവരെ അടിമകളും അവശരുമായിരുന്നവർ അന്നുമുതൽ പ്രബലരും പ്രതാപവതികളുമായി പ്രശോഭിക്കുവാൻ തുടങ്ങി. അവർ ക്രമശഃ ഉയർന്നു് ഇന്നിതാ അത്യുന്നതവും അശ്രുതവുമായ ഒരു പദത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവർ പുരുഷന്മാരോടൊപ്പം സാമുദായികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ എല്ലാ സംരംഭങ്ങളിലും പ്രവർത്തനം നടത്തുന്നു. കുടുംബസംരക്ഷണം, ഭർതൃശുശ്രൂഷ, ശിശുസംരക്ഷണം, പാചകവൃത്തി ഇവകളിൽ മാത്രം ഏർപ്പെട്ടിരുന്ന അവർ ഇപ്പോഴിതാ, പ്രസംഗവേദികളിലും കലാശാലകളിലും നിയമസഭകളിലും പ്രവേശിച്ചു് തങ്ങളുടെ വിണാരവം വിജയപൂർവ്വം മുഴക്കിക്കൊണ്ടിരിക്കുന്നു. പട്ടാളവകുപ്പിലും പോലീസ് ഡിപ്പാർട്ടുമെൻറിലും ഇന്നവരെ കാണാം. സമസ്തകാര്യങ്ങളിലും പുരുഷവർഗ്ഗത്തോടു കിടനിൽക്കുന്നതിനുള്ള ഒരഭിനിവേശം ഇന്നവരിൽ കണ്ടുവരുന്നു.. ഇതാണു് സ്ത്രീലോകത്തിൻെറ ആധുനികപുരോഗതി.

സ്ത്രീകൾ വിദ്യാസമ്പന്നകളാകരുതെന്നോ, സമുദായത്തിൽ ബഹുമാന്യപദം പ്രാപിക്കരുതെന്നോ എനിക്കു് അശേഷവും വിവക്ഷയില്ല. അവർ പണ്ഡിതകളും വിദുഷികളും സമുദായോദ്ധാരണത്തിൽ വ്യാപൃതരുമാകേണ്ടതു് അത്യാവശ്യമാണു്. അങ്ങനെയുള്ളവരെ ഞാൻ മുക്തകണ്ഠം പ്രശംസിക്കയും ചെയ്യുന്നു. എന്നാൽ സ്രഷ്ടാവായ ദൈവം അവർക്കു വിധിച്ചിട്ടുള്ളകാര്യങ്ങളിൽ അവർ അലസരാകരുതെന്നുമാത്രമേ എനിക്കു് അവരെ അനുസ്മരിപ്പിക്കുവാനുള്ളു. മഹാനും ജഗൽപ്രസിദ്ധനുമായ ചെസ്റ്റേർട്ടൻ സ്ത്രീകളുടെ സാമുദായികപുരോഗതിയെപ്പററി പറഞ്ഞ ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ഒരു സ്ത്രീക്കു് ലോകത്തിൽ പ്രാപിക്കാൻ സാധിക്കുന്നതിൽ ഏററവും വലിയ ബഹുമാനം ഒരു മാതൃകാകുടുംബിനിയായിരിക്കയാണു്." യഥാർത്ഥത്തിൽ ഈ അഭിപ്രായം ഏററവും യുക്തിയുക്തമത്രെ. പക്ഷെ, പരിഷ്കൃതകളും വിദ്യാസമ്പന്നകളുമായ ആധുനികാംഗനകൾക്കു് അതു് കേവലം അരോചകമായിത്തോന്നിയേക്കാം. വിദുഷികളായ വനിതകൾ കുടുംബിനികളായിരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുക സാധാരണയായിത്തീർന്നിരിക്കുന്നു. അവർ മിക്കവാറും അവിവാഹിതകളായും, ഉദ്യോഗകാംക്ഷികളായും സ്വാതന്ത്ര്യചാരകളായുംകഴിഞ്ഞുകൂടുവാൻ താൽപര്യപ്പെടുന്നു. അതു സ്വാർത്ഥമെന്നു പറയുവാൻ നിവൃത്തിയുണ്ടെന്നു തോന്നുന്നില്ല. പരിപാവനമായ കന്യാത്വം അനുഷ്ഠിച്ചു് ഈശധ്യാനത്തിലും ജീവിതശുദ്ധിയിലും കാലം കഴിക്കുന്ന കന്യാമണികൾ എൻെറ ഈ ചർച്ചയിൽ പെടുന്നില്ല. അല്ലാത്തവർ ഒരുകാര്യം പ്രത്യേകം അനുസ്മരിക്കേണ്ടതാണു്. വിദ്യാസമ്പന്നകളായ കുടുംബിനികളിൽനിന്നു മാത്രമേ സാമാന്യം പറഞ്ഞാൽ വിദ്യാസമ്പന്നരായ, സൽസ്വഭാവികളായ, സമുദായസ്നേഹികളായ, ദൈവഭക്തരായ സന്താനങ്ങൾ സംജാതരാകയുള്ളു. അവരുടെ സ്തന്യപാനംകൊണ്ടേ പണ്ഡിതകേസരിമാരും, സാഹിത്യമല്ലന്മാരും മഹാകവികളും ഉത്ഭവിക്കയുള്ളു. അതിനാൽ വിദ്യാവിഭൂഷിതരായ യുവതികൾ മഹത്തരമായ കുടുംബിനിപദം സ്വീക

## ചോദ്യോത്തരപംക്തി

ചോ: പഴയനിയമത്തിലെ പുസ്തകങ്ങൾ ദൈവനിവേശിതങ്ങളായി പ്രഖ്യാപിച്ചതു എന്നാണ്?

ഉ: ഈ ചോദ്യത്തിനുള്ള മറുപടി 1951 ജനുവരി 24-ലെ സത്യദീപത്തിൽ കൊടുത്തിട്ടുണ്ട്. വേദപുസ്തകത്തിലെ ദൈവനിവേശിതഗ്രന്ഥങ്ങൾ ഏവയെന്ന് ഔദ്യോഗികമായി വിധിപ്രസ്താവിക്കേണ്ടിവന്നതു് അവയിൽ ചിലതിന്റെ ദൈവനിവേശിതത്വം നിഷേധിക്കാൻ പ്രോട്ടസ്റ്റൻറുകാർ മുന്നോട്ടുവന്നതുനിമിത്തമത്രെ. അതനുസരിച്ച്, പോൾ തൃതീയൻ മാർപ്പാപ്പായുടെ കാലത്ത്, ത്രിദന്തീനോസു സൂനഹദോസിൽവച്ച്, 1546-ൽ പ്രസ്തുത വിധിപ്രസ്താവം നടന്നു. എന്നുകരുതി അപ്പോഴാണ് അവയുടെയെല്ലാം ദൈവനിവേശിതത്വം ആദ്യമായി അംഗീകരിക്കപ്പെട്ടതു് എന്നു വരുന്നില്ല. ആദിമകാലംമുതൽ പാരമ്പര്യാഗതമായി അതു് അംഗീകരിക്കപ്പെട്ടിരുന്നു. വിശിഷ്യ, ത്രിദന്തീനോസു സൂനഹദോസ് ദൈവനിവേശിതങ്ങളെന്നു പ്രഖ്യാപിച്ച ഗ്രന്ഥങ്ങളുടെയെല്ലാം പേരുകൾ ലവുദിച്ചെയ (ക്രിസ്ത്വബ്ദം 354), ഹിപ്പോ (393), കാർത്തേജ് (397) മുതലായ സ്ഥലങ്ങളിൽ കൂടിയ സൂനഹദോസുകളും ദമാസൂസ് (366—384), ഇന്നസെൻറ് (401) മുതലായ മാർപ്പാപ്പാമാരും പ്രസിദ്ധീകരിച്ച ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ചോ: എന്തുകൊണ്ടാണ് വേദപുസ്തകത്തിന്റെ മലയാളപരിഭാഷ ഇതേവരെ പൂർത്തിയാകാത്തതു്? കത്തോലിക്കരായ സാധാരണജനങ്ങൾ വേദപുസ്തകം വായിക്കരുതു് എന്നു കരുതിട്ടാണോ? സി. എം. എസു കാരും മററും എത്രയോ മുമ്പു വേദപുസ്തകം പരിഭാഷപ്പെടുത്തി!

ഉ: വേദപുസ്തകത്തിലെ എല്ലാം ഭാഗങ്ങളും മലയാളഭാഷയിലേക്കു പരിഭാഷപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതാണ്. പഴയനിയമം ഏതാനും വർഷങ്ങൾക്കുമുമ്പു മംഗലപ്പുഴ സെമ്മിനാരിയിൽനിന്നും തർജ്ജിമചെയ്തു പ്രസിദ്ധംചെയ്യുകയുണ്ടായി. ചില ഭാഗങ്ങൾ ഇതിനകം വിററു തീർന്നുപോയെന്നു തോന്നുന്നു. പഴയനിയമം മാന്നാനത്തുനിന്നു, ഓരോ ഭാഗങ്ങളായി തർജ്ജിമചെയ്തു പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. വേദപുസ്തകം സാധാരണജനങ്ങൾ വായിക്കരുതെന്നു യാതൊരു മുടക്കമില്ല അവർ അതു വായിക്കരുതെന്ന ഉദ്ദേശ്യമോ അവർകൂടി അതു വായിച്ചാൽ കത്തോലിക്കാസഭയുടെ നിലയ്ക്കു കോട്ടംതട്ടുമെന്ന ഭീതിയോ സഭയ്ക്കില്ല. (1948 മേയ് 21 ലെ സത്യദീപം, ചോദ്യോത്തരപംക്തി നോക്കുക) എന്നാൽ വേദപുസ്തകം ആരും ദുർവ്യാഖ്യാനം ചെയ്യരുതെന്നു സഭയ്ക്കു നിഷ്കർഷയുണ്ട്. ഏതൊരുവനും ഇഷ്ടംപോലെ വേദപുസ്തകം വ്യാഖ്യാനിക്കാവുന്നതാണെന്ന പ്രോട്ടസ്റ്റൻറുകാരുടെ അഭിപ്രായത്തെ സഭ ശക്തിയുക്തം പ്രതിഷേധിക്കുകയും ചെയ്യുന്നു.

സി. എം. എസു. കാരോ മററുതെങ്കിലും പ്രോട്ടസ്റ്റൻറുവിഭാഗക്കാരോ വേദപുസ്തകം നേരത്തെ മലയാളത്തിലേക്കു തർജ്ജിമചെയ്തുവെങ്കിൽ, അതിൽ ഇത്രമാത്രം അഭിനന്ദനത്തിനു വകയില്ല. അവരുടെ വീക്ഷണഗതിയിൽ കത്തോലിക്കരുടേതിനെ അപേക്ഷിച്ചുള്ള മൗലികവ്യത്യാസമാണ് അവർ അങ്ങനെ പ്രവർത്തിക്കാൻ കാരണം. വേദപുസ്തകമാണു വിശ്വാസത്തിന്റെ ഏകാധാരമെന്നത്രെ പ്രോട്ടസ്റ്റൻറുകാരുടെ സിദ്ധാന്തം. തൽക്കാരണത്താലും ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടെന്ന സത്യം അവർ പ്രായേണ അംഗീകരിക്കാത്തതിനാലും മുക്തിമാർഗ്ഗം ഉപദേശിക്കുവാനായി മററുള്ളവരെ സമീപിക്കുമ്പോൾ വേദപുസ്തകത്തിന്റെ ഒരു പ്രതികൂടി കൊടുക്കാതെ അവർക്കു ഗത്യന്തരമില്ലെന്നുവരുന്നു. കത്തോലിക്കാസഭയാകട്ടെ, വേദപുസ്തകം വിശ്വാസത്തിന്റെ ഏകാധാരമല്ലെന്നും, ക്രിസ്തുവിന്റെ ശിഷ്യന്മാർ വാമൊഴിയായി പഠിപ്പിച്ചവയും ആ മാർഗ്ഗത്തിൽക്കൂടിതന്നെ അനന്തരതലമുറകൾക്കു കരഗതമായവയും സഭാപിതാക്കന്മാരാൽ ഓരോരോ കാലങ്ങളിൽ രേഖപ്പെടുത്തപ്പെട്ടവയുമായ പാരമ്പര്യോപദേശസംഹിതയെയും പരിഗണിക്കേണ്ടതുണ്ടെന്നും, വേദപുസ്തകംതന്നെ വ്യാഖ്യാനിക്കേണ്ടതു് ഈ പാരമ്പര്യോപദേശത്തിന്റെ വെളിച്ചത്തിലാണെന്നും. വേദപുസ്തകത്തെയും പാരമ്പര്യോപദേശത്തെയും സംബന്ധിച്ച് ഔദ്യോഗികമായ വിധിപ്രസ്താവിക്കാനുള്ള അധികാരം സഭയ്ക്കാണുള്ളതെന്നും സിദ്ധാന്തിക്കുന്നു (1948 സെപ്റ്റംബർ 28-ലെ ചോദ്യോത്തരപംക്തി നോക്കുക.) വിശ്വാസികളെ പഠിപ്പിക്കുകയും ഭരിക്കുകയും വിശുദ്ധീകരിക്കയും ചെയ്യാനുള്ള ചുമതല ക്രിസ്തു താൻ സ്ഥാപിച്ച സജീവമായ സഭയെയാണ് ഭരമേല്പിച്ചിട്ടുള്ളതു്. ആകയാൽ വേദപുസ്തകം വായിക്കുന്നതിനു സാധാരണക്കാർക്കു കഴിവോ സൗകര്യമോ ഇല്ലാതിരുന്നാലും അവരെ രക്ഷാമാർഗ്ഗം കാണിച്ചുകൊടുക്കാൻ സാധിക്കുമെന്നു സഭയ്ക്കുറപ്പുമുണ്ട്. തന്നിമിത്തം ഇക്കാര്യത്തിൽ സഭയ്ക്കു യാതൊരു പരിഭ്രമത്തിനും അവകാശമില്ല.

ചോ: "പ്രോട്ടസ്റ്റൻറുകാർ വിശ്വസിക്കുന്ന വേദപുസ്തകത്തിനുപുറമേ കത്തോലിക്കർക്കു അപ്പോക്രിഫ എന്ന പേരിൽ ഏതാനും പുസ്തകങ്ങൾ ഉണ്ടെന്നു സത്യദീപത്തിൽ മുമ്പൊരിക്കൽ കാണുകയുണ്ടായി. എന്നാൽ അതിന്റെ പരിഭാഷ കത്തോലിക്കരുടെ ഇടയിൽപ്പോലും കാണാത്തതു എന്തായിരിക്കാം? പ്രോട്ടസ്റ്റൻറുകാർ പറയുന്നതുപോലെ അവ ദൈവനിവേശിതങ്ങൾ അല്ലാത്തതുകൊണ്ടായിരിക്കുമോ?"

ഉ: "പ്രോട്ടസ്റ്റൻറുകാർ വിശ്വസിക്കുന്ന വേദപുസ്തകത്തിനുപുറമേ കത്തോലിക്കർക്കു അപ്പോക്രിഫ എന്ന പേരിൽ ഏതാനും പുസ്തകങ്ങൾ ഉണ്ടെന്നു" സത്യദീപത്തിൽ ചോദ്യകാരൻ കണ്ടതു 1951 ജാനുവരി 24-ലെ ചോദ്യോത്തരപംക്തിയിലെ ചോദ്യത്തിലായിരുന്നിരിക്കണം. ഒരു പ്രോട്ടസ്റ്റൻറുകാരൻ ഉന്നയിച്ച ചോദ്യമാണ് അതേപടി അവിടെ ഉദ്ധരിച്ചിരുന്നതു്. ആ ചോദ്യത്തിനു അവിടെ നല്കിയിരുന്ന ഉത്തരവുംകൂടി ചോദ്യകാരൻ ഓർത്തിരുന്നെങ്കിൽ, അഥവാ ആ ഭാഗം ഒന്നുകൂടി വായിക്കുന്നതിനു ശ്രദ്ധിച്ചിരുന്നെങ്കിൽ, ഇങ്ങനെയൊരു ആക്ഷേപം കൊണ്ടുവരേണ്ട ആവശ്യം നേരിടുകയില്ലായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ വേദപുസ്തകത്തെ അപേക്ഷിച്ച് കത്തോലിക്കരുടെ വേദപുസ്തകത്തിൽ കൂടുതലായുള്ള ഭാഗങ്ങളെ പ്രോട്ടസ്റ്റൻറുകാർ "അപ്പോക്രിഫ" (അപ്രാമാണികങ്ങൾ) എന്നുവിളിക്കുന്നെങ്കിലും കത്തോലിക്കർ അവയെ "ദ്യൂത്തെരോകാനോനിക്കൽ" (ദ്വിതീയ കാനോനിൽപ്പെട്ടവ; അല്പകാലവിളംബത്തിനുശേഷംമാത്രം സാർവ്വത്രികാംഗീകാരം സിദ്ധിച്ചവ എന്നു സാരം) എന്നാണു വിളിക്കുന്നതെന്നും അവിടെ ചൂണ്ടിക്കാണിച്ചിരുന്നു. അവയുടെയെല്ലാം പരിഭാഷ കത്തോലിക്കാ വേദപുസ്തകത്തിലുണ്ട്. ഇല്ലെന്നുള്ള ആക്ഷേപം വാസ്തവവിരുദ്ധമാണ്. ഉദാഹരണമായി, വി. യാക്കോബിന്റെ ലേഖനം പ്രോട്ടസ്റ്റൻറുകാരുടെ ദൃഷ്ടിയിൽ അപ്രാമാണികം (അപ്പോക്രിഫൽ) ആണ്. കത്തോലിക്കരുടെ ദൃഷ്ടിയിലതു പ്രാമാണികമാണ്; ദൈവനിവേശിതമാണ്. കത്തോലിക്കരുടെ പരിഭാഷയിൽ അതില്ലേ എന്നു പരിശോധിച്ചുനോക്കുക. ഇവയ്ക്കെല്ലാം പുറമെ, സാക്ഷാൽ അപ്രാമാണികങ്ങൾ (അപ്പോക്രിഫ) ആയവയും കത്തോലിക്കർകൂടി അങ്ങനെ പരിഗണിക്കുന്നവയുമായ ചില ഗ്രന്ഥങ്ങളുണ്ട്. ഉദാ: വി. പത്രാസിന്റെ സുവിശേഷം. അവ ദൈവനിവേശിതങ്ങളല്ല. അവ പരിഭാഷപ്പെടുത്തേണ്ട ആവശ്യമില്ല; കത്തോലിക്കർ അവ പരിഭാഷപ്പെടുത്തുന്നുമില്ല.

ചോ: "വേദപുസ്തകത്തിൽ എത്ര ഗ്രന്ഥങ്ങൾ ഉണ്ടെന്നു ചോദിച്ചാൽ വിദ്യാഭ്യാസമുള്ള ചില കത്തോലിക്കർ പോലും നക്ഷത്രമെണ്ണുന്നതായി കാണുന്നു. വൈദികർ എന്തുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ അവരിൽനിന്നും മറച്ചുവയ്ക്കുന്നതു്?"

ഉ: മതകാര്യങ്ങളിൽ പൊതുവേയുള്ള അജ്ഞതയാണു അങ്ങനെ ചില അഭ്യസ്തവിദ്യർ "നക്ഷത്രമെണ്ണു"ന്നതിനുകാരണം; അല്ലാതെ വൈദികരുടെ തന്ത്രമല്ല. ലൗകികവിഷയങ്ങളിൽ സമ്പാദിച്ചിട്ടുള്ളിടത്തോളം പാണ്ഡിത്യം മതവിഷയങ്ങളിൽ അവർ സമ്പാദിച്ചിട്ടില്ലെന്നു സാരം. അതു ആരുടെ കുററംകൊണ്ടായാലും, ഇത്തരംകാര്യങ്ങൾ പ്രത്യേകിച്ച് ബൈബിളിലെ ഗ്രന്ഥങ്ങളുടെ എണ്ണം മുതലായ സംഗതികൾ വൈദികർ മനഃപൂർവ്വം അവരിൽനിന്നും മറച്ചുവയ്ക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പഴയനിയമത്തിൽ നാല്പത്തിയാറും പുതിയ നിയമത്തിൽ ഇരുപത്തിയേഴും, അങ്ങനെ ആകെ 73 ഗ്രന്ഥങ്ങളാണു ബൈബിളിൽ ഉള്ളതെന്നു സത്യദീപത്തിൽതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. പക്ഷേ പ്രോട്ടസ്റ്റൻറുകാർ ചെയ്യുന്നതുപോലെ, വേദപുസ്തകത്തെ വിശ്വാസത്തിന്റെ ഏകാവലംബമായി വിശ്വാസികളുടെ മുമ്പിൽ കത്തോലിക്കാ സഭാധികാരികൾ അവതരിപ്പിക്കുന്നില്ലെന്നുള്ളതു പരമാർത്ഥമത്രെ. ദൈവനിവേശിതമെന്ന നിലയിൽ ബൈബിളിൽ ഏററവും വലിയ ബഹുമാനം അർഹിക്കുന്നെങ്കിലും, അതിലുള്ള ഗ്രന്ഥങ്ങളുടെ എണ്ണവും അവയിലുള്ള ചില വാക്യങ്ങളും പഠിക്കുന്നതുകൊണ്ടുമാത്രം ഒരാൾ രക്ഷപ്രാപിക്കയില്ലെന്ന സംഗതിയും അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

[സത്യദീപത്തിലേക്കു ചോദ്യങ്ങൾ അയക്കുമ്പോൾ അവ അയക്കുന്ന ആളുടെ പൂർണ്ണമായ മേൽവിലാസം കാണിച്ചിരിക്കണം.]

---

രിക്കുന്നതിൽ വിമുഖരാകാതിരിക്കുന്നതു് സമുദായപുരോഗതിക്കു് ഗണ്യമായ ഒരു പുണ്യമായിരിക്കും.

---


### പള്ളിസാമാനങ്ങൾ

പിച്ചളകത്തിസാൽ, ഫ്ളവർവാസ്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും

എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണ്.


ഫാത്തിമാബാലസമിതി

# വിളംബരം

പ്രിയകുട്ടികളേ,

കഴിഞ്ഞദിവസങ്ങളിൽ ഈശോയുടെ ജ്ഞാനസ്നാനത്തെപ്പററിയാണല്ലോ നമ്മൾ സംസാരിച്ചുകൊണ്ടിരുന്നതു്. ഈശോ മററുള്ളവരെപ്പോലെ വെള്ളത്തിൽ ഇറങ്ങി. എന്നാൽ തലപൊങ്ങിപ്പുറത്തായപ്പോൾ ഒരത്ഭുതസംഭവമുണ്ടായി. സുവിശേഷകന്മാർ പറയുന്നതുപോലെ ആകാശം തുറക്കപ്പെട്ടു. പരിശുദ്ധാരൂപി മാടപ്രാവിന്റെ രൂപത്തിൽ അവിടുത്തെമേൽ എഴുന്നള്ളി വിശ്രമിച്ചു. അപ്പോൾ കേൾക്കാം ആകാശത്തിൽനിന്നും ഒരു ശബ്ദം: "ഇതു് എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ നന്നേ പ്രസാദിച്ചിരിക്കുന്നു" എന്നു്.

ഈ അത്ഭുതസംഭവം മറിയത്തിന്റെ പുത്രനായ ഈശോ സാക്ഷാൽ ദൈവപുത്രനുംകൂടിയാണെന്നു് സാക്ഷ്യംവഹിച്ചു. ആകാശത്തിലുണ്ടായ വിസ്മയകരമായ അടയാളങ്ങൾ യോഹന്നാൻ ദർശിച്ചു, മാടപ്രാവിനെ കണ്ടു, അശരീരിവാക്യം കേൾക്കുകയും ചെയ്തു. ഇതിന്റെയെല്ലാം അർത്ഥം സമ്യക്കായി ഗ്രഹിക്കയുംചെയ്തു. പക്ഷേ, സാധാരണജനങ്ങൾക്കൊന്നും വ്യക്തമായില്ല അവർ പൂർണ്ണമായി ഒന്നും ഗ്രഹിച്ചില്ലെന്നു തോന്നുന്നു. കുറെക്കഴിഞ്ഞിട്ടു് യോഹന്നാനിൽനിന്നാണ് അവർ മുഴുവനും മനസ്സിലാക്കിയതു്. ആ അവസരത്തിൽ യോഹന്നാന്റെ വിശ്വാസപ്രഖ്യാപനത്തെ ശരിവയ്ക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യണമെന്നു മാത്രമേ ദൈവം നിശ്ചയിച്ചിട്ടുണ്ടായിരുന്നുള്ളുവെന്നുവരാം.

ദിവ്യരക്ഷകന്റെ ജീവിതനാടകത്തിലെ രണ്ടാംരംഗം മാമ്മോദീസകൊണ്ടാരംഭിക്കുന്നു. മാടപ്രാവിന്റെ ആഗമനം, പിതാവിന്റെ വിളംബരം, ഇവ ഈശോയുടെ പരസ്യപ്രവർത്തനങ്ങളുടെ സ്വഭാവം കുറിക്കുന്നവയാണ്. "ഇതു് എന്റെ പുത്രനാകുന്നു"വെന്നാണല്ലോ പിതാവിന്റെ പ്രഖ്യാപനം. അതെ, നസ്രസിലെ ഈശോ ദൈവപുത്രനാണ്. അദ്ധ്യാപകൻ, പുരോഹിതൻ, രാജാവു് എന്നീ നിലകളിൽ തനിക്കുള്ള അധികാരമാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നതു്. മാത്രമല്ല, അവിടുന്നു് പഠിപ്പിക്കുന്നതു്, ബലിയർപ്പിക്കുന്നതു്, നിയമങ്ങൾ നടപ്പിൽവരുത്തുന്നതു്, എന്നുവേണ്ട, ചെയ്യുന്നതെല്ലാം ദൈവത്തിനു പ്രസാദകരങ്ങളുമാണ്. സ്വർഗ്ഗീയനാദത്തിലെ രണ്ടാംഭാഗവും പരിശുദ്ധാരൂപിയുടെ വരവും ഇതു് വ്യക്തമാക്കുന്നു.

ഈശോയുടെ പരസ്യജീവിതം മാമ്മോദീസായോടുകൂടെ ആരംഭിച്ചതിനും, അന്നേരം പ്രസ്തുതസംഭവങ്ങൾ നടന്നതിനും ഒരു പ്രത്യേകസൂചനയുണ്ട്. തന്റെ അനുയായികൾ അവരുടെ ആദ്ധ്യാത്മികജീവിതം മാമ്മോദീസായോടുകൂടെ ആരംഭിക്കണം. അതു് ഒരു കടമയായി അവിടുന്നുതന്നെ പിന്നീടു് വ്യവസ്ഥചെയ്യുന്നതാണ്. അങ്ങനെ നാം ജീവിതം ആരംഭിക്കുമ്പോൾ നമ്മുടെ ആത്മാവിൽ നടക്കുന്ന മാററങ്ങളാണ് പ്രസ്തുത അത്ഭുതസംഭവങ്ങളിൽ നാം ദർശിക്കുക. വെള്ളംകൊണ്ടുള്ള കഴുകൽ പാപക്കറയിൽനിന്നു് ആത്മാവു് വിമുക്തമാകുന്നതിനേയും, മാടപ്രാവിന്റെ ആഗമനം പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താൽ നാം ദൈവത്തിന്റെ ദത്തുപുത്രന്മാർ ആകുന്നതിനേയും ആകാശത്തിൽ കണ്ട മാററം അഥവാ തുറക്കൽ, സ്വർഗ്ഗപ്രാപ്തിക്കു് നമ്മുടെ ആത്മാവു് അർഹമാകുന്നതിനേയും സൂചിപ്പിക്കുന്നു.

മേൽപ്പറഞ്ഞ അനുഗ്രഹങ്ങൾ മാമ്മോദീസാ വഴിയായി നാം ഓരോരുത്തരും പ്രാപിച്ചതാണ്. നമുക്കുവേണ്ടി തുറക്കപ്പെട്ട സ്വർഗ്ഗത്തെ നാംതന്നെ അടച്ചുകളയരുതു്. തിരിച്ചറിവുവന്നതിനുശേഷം ഗൗരവമായ യാതൊരു പാപവും ചെയ്യാത്ത കുട്ടികളും, യുവാക്കന്മാരും അനവധിയുണ്ട്. നിങ്ങൾ എല്ലാവരും മരണംവരെ അങ്ങനെ ജീവിക്കണമെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ പാപഭാരവും വഹിച്ചുകൊണ്ടു് യോർദാനാൻ നദിയിൽ ഇറങ്ങി, മാമ്മോദീസാജലത്തിനു പ്രസ്തുത ശക്തികൾ സമ്പാദിച്ചുവെച്ച ഈശോ ഇതു് അത്യധികം അഭിലഷിക്കുന്നു. നിങ്ങളിൽ ആരെങ്കിലും ഇപ്പോൾ പാപക്കറ പുരണ്ടവരാണെങ്കിൽ, രണ്ടാമത്തെ മാമ്മോദീസാ എന്നു വിളിക്കപ്പെടാവുന്ന കുമ്പസാരം വഴിയായി വീണ്ടും ശുദ്ധിയുള്ളവരാകുകയും ഇനിയെങ്കിലും പാപച്ചെളിയിൽ വീഴാതെ സൂക്ഷിക്കുകയും ചെയ്യുവിൻ.

ഗൃഹപാഠം: എഴുതാത്തവർ ഒററപ്പ്

...... ആരും എഴുതിയിട്ടില്ലേ? ...... അതു മോശമായിപ്പോയി... പോൾ എന്താണു് മന്ത്രിക്കുന്നതു്? പോൾമാത്രം നില്ക്കട്ടെ. ബാക്കി എല്ലാവരും ഇരിക്കിൻ... ...അല്ലാം മണി അടിക്കുന്നല്ലോ. പോളും ഇരുന്നോളു. എല്ലാവരും വേഗം എഴുതണം.

"സദൂക്യർ എന്ന വാക്കിന്റെ അർത്ഥം ന്യായസ്ഥന്മാർ എന്നാണ്. യഹൂദന്മാരായിരുന്നു അവരും. വേദപുസ്തകം മുഴുവനും അക്ഷരാർത്ഥത്തിൽ മാത്രം വ്യാഖ്യാനിക്കയും അതനുസരിച്ചുമാത്രം ജീവിക്കയും ചെയ്തതുകൊണ്ടാണ് ഈ പേര് അവർക്കു കിട്ടിയതു്. പാരമ്പര്യനടപടികളെ അവർ സ്വീകരിച്ചിരുന്നില്ല. അന്യമതക്കാരുമായി വളരെ അടുത്തു പെരുമാറിവന്നതുകൊണ്ടു് യഹൂദമതവിശ്വാസത്തിൽ പലതും ക്രമേണ ഉപേക്ഷിച്ചുകളഞ്ഞു. ഉദാഹരണമായി ആത്മാവിന്റെ അമർത്ത്യത, മരിച്ചവരുടെ ഉയിർപ്പു മുതലായ പല വേദസത്യങ്ങളും അവർ നിഷേധിച്ചിരുന്നു. അവരിൽ അധികംപേരും ധനികരും ഉദ്യോഗസ്ഥന്മാരും ആയിരുന്നതുകൊണ്ടു് അവർക്കു് സാമാന്യജനങ്ങളുടെ ഇടയിൽ വലിയ സ്വാധീനശക്തി ഉണ്ടായിരുന്നു. എങ്കിലും ഈ ഇടത്തട്ടുകാരെ ജനക്കൂട്ടം ആത്മനാ വെറുക്കുകയാണ് ചെയ്തതു. ഫരിസേന്മാരും സദൂക്യരും ജന്മശത്രുക്കളായിരുന്നു. അതിനുള്ള കാരണം സ്പഷ്ടമാണല്ലോ. മിശിഹായെ കുരിശിൽതറയ്ക്കുന്ന ഒരൊററകാര്യത്തിൽമാത്രമേ അവർ യോജിച്ചു പ്രവർത്തിച്ചിട്ടുള്ളു. മിശിഹായുടെ സഭയെ പീഡിപ്പിക്കുന്നവരുടേയും പ്രവർത്തനരീതിയും ഇതുതന്നെ."

അടുത്തദിവസത്തേക്കു്: ഹേറോദേശ് ആരായിരുന്നു?

എന്നു്, സ്വന്തം കൊച്ചച്ചൻ.

# പുനരൈക്യപ്രത്യവലോകനം

(റവ. ഫാദർ ഗീവറുഗീസ്, പീടികയിൽ, ഓമല്ലൂർ)

(തുടർച്ച)

### സത്യാന്വേഷണസംരംഭം

റോമാസഭ മൂഢാചാരങ്ങളും അന്ധവിശ്വാസങ്ങളും വിഗ്രഹാരാധനയും ഉള്ള ഒരു സഭയാണെന്നുള്ള ധാരണയാൽ ജനങ്ങൾ അതിനെ പുച്ഛിച്ചുതള്ളിയിരിക്കയായിരുന്നു. പ്രോട്ടസ്റ്റൻറുകാരുടെ ഉപദേശംമൂലം ഈ ദേശങ്ങളിൽ ആ ധാരണ ശക്തീഭവിക്കയുംചെയ്തു. ആ സഭയുടെ തത്വങ്ങൾ അറിയുന്നതിനോ അവരുമായി ഇടപെടുന്നതിനോ യാതൊരു സൗകര്യവും ഉണ്ടായിരുന്നില്ല. ചങ്ങനാശേരിക്ക് ഇപ്പുറം കത്തോലിക്കാസ്ഥാപനങ്ങളോ കത്തോലിക്കാവൈദികരോ കണ്ടികാണുവാൻപോലും ഇല്ലായിരുന്നു. എന്നാൽ കേരളത്തിൽ പല സഭകളുണ്ടെങ്കിലും സാധുവായ പട്ടത്വവും കൂദാശകളും ഉള്ള ഒരു സഭയാണ് റോമാസഭ എന്നും യാക്കോബായക്കാർക്ക് അടുത്തു പെരുമാറാവുന്ന ഒരു സഭ അതുമാത്രമാണെന്നും ഉള്ള വിശ്വാസമാണ് എനിക്ക് ഉണ്ടായിരുന്നത്. ഈ ഘട്ടത്തിൽ കത്തോലിക്കാസഭയെപ്പറ്റി ശരിയായി ഒന്നു മനസ്സിലാക്കണമെന്നുള്ള ജിജ്ഞാസ എന്നിൽ കടന്നുകൂടുകയും ബോംബെയിലെ ഫർട്ടാഡോ (Furtado Co:) കമ്പനിയിൽനിന്നു ഗിബൺസ് കർദ്ദിനാളിന്റെ "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" (Faith of our Fathers) എന്ന പുസ്തകവും, ഒരു ജസ്വീറ്റ് വൈദികനായ റവ: സ്പിറാഗോയുടെ വിശദീകരിക്കപ്പെട്ട വേദോപദേശം (Catechism explained) എന്ന പുസ്തകവും വരുത്തിവായിക്കുകയും റോമൻ കത്തോലിക്കാസഭയെപ്പറ്റി എനിക്കുണ്ടായിരുന്ന തെററിദ്ധാരണകൾ നീങ്ങിത്തുടങ്ങുകയുംചെയ്തു. മിശിഹായുടെ സ്വഭാവം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, കുർബ്ബാനയുടെ വസ്തുഭേദം ബലിപുക്കാനാ, പരിശുദ്ധകന്യകമറിയാമ്മിന്റെ അമലോത്ഭവം ഇവ യാക്കോബായ വിശ്വാസങ്ങളുമായി താരതമ്യപ്പെടുത്തിയതിൽ സംഗതിയിൽ വ്യത്യാസമില്ലെന്നും അവ വ്യത്യസ്തമായ നാമംകൊണ്ടു പരിച്ഛേദിക്കപ്പെട്ടിട്ടില്ലാത്ത യാക്കോബായ വിശ്വാസമാണെന്നും മനസ്സിലായി. ഇങ്ങനെ റോമാസഭയും ഒരു സഹോദരീസഭയാണെന്നുള്ള ബോധത്തിൽ ഏതാനും കഴിച്ചുകൂട്ടി. കൊല്ലം ബിഷപ്പായ ബെൻസിഗർ തിരുമേനി, പുത്തൻകുർ സുറിയാനിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനത്തിനായി ബെ: ബെ: ലോറൻസ് അച്ചനെ (പരേതനായ കോട്ടാർബിഷപ്പ്) നിയമിക്കയും അദ്ദേഹം ചാത്തന്നൂർ കേന്ദ്രമാക്കി തന്റെ വേല ആരംഭിക്കയും ചെയ്തിരുന്നു. വേദപ്രചാരവേലയിൽ അദ്ദേഹത്തെ സഹായിപ്പാനായി വരുത്തിയിരുന്ന കർമ്മലീത്താ വൈദികന്മാരിൽ ഒരാളായ ബെ: ഗ്രിഗോറിയോസച്ചൻ 1923-ൽ എന്റെ വസതിയിൽവരുകയും അദ്ദേഹവുമായി കത്തോലിക്കാസഭയെപ്പററിയും വിശ്വാസാചാരങ്ങളെപ്പററിയും സംസാരിക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിക്കയുമുണ്ടായി. എന്റെ ജീവിതത്തിൽ ആദ്യമായി പരിചയപ്പെട്ട ഒരു പണ്ഡിതവൈദികനാണു ഫാദർ ഗ്രിഗറി. അദ്ദേഹംമൂലം "ഔവർ സൺഡേ വിസിററർ" എന്ന അമേരിക്കൻ പ്രതിവാരിക എനിക്കു ലഭിക്കുന്നതിനും അതു പതിവായിവായിക്കുന്നതിനും ഇടയായി. എന്റെ മാനസാന്തരത്തിനു ഏററം സഹായിച്ച ഒരുപത്രമായിരുന്നു അത്. അതിനുമുമ്പായി തിരുഹൃദയദൂതൻ, കർമ്മലകുസുമം എന്നീ മാസികകളും ഞാൻ വരുത്തിവായിച്ചുകൊണ്ടിരുന്നു.

### കളം ഒരുക്കൽ

മതപരമായ സംഗതികളിൽ തീക്ഷ്ണതയുള്ളവരും പൂർവ്വികവിശ്വാസാചാരങ്ങളോടു വളരെ ഭക്തിയുള്ളവരുമായ എന്റെ ഇടവകയിൽപ്പെട്ട വിശ്വസ്തന്മാരായ ചിലരോടു കത്തോലിക്കാസഭയെപ്പററി ഞാൻ അവസരംപോലെ പ്രസ്താവിച്ചുകൊണ്ടിരുന്നു. ഇവരിൽ പ്രമുഖൻ പരേതനായ മി. കെ. എം. വറുഗീസു വക്കീലായിരുന്നു. ഇദ്ദേഹം ശ്രീ അന്തപ്പായിയാൽ ഭാഷാന്തരീകരിക്കപ്പെട്ട "സുമാർഗ്ഗപ്രകാശിക" എന്ന ഗ്രന്ഥം വായിച്ചു കത്തോലിക്കാസഭയെപ്പററി നല്ല മതിപ്പിലിരുന്ന വിശ്വാസിയും ജനസമ്മതനും എന്റെ ബാല്യകാലഗുരുവും ആയിരുന്നു. ഞങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും പരസ്പരാശയവിനിമയവും ഞങ്ങളെ വിശ്വാസത്തിൽ ഏകമതിഭാവത്തിൽ നിലനിറുത്തിയിരുന്നു. ഞായറാഴ്ചതോറുമുള്ള പ്രാർത്ഥനായോഗങ്ങളിൽ മി: വറുഗീസ് ഈ സംഗതികൾ മററുള്ളവരെ ധരിപ്പിക്കുകയും കാര്യവിവരമുള്ളവരെ ആകർഷിക്കുകയും ചെയ്തു. കൂടാതെ ഞാൻ മാന്നാനത്തുനിന്നും മതപരമായ ലഘുലേഖകൾ ധാരാളംവരുത്തി ജനങ്ങൾക്കു കൊടുക്കുകയുണ്ടായി. എന്റെ പള്ളിപ്രസംഗങ്ങളിൽ കത്തോലിക്കരുടെ വിശ്വാസദാർഢ്യത്തേയും അനുസരണത്തേയും പററിയും യാക്കോബായസഭയുടെ ശോച്യാവസ്ഥയെപ്പററിയും ഉദ്ബോധിപ്പിച്ചിരുന്നതുംകൂടാതെ ദൈവമാതാവിന്റെ ലുത്തിനിയാ പള്ളിയിൽ പരസ്യമായി പ്രാർത്ഥിക്കയുംചെയ്തുകൊണ്ടിരുന്നു. ഈ പ്രകാരമുള്ള പ്രചരണവേലകൾമൂലം എന്റെ സ്വന്തം ഇടവകയായ പുത്തൻപീടികയിൽ എല്ലാവർക്കും കത്തോലിക്കാസഭയെപ്പററി മതിപ്പും അതിലെ വിശ്വാസാചാരങ്ങളെപ്പററി പ്രതിപത്തിയും ക്രമേണ വളന്നുകൊണ്ടിരുന്നു. ഈ പഠനത്തിൽ പൂർവ്വികസഭകളുടെ ചരിത്രവും ചിന്താവിഷയമായി. തന്മൂലം കൂനൻകുരിശുസത്യത്തിനുമുമ്പ് യാക്കോബായക്കാർ ഉണ്ടായിരുന്നില്ലെന്നും അതിനു ശേഷമാണ് പരദേശത്തുനിന്നും യാക്കോബായബന്ധം ഇവിടെ ഉണ്ടായതെന്നും യാക്കോബായസഭ പരദേശത്തു 5-ാം നൂററാണ്ടിലെ ഏകസ്വഭാവവിശ്വാസത്തിൽനിന്നും ഉളവെടുത്തതും 6-ാം നൂററാണ്ടിൽ യാക്കോബു ബുർദ്ദാനയാൽ സ്ഥാപിക്കപ്പെട്ടതുമായ ഒരു സഭയാണെന്നും ഉള്ള ധാരണയിൽ എത്തിച്ചേർന്നു. അതിനാൽ കത്തോലിക്കാസഭയോടു ഐക്യപ്പെടേണ്ടതു് എങ്ങനെയെന്നുള്ള സംഗതി ചിന്താവിഷയമായി. കത്തോലിക്കരോ കത്തോലിക്കാസ്ഥാപനങ്ങളോ അടുത്തെങ്ങുമില്ല. അതിലെ ആരാധനകളും പ്രാർത്ഥനകളും അപരിചിതവുമാണ്. അന്വേഷണത്തിൽ കോട്ടയം രൂപതയിൽ അന്ത്യോഖ്യൻ റീത്ത് അനുവദിച്ചിട്ടുണ്ടെന്നും, ശ്രമിച്ചാൽ അതുപോലെ ഞങ്ങൾക്കും അനുവദിച്ചുകിട്ടുമെന്നുമുള്ള വിചാരം ഉണ്ടായി. ഈ സംഗതി 1924-ൽ കേരളം സന്ദർശിച്ച വിസിററർ അപ്പസ്തോലിക്കാ തിരുമേനിയെ കണ്ടു നിവേദനം ചെയ്യുന്നതിനായി ഞാൻ എറണാകുളത്തുപോയി, കത്തീഡ്രൽപള്ളി വികാരിയായിരുന്ന ബെ. ബെ. മോൺസിഞ്ഞോർ നടുവത്തുശേരി അച്ചന്റെ അതിഥിയായി താമസിച്ചുകൊണ്ടു ചൂളപ്പറമ്പിൽ തിരുമേനി വഴിയായി വിസിററർ അപ്പസ്തോലിക്കാ തിരുമേനിയെ കാണുന്നതിനും നിവേദനം സമർപ്പിക്കുന്നതിനും ഇടയായി. ഈ സംഗതി പൗരസ്ത്യതിരുസംഘത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാമെന്നും മററും കല്പിച്ചു തിരുമേനി എന്നെയും എന്റെ ഉദ്യമത്തേയും ആശീർവ്വദിച്ചു. അന്ത്യോഖ്യൻ റീത്ത് എനിക്കു അനുവദിച്ചുകിട്ടുന്നതിലേക്കുള്ള മറെറാരപേക്ഷ എറണാകുളം ആർച്ചുബിഷപ്പു തിരുമേനിക്കു സമർപ്പിക്കയുണ്ടായി ഞങ്ങളുടെ പുനരൈക്യസംരംഭങ്ങൾ മലങ്കരയുള്ള യാക്കോബായ സുറിയാനിക്കാരായ എല്ലാവരുടേയും ചിന്തയ്ക്കു വിഷയീഭവിപ്പിക്കണമെന്നു വിചാരിച്ചു. "നമ്മുടെ സഭയുടെ ഭാവി" എന്ന പേരിൽ ഒരു ലഘുലേഖ പ്രസിദ്ധീകരിക്കണമെന്നു തീരുമാനിച്ചു. ലഘുലേഖയിലെ ഉള്ളടക്കങ്ങളും പ്രധാന പോയിൻറുകളും ഞാൻ കൊടുക്കയും സഹോദരന്മാരായ മെസ്സേഴ്സ് കെ. എം. വറുഗീസും കെ. എം. ഈശോയും കൂടി അതു ആകർഷകമായ ഭാഷയിലും രീതിയിലും തയ്യാറാക്കി പ്രസിദ്ധീകരിക്കയും ചെയ്തു. ലഘുലേഖയുടെ അനേകം പ്രതികൾ സഭയിലെ ഇതരഭാഗത്തുമുള്ള മേലദ്ധ്യക്ഷന്മാർക്കും വൈദികന്മാർക്കും സമുദായപ്രധാനന്മാർക്കും അയച്ചുകൊടുത്തു. എന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ ഉദ്യമങ്ങളെ സ്വാഗതം ചെയ്തുകൊണ്ടു പലരും എനിക്കു പിൻതുണയും വാഗ്ദാനം ചെയ്യുകയുണ്ടായി. ഇതോടുകൂടി ഇവിടെയും പരിസരങ്ങളിലും ഉള്ള എല്ലാം സ്ഥലങ്ങളിലും കത്തോലിക്കാസഭയോടു കൂടുതൽ അനുഭാവമുണ്ടായി. ഈ അവസരത്തിൽ മലങ്കരമെത്രാപ്പോലീത്തായും എന്റെ മാർഗ്ഗദർശനമായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസു തിരുമേനി എഴുന്നെള്ളിയിരുന്ന പരുമലസെമിനാരിയിലേക്ക് എന്നെ വിളിക്കുകയും എന്റെ മതപരിവർത്തനത്തെപ്പററി എന്നോടു ചോദിക്കുകയും മതവിഷയങ്ങളെപ്പററി ദീർഘനേരം സംസാരിക്കുകയും ചെയ്തു. എന്റെസംശയങ്ങൾക്കു തിരുമേനി നല്കിയ സമാധാനം എനിക്കു തൃപ്തികരമായില്ല. ഈ അവസരത്തിൽ ചങ്ങനാശ്ശേരി രൂപതയുടെ വേദപ്രചാരഡയറക്ടറായിരുന്ന റവ. ഫാദർ ഡോമിനിക്കു തോട്ടാശ്ശേരി എം. എ എൽ ററി. ഈ സംരംഭത്തിൽ ഞങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒന്നുരണ്ടുപ്രാവശ്യം ഇവിടെ വരികയുണ്ടായി. തൽഫലമായി എനിക്ക് അന്ത്യോക്യൻറീത്ത് അനുവദിപ്പിച്ചുകൊണ്ടു കത്തോലിക്കാ സഭയോടുപുനരൈക്യപ്പെടുന്നതിനു് അദ്ദേഹം ഞങ്ങൾക്കുവേണ്ടി കൊല്ലംബിഷപ്പുമായി ആലോചന നടത്തി. വൃദ്ധനായ എന്റെ പിതാവിനു അന്ത്യോഖ്യൻ റീത്തു അനുവദിക്കാമെന്നും ഞാൻ കൽദായ സുറിയാനി തക്സാ പഠിച്ചു് ആ റീത്തിൽ കുർബ്ബാന ചൊല്ലണമെന്നുമാണു് കൊല്ലം ബിഷപ്പായ ബെൻസിഗർ തിരുമേനി നിർദ്ദേശിച്ചതു്. (തുടരും)

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശൂർ,
വില്ലിങ്ങ്ടൺ ഐലൻറ്




ശ വറാം)

കോളെജിൽനിന്നും അന്നു ലില്ലി നേരത്തെ തിരിച്ചുവന്നു. ഒരാഴ്ചയായി തനിക്കും സിനിമയിലെ പെണ്ണുങ്ങളെപ്പോലെ സൈക്കിളോടിച്ചുകൊണ്ടു തെരുവിൽക്കൂടി പോകണമെന്നൊരാശ ലില്ലിയിൽ കടന്നുകൂടിയിട്ട്. അവളുടെ കൂട്ടുകാരിൽ ചിലർ സൈക്കിൾ പഠിച്ചിട്ടുണ്ടെന്നും അവർ വീട്ടിന്റെ മുററത്തുകൂടി സൈക്കിളോടിക്കാറുണ്ടെന്നുമെല്ലാം പറഞ്ഞുകേട്ടിട്ടുണ്ട്. അതല്ലാതെ തന്നെ ചില പരിഷ്കൃതയുവതികൾ ടൗണിൽക്കൂടി സൈക്കിളോടിച്ചുപോകുന്നതും അവൾ കണ്ടുകഴിഞ്ഞു. പാഠങ്ങൾ പഠിച്ചില്ലെങ്കിലും പള്ളിയിൽ പോയില്ലെങ്കിലും സൈക്കിൾസവാരി ചെയ്യണമെന്നാണ് ലില്ലിയുടെ ആഗ്രഹം.

അപ്പച്ചന്റെ സൈക്കിൾ ചായിപ്പിൽ വെച്ചിരിക്കുന്നു. ചെറിയാച്ചൻ പതിവായി അപ്പച്ചന്റെ സൈക്കിൾ വൃത്തിയായി തുടച്ചുവയ്ക്കാറുണ്ട്. ചെറിയാച്ചൻ അതിൽ കയറിയാണ് സൈക്കിളോട്ടം അഭ്യസിച്ചതു്. അതിൽ അപ്പച്ചനോ അമ്മച്ചിയോ അവനോടു് ദേഷ്യപ്പെട്ടിരുന്നില്ല. ഒരിക്കൽ വഴിയേ പോയ ഒരു കലച്ചട്ടക്കാരന്റെ പുറത്തു് സൈക്കിളിടിച്ച് അയാളുടെ പത്തുപന്ത്രണ്ടു കുടവും സൈക്കിളിന്റെ ഫോർക്കും തകർത്തതൊഴിച്ചു ചെറിയാൻ സൈക്കിളിൽനിന്നും വീണിട്ടില്ല.

കുറച്ചു സൈക്കിളെണ്ണയും അടുത്തുവച്ചു ചെറിയാൻ സൈക്കിൾ ഒരു പഴംതുണികൊണ്ടു തുടയ്ക്കുകയാണ്.

"എടാ, ചെറിയാച്ചാ മതിയതു തുടച്ചതു് അതൊന്നു് എടുത്തു മുററത്തു വയ്ക്കുക. ഞാനൊന്നു കേറി പഠിക്കട്ടെ. ഞാൻ വീഴാതെ നീ പിടിച്ചുകൊണ്ടാൽ മതി." ലില്ലി അവളുടെ തലമുടിയുടെ പകുതി പിന്നി പുറകിലോട്ടിട്ടു് മററ പകുതി പിന്നാൻ ആരംഭിച്ചുകൊണ്ടു് അനുജനോടു് ആജ്ഞാപിച്ചു


"വേച്ചി മഹാമ്മചാമയണ്ട. സായിപ്പിന്റെ നാട്ടിൽ പെണ്ണുങ്ങൾ സൈക്കിളോടിക്കും കാറോടിക്കും മററും ചെയ്യുമെന്നുകരുതി നമ്മുടെ പെണ്ണുങ്ങളതിനു പോകണ്ടന്നാ അന്നപ്പച്ചൻ പറഞ്ഞതു്. അതുകൊണ്ടു് ഞാനിതെടുത്തു മുററത്തിറക്കില്ല."

സൈക്കിളിന്റെ പിൻചക്രം 80 മൈൽ സ്പീഡിൽ കറങ്ങുകയാണ്. ചെറിയാച്ചൻ അതിനിടയ്ക്കു് എണ്ണയൊഴിച്ചുകൊടുക്കയാണ്. അനുജന്റെ ഉപദേശം ഒട്ടും രസിക്കാത്ത ലില്ലി ചെറിയാച്ചനെ കുനിഞ്ഞു തള്ളിമാററാനായി മുന്നോട്ടുകുതിച്ചു. "നീ പഠിപ്പിച്ചില്ലെങ്കിൽ ഞാൻ തനിയെ പഠിച്ചുകൊള്ളാം." ക്രർ... ർ...ർ...ർ...ർ. "എന്റമ്മേ—അപ്പച്ചോ—എന്റെ തലമുടി—ഹോ!" ലില്ലി ഉറക്കെ നിലവിളിച്ചു. തുമ്പിക്കൈപോലെ നീളത്തിൽ പിന്നിക്കൊണ്ടിരുന്ന അവളുടെ തലമുടി യാദൃച്ഛികമായി കറങ്ങിക്കൊണ്ടിരുന്ന സൈക്കിൾച്ചക്രത്തിൽ അകപ്പെട്ടുപോയി. ചെറിയാൻ ചാടി സൈക്കിളിന്റെ ബ്രേക്കുപിടിച്ചു ലില്ലി ബലമായി തല ഒരുകണക്കിനു വലിച്ചെടുത്തു. നിറഞ്ഞ കണ്ണുകളോടെ അവൾ അവിടെ ഓടിക്കൂടിയ ആളുകളുടെ മദ്ധ്യത്തിൽ നിലകൊണ്ടു.

ഇന്നു് ലില്ലി സൈക്കിൾ കണ്ടാൽ ഭയപ്പെടും. കറങ്ങിക്കൊണ്ടിരിക്കുന്ന യന്ത്രങ്ങളുടെ മുമ്പിൽ അഴിഞ്ഞവസ്ത്രങ്ങളും പിന്നിയ മുടിയും അശ്രദ്ധയും ഒക്കെയായി നടന്നാലുള്ള അനുഭവം ലില്ലി വേദനിച്ചുതന്നെ പഠിച്ചു.

നമ്മുടെ വീടുകളിൽ ഇങ്ങനെയുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ്. അനുകരണഭ്രമം പലരെയും അപകടത്തിലാക്കും. സായിപ്പു പുകവലിക്കുന്നല്ലോ പിന്നെന്തുകൊണ്ടു നമുക്കു് പാടില്ല. മദാമ്മ സൈക്കിൾസവാരിയും ബാറുവേലകളും ചെയ്യുമ്പോൾ നമ്മുടെ പെണ്ണുങ്ങൾക്കു് എന്തുകൊണ്ടു പാടില്ല എന്നു ചോദിച്ചാൽ അവരുടെ നാട്ടിലതെല്ലാം യോജിക്കും എന്നും നമ്മുടെ ആചാരമര്യാദകളെ തുടച്ചുനീക്കാൻ നമ്മളുടെ നാട്ടിലേക്ക് നാം എത്തിയിട്ടില്ലെന്നും മാത്രമേ മറുപടിപറയാനുള്ളൂ.

ഏതായാലും ഏതു പ്രവൃത്തി ചെയ്യുമ്പോഴും ആപത്തുകൾ വന്നുകൂടാതെ ശ്രദ്ധിക്കുക. (തുടരും)



# വിശുദ്ധപദപ്രഖ്യാപനം

(സി. റ്റി. കൊട്ടാരം)

ഒരാളെ ധന്യനെന്നോ വിശുദ്ധനെന്നോ നാമകരണംചെയ്യുന്നതിനുള്ള സമസ്താവകാശങ്ങളും ഇപ്പോൾ തിരുസിംഹാസനത്തിന് റിസർവ്വ ചെയ്യപ്പെട്ടിരിക്കയാണെന്നും, നാമകരണനടപടികൾ ആരംഭിക്കാറുള്ളത് ഏതു സാഹചര്യങ്ങളിലാണെന്നും, രൂപതാദ്ധ്യക്ഷൻ നടത്തേണ്ട പ്രാരംഭനടപടികൾ ഏവയെന്നും, റീത്തുകളുടെ തിരുസംഘം ഔപചാരികമായി കേസ് സ്വീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത തിരുസംഘത്തിന്റെ അധികാരത്തിലും നിയന്ത്രണത്തിലും നടത്തപ്പെടുന്ന നടപടിക്രമം (The Apostolic Process) അപ്പസ്തോലിക്ക് നടപടിക്രമം എന്ന പേരിൽ അറിയപ്പെടുന്നുവെന്നും കഴിഞ്ഞ ലേഖനത്തിൽ വിവരിച്ചിരുന്നു.



അപ്പസ്തോലിക്ക് നടപടിക്രമത്തെപ്പറ്റിയാണ് ഇനി പ്രതിപാദിക്കുവാൻ പോകുന്നത്. അതിനുമുമ്പ് പ്രസ്തുത നടപടികളിൽ സജീവമായും ഔദ്യോഗികമായും പങ്കെടുക്കുന്നവരെപ്പറ്റി സംക്ഷിപ്തമായിട്ടെങ്കിലും പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഏതൊരു നാമകരണക്കേസിനും ഒരു അപേക്ഷകൻ (Petitioner) ഉണ്ടായിരിക്കണം; ആ കേസിലെ പ്രധാന തല്പരകക്ഷിയും അയാൾതന്നെയായിരിക്കുമല്ലോ. തല്പരകക്ഷിക്കു നേരിട്ടോ ഒരു കാര്യനിർവ്വാഹകൻ (Procurator) മുഖേനയോ കേസു നടത്താവുന്നതാണ്. കോടതിയുടെ മുമ്പിൽ കേസിന്റെ തല്പരകക്ഷിയായി പ്രത്യക്ഷപ്പെട്ട് കേസുകാര്യങ്ങൾ അന്വേഷിക്കുന്നയാളെ കേസിന്റെ കാര്യവാദി (Postulator of the Cause) യെന്നു വിളിക്കുന്നു. പോസ്റ്റുലേറ്റർ (കാര്യവാദി) റോമിൽ താമസിക്കുന്ന ഒരു വൈദികനായിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. കേസുസംബന്ധിച്ചുള്ള സകല തെളിവുകളും ഹാജരാക്കുവാൻ ബാദ്ധ്യസ്ഥനാണ് പോസ്റ്റുലേറ്റർ. കേസുകൾ സംബന്ധിച്ച് പ്രത്യേകപഠനം നടത്തുന്നതിനും, കേസിന് അനുകൂലമായോ പ്രതികൂലമായോ ഉള്ള എല്ലാ വാദമുഖങ്ങളും ഉന്നയിക്കുന്നതിനും മാറുമായി "റീത്തുകളുടെ തിരുസംഘ"ത്തിൽപ്പെട്ട ഒരു കർദ്ദിനാളെ മാർപ്പാപ്പാ സ്പെഷൽ ഓഫീസറായി നിയമിക്കാറുണ്ട്. ഈ കർദ്ദിനാൾ ആ കേസിന്റെ കാർഡിനൽ റിലേറ്റർ (Cardinal Relator) എന്ന പേരിൽ അറിയപ്പെടും. ഓരോ കേസും നിയമപരമായിത്തന്നെ പുരോഗമിക്കുന്നുണ്ടോ എന്നു നോക്കുവാനും, യുക്തമെന്നു തോന്നുന്നവരെ സാക്ഷികളായി നിർദ്ദേശിക്കുവാനും, കോടതിയിൽ ഹാജരാക്കപ്പെടുന്ന തെളിവുകൾ സൂക്ഷ്മം പരിശോധിക്കുവാനും, ന്യായമെന്നു തോന്നുന്ന തടസ്സങ്ങൾ അപ്പഴപ്പോൾ ഉന്നയിക്കുവാനും, സത്യാവസ്ഥ വെളിപ്പെടുത്തുന്നതിനുപകരിക്കുന്ന പ്രശ്നാവലി തയാറാക്കി സാക്ഷികളെ ക്രോസ്ചെയ്യുവാനും മാറുമായി ഒരുദ്യോഗസ്ഥൻ തിരുസംഘത്തിലുണ്ട്. അദ്ദേഹം "വിശ്വാസപാലകൻ" (Promoter of the Faith) എന്നാണ് ഔദ്യോഗികമായി അറിയപ്പെടുന്നതെങ്കിലും "പിശാചിന്റെ വക്കീൽ" (Devil's Advocate) എന്നാണ് സാധാരണ ജനങ്ങൾ അദ്ദേഹത്തെ വിളിച്ചുവരാറുള്ളത്. കോടതിയുടെ നടപടികൾ രേഖപ്പെടുത്തുന്നത് "നോട്ടറി"യും റിക്കാർട്ടുകൾ സൂക്ഷിക്കുന്നത് "ചാൻസലറു"മാണ്. കോടതിയിൽ ഹാജരായി കേസു വാദിക്കുന്നതിന് വക്കീലന്മാരെ ഏർപ്പെടുത്തുവാൻ കാര്യവാദിക്കവകാശമുണ്ട്. വക്കീലന്മാർ കാനൻ നിയമത്തിൽ ബിരുദനേടിയിട്ടുള്ള വൈദികന്മാരായിരിക്കണമെന്നു നിയമം അനുശാസിക്കുന്നു.

നാമകരണക്കേസിൽ തെളിവുശേഖരണം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഭാഗമാണ്. ദൈവദാസന്റെ ജീവിതവിശുദ്ധി, അത്ഭുതങ്ങൾ ഇവയുടെ കീർത്തിയും യാഥാർത്ഥ്യവും തെളിയിക്കുന്നതിന് പ്രത്യേകം പ്രത്യേകം സാക്ഷികൾ ആവശ്യമാണ്. അത്ഭുതസംഭവങ്ങളുടെ കാര്യത്തിൽ കഴിവുള്ളിടത്തോളം ദൃക്സാക്ഷികളെത്തന്നെ വിസ്തരിച്ചു തെളിവുശേഖരിക്കണമെന്നുണ്ട്. ദൈവദാസന്റെ കുമ്പസാരക്കാരന് പാപസങ്കീർത്തനത്തോടനുബന്ധിച്ചു ലഭിച്ചിട്ടുള്ള യാതൊരറിവും വെളിപ്പെടുത്താവുന്നതല്ല. നാമകരണക്കേസ് സംബന്ധിച്ചുള്ള അപ്പസ്തോലികനടപടികൾ ആരംഭിച്ചുകഴിഞ്ഞാൽ ദൈവദാസന്റെ സൽകീർത്തിയെയോ അത്ഭുതങ്ങളെയോ പ്രതികൂലമായി സ്പർശിക്കുന്ന എന്തെങ്കിലും വിവരം അറിയാവുന്നവർ ആ വിവരം കോടതിയെ അറിയിക്കുവാൻ കടപ്പെട്ടിട്ടുണ്ട്. പത്താംപീയൂസ് മാർപ്പാപ്പായെ ധന്യനെന്നു വിളിക്കുന്നതിനുള്ള നടപടി നടന്നുകൊണ്ടിരുന്നപ്പോൾ തിരുമേനി നൽകിയ മഹാദാൻ ശിക്ഷയ്ക്കു വിധേയനായ ഒരു വൈദികൻ വളരെയധികം തടസ്സങ്ങൾ രേഖപ്പെടുത്തി അയച്ചിരുന്നതായും അവയൊക്കെയും ചർച്ചാവിഷയമായതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

കേസിന്റെ അപ്പസ്തോലികനടപടി സമാരംഭിച്ചാലുടൻ പ്രാരംഭാന്വേഷണങ്ങൾ നടത്തിയ രൂപതാദ്ധ്യക്ഷനോട് വീണ്ടും ഒരു കോടതി ഏർപ്പെടുത്തുവാൻ ആജ്ഞാപിച്ചുകൊണ്ട് മാർപ്പാപ്പാ തിരുമേനി ഒരു കല്പന പുറപ്പെടുവിക്കും. റീത്തുകളുടെ തിരുസംഘാദ്ധ്യക്ഷൻ മുഖേനയായിരിക്കും ഈ കല്പന രൂപതാദ്ധ്യക്ഷനയച്ചുകൊടുക്കുന്നത്. ഈ കോടതിയിലെ അഞ്ചു ന്യായാധിപന്മാരേയും ഔപചാരികമായി നിയമിക്കുന്നത് റീത്തുകളുടെ തിരുസംഘമായിരിക്കും; രൂപതാദ്ധ്യക്ഷൻ ന്യായാധിപന്മാരിൽ ഒരാളായിരുന്നാൽ ന്യായാധിപസമിതിയുടെ പ്രസിഡണ്ടും അദ്ദേഹംതന്നെയായിരിക്കും; അല്ലാത്തപക്ഷം തിരുസംഘം നേരിട്ട് അദ്ധ്യക്ഷനെ നിയമിക്കുന്നതാണ്. (സിസ്റ്റർ അൽഫോൻസായെ സംബന്ധിച്ച് പ്രാരംഭാന്വേഷണങ്ങൾ പൂർത്തിയാക്കി റീത്തുകളുടെ തിരുസംഘത്തിനയച്ചുശേഷമേ നാമകരണനടപടികൾ സ്വീകരിക്കണമോ വേണ്ടയോ എന്നു തിരുസംഘം തീരുമാനിക്കയുള്ളു. ആ തീരുമാനം അനുകൂലമെങ്കിൽ അപ്പസ്തോലികനടപടികളും ആരംഭിക്കും.)

അപ്പസ്തോലികനടപടിയുടെ ഭാഗമായി രൂപതയിൽ നിയമിതമാകുന്ന ഈ കോടതിയുടെ അന്വേഷണപരിധിയിൽപെടുന്ന കാര്യങ്ങൾ രണ്ടാണ്: 1) ദൈവദാസന്റെ ജീവിതവിശുദ്ധി, അത്ഭുതങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള കീർത്തിയെപ്പറ്റി അന്വേഷിച്ച് തെളിവുകൾ ശേഖരിക്കുക. 2) ദൈവദാസന്റെ പുണ്യങ്ങൾ, അത്ഭുതങ്ങൾ ഇവയുടെ യാഥാർത്ഥ്യം അന്വേഷിച്ചറിയുക. അത്ഭുതങ്ങളെസംബന്ധിച്ചുള്ള അന്വേഷണവേളയിൽ വിദഗ്ദ്ധനായ ഒരു ഡോക്ടറെക്കൂടി കോടതിയുടെ അംഗമായി സ്വീകരിക്കുവാൻ പാടുണ്ട്. മേല്പറഞ്ഞ അന്വേഷണം പൂർത്തിയാകുന്നതിനുമുമ്പ് ദൈവദാസന്റെ ശവകല്ലറ തുറക്കുന്നതിനും അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനും കോടതിക്കധികാരമുള്ളതാണ്.

രൂപതക്കോടതിയുടെ അന്വേഷണങ്ങൾ പൂർത്തിയായാലുടൻ വിശദമായ റിപ്പോർട്ടും സംഗതങ്ങളായ എല്ലാ രേഖകളും കോടതിയിൽനിന്നും നേരിട്ട് റീത്തുകളുടെ തിരുസംഘത്തിലേക്കയയ്ക്കപ്പെടുന്നു. ഇവയെല്ലാം തിരുസംഘം ക്ലിപ്തമായി പരിശോധിക്കുന്നതാണ്. അതിനെത്തുടർന്ന് തിരുസംഘത്തിന്റെ ഔപചാരികമായ ഒരു യോഗം നടത്തപ്പെടും. ഈ യോഗത്തിൽ രൂപതക്കച്ചേരിയിൽനിന്നയച്ച റിപ്പോർട്ടിന്റേയും രേഖകളുടെയും സാധുതയെപ്പറ്റി ചർച്ച നടക്കും. തീരുമാനം അനുകൂലമാണെങ്കിൽ മാർപ്പാപ്പായുടെ അംഗീകാരത്തോടുകൂടി രൂപതക്കോടതിയുടെ നടപടികളുടെ സാധുത (Validity) പ്രഖ്യാപിക്കുന്ന ഒരു ഡിക്രി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

(തുടരും)

കുടുംബപംക്തി

# ക്രിസ്തീയകുടുംബം

(ഫാദർ ലൂയിസ് വടക്കംചേരി)

1949 നവംബറിൽ വാഷിംഗ്ടണിൽ കൂടിയ കോൺഫറൻസിന്റെ അവസാനം അതിൽ സംബന്ധിച്ച കർദ്ദിനാളന്മാരും മെത്രാപ്പോലീത്താമാരും മെത്രാന്മാരുംകൂടി പുറപ്പെടുവിച്ച സംയുക്തപ്രസ്താവനയിലെ ചിലഭാഗങ്ങൾ താഴെ ചേർക്കുന്നു:-

### ഇന്നത്തെലോകം കുടുംബത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്നോ?

കുടുംബജീവിതത്തെ അലങ്കോലപ്പെടുത്തുവാനുള്ള ഇന്നത്തെ ലോകത്തിന്റെ വ്യഗ്രതയല്ലേ മനുഷ്യസമുദായത്തിൽ വിശ്വാസാധഃപതനത്തിന് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കുവാനുള്ളത്? നേരെമറിച്ച് കുടുംബജീവിതത്തിന്റെ പാവനതയെ പരിപാലിക്കയും, മനുഷ്യസമുദായത്തിൽ അതിനുള്ളസ്ഥാനം വകവയ്ക്കുകയും, സമുദായത്തിന്റെ സുസ്ഥിതിക്കും പുരോഗതിക്കും അതെത്രകണ്ട് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന ലോകമാണ് വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നത്. എന്നാൽ, ഇന്നത്തെലോകം കുടുംബത്തേയും കുടുംബജീവിതത്തേയും താറുമാറാക്കാൻ കരുതിക്കൂട്ടി പലവഴിക്കും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നത് നിർഭാഗ്യകരമായ ദുരവസ്ഥയാണ്. കുടുംബകലഹങ്ങൾക്ക് പരിഹാരമായി വിവാഹമോചനത്തെ അതുപദേശിക്കുന്നു. ദാരിദ്ര്യത്തെ ദൂരീകരിക്കാനെന്ന വ്യാജേന ജുഗുപ്സാവഹവും പ്രകൃതിവിരുദ്ധവുമായ ജനനനിയന്ത്രണംവഴി കുടുംബത്തിലെ അംഗസംഖ്യ വെട്ടിക്കുറയ്ക്കുവാൻ അതു വെമ്പൽകൊള്ളുന്നു. അതേസമയം കുടുംബജീവിതത്തിനാവശ്യമായ സൗകര്യങ്ങൾ [illegible]ച്ചുകൊടുക്കുന്നതിനോ, പ്രതിബന്ധ[illegible]ളെ തരണംചെയ്യാൻ വേണ്ട ഒത്താശകൾ ചെയ്യുന്നതിനോ രാഷ്ട്രം മുതിരുന്നില്ല. കുടുംബജീവിതത്തിനാവശ്യമായ ഭവനനിർമ്മാണം, ജീവസന്ധാരണത്തിനുവേണ്ടത്ര പോംവഴികൾ ഇവയെപ്പറ്റിയുള്ള രാഷ്ട്രത്തിന്റെ കർത്തവ്യബോധം അപലപനീയംതന്നെ.

ഇവയെല്ലാം കുടുംബജീവിതത്തിന്റെ നേർക്കുള്ള പ്രത്യക്ഷസമരസന്നാഹങ്ങളായേ കരുതാവൂ. ഇവയെ ഏതുപ്രകാരം പ്രതിരോധിക്കാമെന്നാണ് ചിന്തിക്കാനുള്ളത്. കുടുംബത്തേയും, കുടുംബവും വ്യക്തികളും തമ്മിലും കുടുംബവും രാഷ്ട്രവും തമ്മിലുമുള്ള ബന്ധത്തെയും പറ്റി തിരുസ്സഭ എന്തു പഠിപ്പിക്കുന്നുവെന്ന് ആദ്യമായി ചിന്തിക്കാം.

### കുടുംബം ദൈവസ്ഥാപിതമാണ്

വിശ്വാസത്തിന്റെ വെളിച്ചത്തിൽ കുടുംബം ദൈവസ്ഥാപിതമാണ്. അതിന്റെ കർത്താവ് ദൈവമാകയാൽ മനുഷ്യന് അതിന്മേൽ കർത്തൃത്വമോ നിയന്ത്രണാധികാരമോ ഇല്ല. അവന് യഥേഷ്ടം അതിന്റെ സ്വാഭാവികക്രമങ്ങളെ തകിടംമറിക്കാനും പാടില്ല. അതു ദൈവത്തിന്റെ കരവേലയാകയാൽ അതിനോടുള്ള ഏതൊരു സമരവും ദൈവത്തോടുള്ള വെല്ലുവിളിയാണ്. ആകയാൽ നിർഭാഗ്യകരമായി അതു കലാശിക്കും.

ഭാര്യാഭർത്താക്കന്മാർ കൂടുമ്പോൾ വൈവാഹികസമുദായം ഉളവാകുന്നുവെന്നതു യുക്തിയും വിശ്വാസവുമാണ്. അവരുടെ വൈവാഹികജീവിതം സന്താനലബ്ധിയാൽ അനുഗൃഹീതമാകുമ്പോൾ അതൊരു കുടുംബമായി രൂപംപ്രാപിക്കുന്നു. അപ്പോഴും അതു ദൈവസ്ഥാപിതമായ സ്വാഭാവികസമുദായമാണ്. പാരമ്പര്യത്തിൽ ഭൂമുഖത്തുള്ള ഏതൊരു രാജ്യത്തിന്റേയും രാഷ്ട്രത്തിന്റേയും മുമ്പേയാണതു്. അതു സമുദായത്തിന്റെ ആണിക്കല്ലുതന്നെ. അതിനു പ്രകൃതിജന്യമായ അവകാശങ്ങളുണ്ട്. അവയിൽ കൈകടത്തുവാൻ യാതൊരു രാഷ്ട്രത്തിനും അവകാശാധികാരമില്ല. അതിനെ സംരക്ഷിക്കാനും സേവിക്കാനും സഹായിക്കാനും മാത്രമായിട്ടാണ് രാഷ്ട്രങ്ങൾ സ്ഥാപിതമായിട്ടുള്ളതു്.

### മഹത്തരമായ സാമുദായിക പ്രബുദ്ധത

സാമൂഹികശാസ്ത്രപടുക്കളും എന്നുവേണ്ട വിവേകവും സംസ്കാരവും നിറഞ്ഞ ഏവരും കുടുംബത്തിനു വ്യക്തികളിലുള്ള പ്രേരണാശക്തിയെ ഏററുപറയും. വ്യക്തി തന്റെ സ്വഭാവരൂപവത്കരണത്തിന്റെ പ്രക്ഷുബ്ധമായ ആ നാളുകൾ കുടുംബത്തിന്റെ മടിത്തട്ടിലാണ് കഴിച്ചുകൂട്ടുന്നതു്. ഒരു കുഞ്ഞിനെ വളയംചെയ്യുന്ന വെറും യാദൃച്ഛികസംഭവങ്ങളെയല്ല കുടുംബം സൃഷ്ടിക്കുന്നതു്, പിന്നെയോ അതു് അവന്റെ നിത്യവിദ്യാലയവും ജീവിതസരണിയുമാണ്. ആകയാൽ ഒരു വ്യക്തിയുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഒരു കുടുംബത്തിനുള്ള കഴിവു് വലുതാണ്.

കുടുംബമാണ് രാഷ്ട്രത്തിന്റെ അവസാനഘടകം. ആകയാൽ കുടുംബത്തിന്റെ സുസ്ഥിതിയാണ് ഒരു രാഷ്ട്രത്തിന്റെ ശക്തി. കുടുംബത്തേയും ദൈവസ്ഥാപിതമായ അതിന്റെ ബന്ധങ്ങളേയും വലിച്ചെറിഞ്ഞ് രാഷ്ട്രസ്കൂളുകളിൽ പൗരന്മാരെ വാർത്തെടുക്കുവാൻ ശ്രമിക്കുന്ന രാജ്യം മുത്തുമാലയെ പന്നികളുടെ മുമ്പിൽ വലിച്ചെറിയുന്നതുപോലെ മൗഢ്യം പ്രവർത്തിക്കുന്നു. കുടുംബജീവിതത്തെ ബലഹീനപ്പെടുത്തുന്ന രാഷ്ട്രം ആത്മഹത്യാപരമായി പ്രവർത്തിക്കുന്നു.

കുടുംബത്തിന് തിരുസ്സഭയിലുള്ള സ്ഥാനം സുപ്രധാനമാണ്. മനുഷ്യപുത്രൻ തിരുസ്സഭയെ സ്ഥാപിച്ചപ്പോൾ അതു് ഒരു കുടുംബമായി സ്ഥാപിച്ചു. അതിന്റെ അംഗങ്ങൾ അതിനെ മാതാവെന്നു വിളിക്കയുംചെയ്യുന്നു. ആ തിരുസ്സഭയിലെ കുടുംബങ്ങൾക്ക് (കത്തോലിക്കാകുടുംബങ്ങൾക്ക്) മാത്രമേ യഥാർത്ഥ കുടുംബജീവിതത്തിന്റെ മാധുരിയും ശാന്തിയും അനുഭവിച്ചറിയാനും വിലമതിക്കാനും കഴിയൂ. തിരുസ്സഭാമാതാവ് വിവാഹമെന്ന കൂദാശവഴി കുടുംബജീവിതത്തിനാവശ്യമായ അനുഗ്രഹാശിസ്സുകൾ തന്റെ സന്താനങ്ങൾക്ക് പകർന്നുകൊടുത്തുകൊണ്ടിരിക്കുന്നു. ഇന്നത്തെ ദൈവപരിപാലനയിൽ തിരുസ്സഭയുടെ അഭിവൃദ്ധിയും നിലനില്പും അതുപോലെതന്നെ വിശ്വാസികളുടെ പുണ്യാഭിവൃദ്ധിയും കത്തോലിക്കാകുടുംബജീവിതത്തെ ആശ്രയിച്ചിരിക്കുന്നു.

### കുടുംബവും രാഷ്ട്രവും

കുടുംബജീവിതം വ്യക്തികളുടേയും, രാഷ്ട്രത്തിന്റേയും തിരുസ്സഭയുടേയും അവശ്യഘടകമാണെന്നു് തെളിഞ്ഞല്ലോ. ആകയാൽ ഉത്തമകുടുംബജീവിതത്തിന്റെ സുരക്ഷിതാവസ്ഥയ്ക്കും വളർച്ചയ്ക്കും ആവശ്യമായ എല്ലാവറേറയും സുക്ഷ്മത്തോടെ പരിപോഷിപ്പിക്കുക രാഷ്ട്രത്തിന്റെ കടമയത്രെ. കുടുംബം സമാഗ്ഗനിഷ്ഠയിലും ക്രമീകരണത്തിലും സംരക്ഷിക്കപ്പെടുകയെന്നതു് മാനവസമുദായത്തിന്റെതന്നെ ഒരാവശ്യമാണ്.

കുടുംബജീവിതം, അതിനാൽ, ഉദ്ദേശിക്കപ്പെടുന്നഫലം പൂർണ്ണമായി ഉല്പാദിപ്പിക്കണമെങ്കിൽ അതു സ്ഥിരമായി നിലനില്ക്കുന്നതായിരിക്കണം. അധികപക്ഷം ഇക്കാര്യം വിവാഹത്തിന്റെ സ്ഥിരതയേയും നിലനില്പിനേയും ആശ്രയിച്ചിരിക്കും.

വിവാഹമോചനത്തെ ലാക്കുവച്ചുകൊണ്ടുള്ള ഏതൊരു വിവാഹത്തിനും ഒരിക്കലും സന്താനങ്ങൾക്കു വേണ്ടത്ര സംരക്ഷണയോ രക്ഷിതത്വമോ നൽകാനോ കുടുംബത്തിന്റെ പാവനമായ അന്തരീക്ഷമാധുരി ആസ്വദിക്കുന്നതിനോ കുടുംബജീവിതരൂപിയെ മക്കളിലേക്കു പകരുന്നതിനോ സാദ്ധ്യമല്ല. മാത്രമല്ല ഭാര്യാഭർത്താക്കന്മാർക്ക് വിവാഹജീവിതകടമകളുടെ നിർവഹണത്തിൽ യഥാർത്ഥസന്തുഷ്ടിയോ സമാധാനമോ കൈവരുത്തുവാനും തമ്മിലുള്ള ആത്മവിശ്വാസം കാക്കാനും പ്രയാസം.

കുടുംബം ഒരു പൂർണ്ണസമുദായഘടകമാകയാൽ സ്വാതന്ത്ര്യമാണ്. ഭാര്യാഭർത്തൃജീവിതസരണിയിൽ അനധികൃതമായി രാഷ്ട്രം കൈകടത്തരുതു്. ഈ സ്വാതന്ത്ര്യത്തിനു് രണ്ടുവശമുണ്ട്. ആദ്യമായി രാഷ്ട്രം കുടുംബത്തിന്റെ സ്വാഭാവികാവകാശങ്ങളെ ആദരിക്കണം. അതായതു് സ്വന്തമായ കിടപ്പിടവും ഭവനവും

ഉണ്ടാകുന്നതിനവേണ്ട എല്ലാം ഒത്താശകളും രാഷ്ട്രം ചെയ്യണം. വിദ്യാഭ്യാസവിഷയത്തിൽ വേണ്ടത്ര പ്രോത്സാഹനങ്ങളും സൗകര്യങ്ങളും നല്കണം. കൂടാതെ നികുതി നല്കുന്ന പൗരന്മാർക്ക് എല്ലാവിധ പൊതു ആനുകൂല്യങ്ങളും സൗകര്യങ്ങളും നല്കണം. രണ്ടാമതായി രാഷ്ട്രം ഒരിക്കലും കുടുംബത്തെ ഞെരുക്കരുത്. സ്വേഛാപ്രഭുത്വം വച്ചുപുലർത്തി കുടുംബങ്ങളെ അക്രമിക്കയോ വെറും താർഥികകാര്യങ്ങളെപ്പററി അനീതിപരമായ നിയമങ്ങളുണ്ടാക്കയോ ചെയ്യരുത്. തങ്ങളുടെ മക്കൾക്കുവേണ്ട വിദ്യാഭ്യാസം ഏതെന്നു നിർണ്ണയിക്കുന്നതിനും അതിനുചേർന്ന സ്കൂളുകൾ തിരഞ്ഞെടുക്കുന്നതിനുമുള്ള അവകാശം മാതാപിതാക്കന്മാർക്ക് സ്വാഭാവികമായുള്ളതാണ്. ആ അവകാശത്തെ അവഗണിക്കയോ കവർന്നെടുക്കയോ ചെയ്യാൻ രാഷ്ട്രത്തിനവകാശമില്ല. മാനസികവും സന്മാർഗ്ഗികവുമായ അധഃപതനത്തിനു കാരണമാകുന്ന വിഷയങ്ങളെ വിദ്യാഭ്യാസകോഡിൽ ഉൾപ്പെടുത്തുകയെന്നതും രാഷ്ട്രത്തിന്റെ അധർമ്മമാണ്. വിദ്യാഭ്യാസകാര്യത്തിൽ രാഷ്ട്രം നല്കുന്ന സൗകര്യങ്ങളെ മനഃപൂർവ്വം ഉപേക്ഷിക്കയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യാതിരിക്കാൻ കുടുംബത്തെ നിർബന്ധിക്കാനും വേണ്ടത്ര സഹായം ഈ വിഷയത്തിൽ ചെയ്തുകൊടുക്കാനുമാണ് രാഷ്ട്രം. ഇനിയും വർഗ്ഗീയചിന്തയാലോ മററൊ പൊതുമുതലിന്റേയും പൊതു ആനുകൂല്യങ്ങളുടേയും വിതരണത്തിൽ ചില കുടുംബങ്ങളെ തരംതിരിച്ചു ചെയ്യുന്ന ഉച്ചനീചത്വങ്ങൾ രാഷ്ട്രത്തിന്റെ വലിയ അനീതിയായിരിക്കും. ആകയാൽ വർജ്ജിക്കണം.

തിരുസ്സഭയ്ക്കു, ആകയാൽ, സന്താനങ്ങളുടെ ആദ്ധ്യാത്മികവും സന്മാർഗ്ഗികവുമായ വളർച്ചയ്ക്കുവേണ്ട നിയന്ത്രണാധികാരവും, മാതാപിതാക്കൾക്ക് അവരുടെ ശാരീരികവളർച്ചയ്ക്കും സാധാരണ വിദ്യാഭ്യാസത്തിനും ഉള്ള നിയന്ത്രണാധികാരവും, സമുദായത്തിനും രാഷ്ട്രത്തിനും വിദ്യാലയങ്ങൾവഴി തലമുറകളുടെ സംസ്കാരസമ്പത്തു് സന്താനങ്ങളിലേക്കു് പകർന്നുകൊടുക്കുന്നതിനുള്ള അവകാശാധികാരവും നിലകൊള്ളുന്നുവെന്നു സിദ്ധം.

മക്കൾ രാഷ്ട്രപൗരന്മാരാകുന്നതിനു മുമ്പായി മാതാപിതാക്കളുടെയാണെന്നു രാഷ്ട്രം സമ്മതിക്കണം. മാതാപിതാക്കളും മക്കളും തമ്മിലുള്ള സൗഹാർദ്ദബന്ധത്തെ പുലർത്തി സമുദായനന്മയ്ക്കായി അവർ പ്രവർത്തിക്കാൻ സഹായിക്കുകയാകുന്നു രാഷ്ട്രത്തിന്റെ ചുമതല. മക്കൾ ദൈവത്തിന്റെ സന്താനങ്ങളാകയാൽ ദൈവത്തിൽ എത്തിച്ചേരത്തക്കവണ്ണമാണു് അവർ വളരേണ്ടതു്. ഇതിനു് കുടുംബം പ്രധാനമായി മതത്തോടു് ഉത്തരവാദിത്വപ്പെട്ടുനില്ക്കണമെന്നതത്വം രാഷ്ട്രം സമ്മതിക്കണം. കൂടാതെ, കുടുംബം അതിന്റെ പൂർണ്ണമായ ഫലം ഉളവാക്കാൻ സാമ്പത്തികഭദ്രത അതിനു ഒഴിച്ചുകൂടാത്തതാകുന്നു. സമ്പന്നമായ രാഷ്ട്രം വിളവുവർദ്ധനവിനും വ്യവസായപുരോഗതിക്കും മാത്രം വ്യയം ചെയ്യുകയും രാഷ്ട്രത്തിന്റെ മൂലധനമായ സന്താനങ്ങളുടെ വളർത്തലിനു് വേണ്ടത്ര സഹായം ചെയ്യാതിരിക്കയും ചെയ്യുന്നതു് അസംഗതവും ചിലപ്പോൾ അനീതിയുമായിരിക്കും.

### കുടുംബത്തിലെ മതചൈതന്യം

കുടുംബത്തിനു് മതം അത്യന്താപേക്ഷിതമാണു്. കാരണം, കുടുംബജീവിതത്തിനു് വേണ്ടത്ര സന്മാർഗ്ഗബോധവും ഉത്തരവാദിത്വബോധവും ഉളവാക്കുന്നതു് മതത്തിന്റെ മഹത്വമേറിയ പ്രബോധനമാണു്. അതിനു് ദൈവത്തോടും ദൈവപ്രമാണങ്ങളോടും മതത്തോടും മതപ്രബോധനങ്ങളോടും കൂറുറബന്ധം ആവശ്യമാണു്. ദൈവവിശ്വാസത്തിലും ദൈവഭക്തിയിലും പുലരാൻ അതു പ്രാർത്ഥനയിലും പ്രാർത്ഥനാരൂപിയിലും വളരണം.

### നാം ഉണർന്നു പ്രവർത്തിക്കണം

കുടുംബം അതിന്റെ യഥാർത്ഥവും അത്ഭുതാവഹവുമായ ഫലം വിളയിക്കണമെങ്കിൽ ഈദൃശകാര്യങ്ങളൊക്കെ അതിനാവശ്യമാണു്. അതിന്റെ സ്ഥാപനത്തിലും നിലനില്പിലും അതു് അചഞ്ചലമായിരിക്കണം. അനധികൃതമായ രാഷ്ട്രത്തിന്റെ ഇടപെടലുകളിൽനിന്നും അതു് സ്വതന്ത്രമായിരിക്കണം. അതു് സാമ്പത്തികഭദ്രതയോടുകൂടിയിരിക്കണം. ഏററവുമുപരിയായി അതു് മതാത്മകമായിരിക്കണം.

# ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# ശെമവോൻ

(ഫാദർ എസ്. തേർമഠം എം. ഒ. എൽ.)

ലോകം ദർശിച്ചിട്ടുള്ള വ്യാകുലയാത്രകളിൽവച്ചേററവും ദാരുണമായ ഒന്നാണു് കുരിശു ചുമന്നുകൊണ്ടു് കൊലക്കളത്തിലേക്കുള്ള ക്രിസ്തുവിന്റെ യാത്ര. ആ വിലാപയാത്രയിൽ ശത്രുക്കൾ ക്രിസ്തുവിനോടു കാണിച്ച ക്രൂരതകൾ ദുഷ്ടമൃഗങ്ങളെക്കൂടി ലജ്ജിപ്പിക്കത്തക്ക വിധത്തിലായിരുന്നു. മനുഷ്യഹൃദയത്തിനു ക്രൂരതയിലേക്കു് എത്രമാത്രം ഇറങ്ങിച്ചെല്ലാമെന്നു് ആ യാത്രയിലെ സംഭവങ്ങൾ ലോകത്തെ മനസ്സിലാക്കി. മൃഗീയമായ നിരവധി മർദ്ദനങ്ങൾകൊണ്ടു മനുഷ്യാകൃതികൂടി നഷ്ടപ്പെട്ട ക്രിസ്തുവിനെ ഒരാട്ടിൻകുട്ടിയെ കശാപ്പുശാലയിലേക്കെന്നപോലെയാണു് രാജപാതയിൽക്കൂടെ വലിച്ചിഴച്ചുകൊണ്ടു പോയതു്. സ്വന്തം കുരിശു ചുമക്കുവാൻ ശേഷിയില്ലാതെ വഴിയിൽപലപ്രാവശ്യം വീണു് അത്യന്തം പരവശനായി വേച്ചുവേച്ചു പോകുന്ന ക്രിസ്തുവിനെ കൂടുതൽ പീഡിപ്പിക്കുവാൻ ഓരോരുത്തരും ഒരുങ്ങിയതല്ലാതെ ഏതെങ്കിലും ഒരു സഹായം ചെയ്യാൻ ആരും സ്വമനസ്സാ മുന്നോട്ടുവന്നില്ല. ബഹളംകേട്ടു് ആ വഴിയിൽക്കൂടി യാദൃഛികമായി കടന്നുപോയ കെവുറീൻകാരൻ ശെമ്വോനാണു് ക്രിസ്തുവിനെ സഹായിച്ചു് സ്വന്തം നാമം ലോകത്തിൽ അനശ്വരമാക്കിത്തീർക്കുവാനുള്ള മഹാഭാഗ്യമുണ്ടായതു്.

അദ്ദേഹത്തെപ്പററിയുള്ള പൂർണ്ണവിവരങ്ങളൊന്നുംതന്നെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവിടവിടെ ചിതറിക്കിടക്കുന്ന ചില രേഖകളെ കൂട്ടിച്ചേർത്തു് ഒരുപൂർണ്ണചരിത്രമെങ്കിലുമുണ്ടാക്കുവാൻ ചിലർ ശ്രമിച്ചുകാണുന്നുണ്ടു്. അദ്ദേഹത്തിന്റെ പേരും ജനനസ്ഥലവും രണ്ടു പുത്രന്മാരുടെ നാമങ്ങളും മാത്രമാണു് വേദപുസ്തകത്തിൽനിന്നു ലഭിക്കുന്നവിവരങ്ങൾ. "അലെക്സന്തോസിന്റെയും റോഫ്പാസിന്റെയും പിതാവും, വയലിൽനിന്നു വന്നു (ആ വഴി) കടന്നുപോയിരുന്നവനുമായ കെവുറീൻകാരൻ ശെമവോൻ എന്ന ഒരുത്തനെ അവന്റെ കുരിശെടുക്കുവാൻ അവർ നിർബന്ധിച്ചു."


ഈ അനുഗൃഹീതപുരുഷൻ ആരാണു്? യഹൂദനോ, പുറജാതിക്കാരനോ? ധനവാനോ ദരിദ്രനോ? പണ്ഡിതനോ പാമരനോ? ഇവകൾക്കെല്ലാം ശരിയായ സമാധാനം പറയുവാൻ ചരിത്രം നമ്മെ സഹായിക്കുന്നില്ല. അദ്ദേഹം അധഃകൃതവർഗ്ഗത്തിൽ ജനിച്ച ഒരു പുറജാതിക്കാരനാണെന്നുംകെവുറീനിൽനിന്നു ജറുസലമിൽ കുടിയേറിപ്പാർത്തവനാണെന്നും ചിലർ പറയുന്നുണ്ടു്. ഗ്രീക്കുഭാഷയിൽ സിമോനിദെസ്സു് എന്ന അദ്ദേഹത്തിന്റെ നാമം ലോപിച്ചു് ശെമ്വോൻ എന്നായതാണെന്നാണു് അവരുടെ അഭിപ്രായം. അദ്ദേഹം വയലിലെ വേല നിർത്തി വീട്ടിലേക്കു മടങ്ങുമ്പോഴായിരിക്കാം ഗാഗുൽത്തായിലേക്കു കുരിശു ചുമന്നുകൊണ്ടു പോകുന്ന ക്രിസ്തുവിനെ കണ്ടുമുട്ടിയതു്.

ക്രിസ്തുവിനുമുമ്പു വടക്കേ ആഫ്രിക്കയിൽ വളരെ പ്രാധാന്യമുള്ള ഒരു പട്ടണമായിരുന്നു കെവുറീൻ. ഈജിപ്തും ഗ്രീസ്സും ആയിട്ടു് അതിനു കച്ചവടബന്ധമുണ്ടായിരുന്നു. സാഹിത്യത്തിന്റെ വലിയൊരു കേന്ദ്രമായിരുന്നു ആ പട്ടണം. തത്വജ്ഞാനിയായ അറിസ്റ്റിപ്പസ്സും, കവികുഞ്ജരനായ കലിമാക്കൂസും, ആഥെൻസിൽ പുതിയ സാഹിത്യപരിഷത്തു് ആരംഭിച്ച കാർനെദെസും മററും കെവുറീൻകാരായിരുന്നു. സാംസ്കാരികമായി പട്ടണം വളരെ ഉയർന്നനിലയിലായിരുന്നുവെന്നതിനു വേറേയും തെളിവുകളുണ്ടു്.

ക്രിസ്തുവിനു 74 സംവത്സരങ്ങൾക്കുമുമ്പു പ്രസ്തുതരാജ്യം റോമൻ സീസറിന്റെ ചെങ്കോലിനു കീഴായി. പണംകൊണ്ടും പഠനംകൊണ്ടും ഉയർന്നനിലയിലെത്തിയിരുന്ന അനേകം യഹൂദന്മാർ അവിടെ അധിവസിച്ചിരുന്നു. അവരുടെ സംഖ്യ ഏതാണ്ടു് ഒരുലക്ഷത്തിലധികം ഉണ്ടായിരുന്നുവെന്നാണു് പറയുന്നതു്."

ഏതൊരു മേൽക്കോയ്മക്കും അത്ര എളുപ്പത്തിൽ വഴങ്ങിക്കൊടുക്കുന്ന ഒരു ജനതയല്ല യഹൂദന്മാർ. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെന്ന ഭാവം അവരുടെ പ്രവൃത്തിയിലും സംസാരത്തിലും ധാരാളം സ്ഫുരിച്ചിരുന്നു. റോമാക്കാർ അവരുടെ കരങ്ങളെ കെട്ടിവരിഞ്ഞിരുന്ന അടിമച്ചങ്ങലയെ വലിച്ചുപൊട്ടിച്ചു ശത്രുക്കളെ പാദങ്ങൾക്കു കീഴാക്കുവാൻ പ്രാപ്തിയുള്ള ഒരു രാജാധിരാജനെ അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണു്. തന്മൂലം ഈ തീവ്രത്ത അവരുടെ അഹങ്കാരം എവിടെയും പ്രത്യക്ഷപ്പെട്ടു. ഭാസുരമായ ഒരു ഭാവിയെ അവർ സദാ സ്വപ്നംകണ്ടുകൊണ്ടിരുന്നു. അവരുടെ വിശ്വാസത്തിന്റെയും ആരാധനയുടേയും കേന്ദ്രമായി അവർ സ്വീകരിച്ചതു് പലസ്തീനയാണു്. ജറുസലമിൽ അവർക്കു് സ്വന്തമായ ന്യായാധിപസംഘംപോലും ഉണ്ടായിരുന്നുവെന്നു അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. വി. എസ്തപ്പാനോസിനെ എറിയുവാൻ കല്പ്പെട്ടവർ അവരിൽ പലരുമുണ്ടെങ്കിലും, വലിയൊരു ഭാഗം അദ്ദേഹത്തിന്റെ സഹനശക്തികണ്ടു ക്രിസ്തുമതാവലംബികളായിത്തീർന്നു.

കുരിശു ചുമക്കുന്നതിനു് ക്രിസ്തുവിനെ സഹായിച്ച ശെമവോൻ ആ യഹൂദസംഘത്തിലെ ഒരംഗമായിരുന്നുവെന്നു് ഊഹിക്കുവാൻ ധാരാളം ന്യായമുണ്ടു്. ജീവിതത്തിലൊരിക്കലെങ്കിലും വിശുദ്ധനഗരത്തെ സന്ദർശിച്ചു വിമോചനവും




for favours received

V. P. Joseph

Vadassery, Palluruthy

വിശുദ്ധിയും സമ്പാദിക്കണമെന്നു് ഏതൊരു ഇസ്രായേൽ സന്തതിയും ആഗ്രഹിക്കാറുള്ളതാണു്. എന്തു ക്ലേശവും ഈ കാര്യത്തിനുവേണ്ടി സഹിക്കുവാൻ അവർക്കു് തെല്ലും മടിയില്ല. ലോകത്തിന്റെ നാനാഭാഗത്തുനിന്നും യഹൂദന്മാർ ജറുസലേം പട്ടണത്തിലേക്കു കൂട്ടംകൂട്ടമായി വന്നിരുന്നതു പെസഹാതിരുനാൾ അവസരത്തിലാണു്. ശെമവോൻ ജറുസലേമിലേക്കു് വന്നിട്ടുള്ളതും അതിനെ സന്ദർശിച്ചു് പുണ്യം നേടുവാനായിരിക്കാം.

ഡമാസ്കസ്സു് പടിവാതിലിൽക്കൂടി അദ്ദേഹം പട്ടണത്തിൽ പ്രവേശിച്ചു. വിശുദ്ധനഗരത്തിൽ കടന്നതോടുകൂടി അദ്ദേഹത്തിന്റെ ഹൃദയം ഐഹികചിന്തകളിൽനിന്നകന്നു യഹോവായുടെ സന്നിധിയിലെത്തി. മനസ്സു് ഭക്തിയുടെ കുളിരാററിൽ മുങ്ങിത്തുടിച്ചു. എന്തെന്നില്ലാത്ത ഒരാനന്ദം ഹൃദയത്തിൽ കവിഞ്ഞൊഴുകി. യഹോവായുടെ അനന്തമഹിമാവിനെ ചിന്തിച്ചുകൊണ്ടു സാവധാനത്തിൽ നടന്നുപോകുന്ന ശെമവോൻ പെട്ടെന്നു് നിന്നു. ക്രിസ്തുവിനെ നിഷ്ഠുരണം കൊലക്കളത്തിലേക്കു് വലിച്ചുകൊണ്ടുപോകുന്ന ദയനീയകാഴ്ചയാണു് അദ്ദേഹം കണ്ടതു്. പൈശാചികകോപത്താൽ കോമരംതുള്ളുന്ന ചിലരുടെ ആരവാക്കുകളും ദൈവദൂഷണങ്ങളും ശെമവോന്റെ കാതുകളിൽ കൂരമ്പു തറച്ചു. അവിടെ അന്തരീക്ഷംതന്നെ കലുഷിതമായിരിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഹൃദയമുള്ള ആർക്കുംതന്നെ നോക്കിനില്ക്കുവാൻ സാധിക്കാത്ത ഒരു കാഴ്ചയാണു് അദ്ദേഹം കണ്ടതു്. നിരവധി പീഡനങ്ങൾമൂലം നിലയുറച്ചുനില്ക്കുവാൻ സാധിക്കാത്തവിധം പരവശനായ ഒരു മനുഷ്യന്റെ തോളിൽ താങ്ങാനാവാത്ത ഒരു കുരിശുമരം കയററിവെച്ചു് നിർദ്ദയം ഉന്തിയും തള്ളിയും മുന്നോട്ടു കൊണ്ടുപോകുന്നു. ആരെ; എന്തിനു്; എവിടേക്കു്; എന്നൊന്നും അദ്ദേഹത്തിനറിഞ്ഞുകൂടായിരുന്നു. ഒരു തീർത്ഥകനു രാഷ്ട്രീയകാര്യങ്ങളെപ്പററിച്ചിന്തിക്കേണ്ട കാര്യമില്ലല്ലോ. പലരേയും കൊലക്കളത്തിലേക്കു കഴുവേററുവാൻ കൊണ്ടുപോകുന്നതു് അദ്ദേഹം കണ്ടിട്ടുണ്ടു്. അപ്പോഴൊന്നും ഇത്ര വലിയൊരു പുരുഷാരമോ, അട്ടഹാസമോ, ശകാരവർഷമോ അദ്ദേഹത്തിനനുഭവപ്പെട്ടിട്ടില്ല. ഇപ്പോഴാകട്ടെ ജനങ്ങളുടെ ആരവത്തിൽക്കൂടി ഒരു കാഹളധ്വനി ഇടയ്ക്കിടയ്ക്കു് മുഴങ്ങിക്കൊണ്ടിരുന്നു. കുരിശണത്തിനു വിധിക്കപ്പെട്ട ദുർമ്മഗന്മാരുടെ പേരുകളും പാതകങ്ങളും ഘോഷയാത്രയുടെ മുമ്പിൽ അകമ്പടിസേവിക്കുന്ന യോദ്ധാക്കൾ ഉറക്കെ വിളിച്ചുപറയുന്നുണ്ടു്. ഒരു ശതാധിപൻ സ്ഥാനവസ്ത്രങ്ങളണിഞ്ഞു് മദ്ധ്യത്തിൽ നടന്നിരുന്നു. അദ്ദേഹത്തിന്റെ അരികത്തായി മൂന്നു കുററവാളികളെ ശെമവോൻ കണ്ടു. അവരിൽ ഒരാൾ അദ്ദേഹത്തിന്റെ ശ്രദ്ധയെ പ്രത്യേകതരത്തിൽ ആകർഷിച്ചു. ഇപ്പോൾ വിരൂപമായെങ്കിലും അഴകൊഴുകിയിരുന്ന ഒരു മുഖമായിരുന്നു അദ്ദേഹത്തിന്റേതെന്നു് ശെമവോൻ മനസ്സിലാക്കി. പീഡനങ്ങളുടേയും പരിഹാസത്തിന്റേയും മദ്ധ്യകീടനു് അദ്ദേഹം വശംകെട്ടു് വലയുന്നതും ഇടിക്കുന്ന ഹൃദയത്തോടെ ആ കെവുറീൻകാരൻ നോക്കിക്കണ്ടു. പൊട്ടിപ്പൊളിഞ്ഞ അദ്ദേഹത്തിന്റെ തോളിൽ ഏററവും ഭാരമുള്ള ഒരു കഴുമരം ഇരിക്കുന്നതു മററു കുററവാളികളെ അപേക്ഷിച്ചു് ഒരു പ്രത്യേകതയാണു്. അതിന്റെ ഭാരം താങ്ങുവാൻ ശേഷിയില്ലാതെ അദ്ദേഹം വളരെ വലയുന്നുണ്ടു്. ശിരസ്സിൽ ആഞ്ഞടിച്ചാഴ്ത്തിയിരിക്കുന്ന മുൾക്കിരീടത്തിന്റെ മുറിവുകളിൽനിന്നു് രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. അനുനിമിഷം ക്ഷീണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. മുന്നോട്ടുവെക്കുന്ന ഓരോ അടിയും വളർന്നുവരുന്ന ക്ഷീണത്തെ പ്രത്യേകം സൂചിപ്പിക്കുന്നുണ്ടു്. അദ്ദേഹത്തെ കൂടുതൽ അവഹേളിക്കുന്നതിനുവേണ്ടി "യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ" എന്നു മൂന്നു ഭാഷകളിൽ എഴുതിയിട്ടുള്ള ഒരു പലകക്കഷണം കഴുത്തിൽ തൂക്കിയിട്ടിരുന്നു. ഇടുങ്ങിയ ആ രാജപാതയിൽക്കൂടി തിങ്ങിപ്പോകുന്ന ജനാവലിയെ തള്ളിനീക്കി ചിലർ മുന്നോട്ടുവന്നു് അദ്ദേഹത്തെ കൂടുതൽ പീഡിപ്പിച്ചു കൃതാർത്ഥരാകുന്നു. അവഹേളനത്തിന്റേയും അവശതയുടേയും അടിത്തട്ടുവരെ എത്തിയിരിക്കുന്ന ആ നിർമ്മലനോടു് ഏതക്രമവും പ്രവർത്തിക്കുവാൻ സന്നദ്ധരായി പ്രധാനാചാര്യന്മാരും ഫരിസേയക്കാരും നില്ക്കുന്നുണ്ടു്. അവരുടെ ഹൃദയങ്ങളിൽ ഊറിനില്ക്കുന്ന പൈശാചികസംതൃപ്തിയുടെ ചിഹ്നങ്ങൾ മുഖങ്ങളിൽ വ്യക്തമായിക്കാണാം. കടിച്ചുകീറുന്ന ചെന്നായ്ക്കളെപ്പോലെ മുരണ്ടുകൊണ്ടിരിക്കുന്ന അവർക്കെതിരായി ഒരക്ഷരംപോലും ശാന്തതയൊഴിയുന്ന ആ മുഖത്തുനിന്നു് പുറപ്പെട്ടില്ല. അങ്ങനെ ആ നാരകീയരപ്പക്കൂത്തു മുന്നോട്ടു സാവധാനത്തിൽ നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണു് ശെമവോൻ വഴിയരികിലെത്തിയതു്.

(ശേഷം അടുത്തതിൽ)

## അമേരിക്കരുടെ ദാനം

അമേരിക്കൻ ഭക്ഷ്യധാന്യലോൺ പദ്ധതിയനുസരിച്ചു് 8000ടൺ ഗോതമ്പുമായി ഒരു കപ്പൽ സെപ്റ്റംബർ 13-ാംനു കൊച്ചി തുറമുഖത്തു് എത്തിച്ചേരുകയും തിരു-കൊച്ചി ഭക്ഷ്യകാര്യമന്ത്രി ശ്രീ കെ. എം. കോര പിറേറദിവസം രാവിലെ അതു് ഔപചാരികമായി ഏററുവാങ്ങുകയും ചെയ്തിരിക്കുന്നു.

ന്യൂയോർക്കിലെ നാഷണൽ കത്തലിക് വെൽഫെയർ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ, ഇൻഡ്യയിലെ സാധുക്കളുടെ ഇടയിൽ വിതരണംചെയ്യുന്നതിനായി ഗോതമ്പുമാവു്, പാൽപ്പൊടി, ഉണക്കിയമുട്ട എന്നീ ഇനത്തിൽ അനേകലക്ഷം രൂപ വിലവരുന്ന ഭക്ഷ്യവിഭവങ്ങൾ ഭാരതത്തിലെ മെത്രാന്മാരുടെ പേർക്കു കുറേ നാൾമുമ്പു് അയച്ചുകൊടുത്തവിവരവും പ്രസ്താവ്യമാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 | ERNAKULAM, SEPTEMBER 19, 1951 | No 6


# തിരുനാൾമംഗളം



ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ടു ബി. എ. ഡി. ഡി. തിരുമനസ്സുകൊണ്ടു് സ്ഥാനാരോഹണം ചെയ്തശേഷം ആദ്യം വരുന്ന നാമഹേതുകദിനമാണു് അടുത്ത വെള്ളിയാഴ്ച. ഈ സുവർണ്ണാവസരത്തിൽ ആനന്ദഭരിതരായിരിക്കുന്ന തിരുമനസ്സിലെ ബഹുസഹസ്രം അജഗണങ്ങളോടു ചേർന്നുകൊണ്ടു്, തിരുമനസ്സിലേക്കു സത്യദീപവും പുത്രനിർവ്വിശേഷമായ ഭക്ത്യാദരങ്ങളോടെ ഭാവുകങ്ങൾ നേർന്നുകൊള്ളട്ടെ. സത്യദീപത്തിനു് തിരുമേനിയിൽനിന്നും തിരുമേനിയുടെ കീഴുള്ള വൈദികരിലും അത്മായജനങ്ങളിലും നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾക്കായി കൃതജ്ഞത പ്രകാശിപ്പിക്കുവാനും ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. പ്രാർത്ഥനാനിരതനും അഭ്യസ്തവിദ്യനും ചിന്താശീലനും പരിപക്വമതിയുമായ വന്ദ്യതിരുമേനിയുടെ വിശിഷ്ടനേതൃത്വത്തിൽ ചങ്ങനാശ്ശേരി രൂപത ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കട്ടെ എന്നാശംസിക്കുകയും രൂപതാഭരണം വിജയപൂർവ്വം നിർവ്വഹിക്കുന്നതിനുവേണ്ട ആയുരാരോഗ്യങ്ങൾ സർവ്വശക്തനായ ദൈവം തിരുമേനിക്കു പ്രദാനംചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# മഹാകവി വള്ളത്തോളിന്റെ അവാസ്തവപ്രസ്താവങ്ങൾ

ആ കമ്മ്യൂണിസ്റ്റുപത്രത്തിന്റെ ലേഖകൻ മഹാകവി വള്ളത്തോളിനോടു രണ്ടാമതായി ചോദിച്ചതിങ്ങനെയാണു്:—"സ്വാതന്ത്ര്യമായ പത്രപ്രവർത്തനം അവിടെ അസാദ്ധ്യമാണെന്നുള്ള പ്രചരണത്തിൽ വല്ല അർത്ഥവുമുണ്ടോ? മററു രാഷ്ട്രങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെല്ലാം റഷ്യൻ ജനതയിൽനിന്നും മറച്ചുവെക്കുന്ന എന്തെങ്കിലും നയതന്ത്രങ്ങൾ അവിടെയുണ്ടോ?" അതിനദ്ദേഹം ഈ മറുപടി നൽകി: "അസ്വാതന്ത്ര്യം ഇല്ലെന്നോ, ഉണ്ടെന്നോ പറയുക സാദ്ധ്യമല്ല. കാരണം, ക്ഷണിക്കപ്പെട്ട ഞങ്ങളിൽ 16 പേരിൽ ഒരാൾക്കുപോലും റഷ്യൻഭാഷ അറിഞ്ഞുകൂടായിരുന്നു. പക്ഷെ, ഒരു കാര്യം പറയാം. രണ്ടാംതരത്തിലോ, മൂന്നാംതരത്തിലോ ഉള്ള പത്രങ്ങൾപോലും ഏഴെട്ടുലക്ഷം പ്രതികൾ പ്രതിദിനം ചെലവാകുന്നുണ്ടു്. മററു രാജ്യക്കാരുമായി ഇടപെടുന്നതിൽ റഷ്യക്കു ഭയപ്പാടുണ്ടെങ്കിൽ ഇന്ത്യാക്കാരായ ഞങ്ങൾക്കു് എങ്ങനെ റഷ്യയിൽ കടക്കുവാൻ പാസ്പോർട്ടു് ലഭിക്കും?" വേറൊരു ചോദ്യത്തിനു് ഇങ്ങനെയും മറുപടിപറഞ്ഞു: "യഥാർത്ഥമായ പ്രജായത്തഭരണംകൊണ്ടു് ഒരു രാജ്യത്തിനു എത്രകണ്ടു വളർച്ചയുണ്ടാകാമെന്നതിനു ഉദാഹരണമാണു് ഇന്നത്തെ റഷ്യാരാജ്യം."

ഈ മറുപടികൾ വളരെ വിചിത്രമായിരിക്കുന്നു. അസ്വാതന്ത്ര്യം ഇല്ലെന്നോ ഉണ്ടെന്നോ പറയുക സാദ്ധ്യമല്ലാത്ത റഷ്യ യഥാർത്ഥമായ പ്രജായത്തഭരണത്തിനു ഉദാഹരണമായിരിക്കുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല. യഥാർത്ഥമായ പ്രജായത്തഭരണത്തിൽ സകല പൗരന്മാർക്കും, പത്രപ്രവർത്തകർക്കു പ്രത്യേകിച്ചും, ക്രമസമാധാനങ്ങൾക്കനുയോജ്യമായ ചിന്താസ്വാതന്ത്ര്യവും അഭിപ്രായപ്രകടനസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും മനസ്സാക്ഷിസ്വാതന്ത്ര്യവും ഉണ്ടായിരിക്കണമല്ലോ. റഷ്യയിൽ മനസ്സാക്ഷിസ്വാതന്ത്ര്യം തെല്ലുമനുവദിക്കപ്പെടുന്നില്ലെന്നു കഴിഞ്ഞലേഖനത്തിൽ ഞങ്ങൾ സമർത്ഥിച്ചിരുന്നു. ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ ഇന്ത്യായൂണിയനിലെ കേന്ദ്രഗവൺമെൻറിനേയും സംസ്ഥാനിക ഗവൺമെൻറുകളേയും പ്രജായത്തഭരണത്തിന്റെ നാമത്തിൽ ഇടതടവില്ലാതെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നതു്, ആ ഗവൺമെൻറുകൾ പ്രസ്തുത സ്വാതന്ത്ര്യങ്ങൾ വേണ്ടതനുവദിക്കുന്നില്ലെന്നാണു്. ഈയിടെ തിരു-കൊച്ചി സംസ്ഥാനത്തുവന്ന കമ്മ്യൂണിസ്റ്റു് നേതാവായ ശ്രീ എ. കെ. ഗോപാലനെതിരായി ഗവൺമെൻറിൽനിന്നു പുറപ്പെടുവിച്ച നിരോധനനടപടികളെ എത്ര ശക്തിയായിട്ടാണു് അദ്ദേഹവും മററു ഇടതുപക്ഷപാർട്ടിക്കാരും അപലപിച്ചതു! അദ്ദേഹം പ്രസ്സ്കോൺഫറൻസു് നടത്തുന്നതിനെതിരായ നിരോധനത്തെ തിരു-കൊച്ചി വർക്കിംഗ് ജർണലിസ്റ്റു് ഫെഡറേഷന്റെ ജനറൽ സിക്രട്ടറി പ്രതിഷേധിക്കുകയും "ജനാധിപത്യവിരുദ്ധവും അതേസമയം വിഡ്ഢിത്തം നിറഞ്ഞതുമായ ഈ നിരോധന ഉത്തരവിനെ എല്ലാ വർക്കിംഗ് ജർണലിസ്റ്റു്യൂണിയനുകളും പത്രങ്ങളും പ്രതിഷേധിക്കണമെന്നു്" അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ജനായത്തഭരണത്തിന്റെ അവശ്യാവശ്യഘടകങ്ങളായ പ്രസ്തുതസ്വാതന്ത്ര്യങ്ങൾ റഷ്യയിൽ ഇല്ലെന്നോ ഉണ്ടെന്നോ പറയുക സാദ്ധ്യമല്ലെന്നു് ആദ്യം പ്രസ്താവിക്കുകയും, അനന്തരം യഥാർത്ഥമായ പ്രജായത്തഭരണത്തിനു റഷ്യ വലിയൊരുദാഹരണമാണെന്നു തുടർന്നു പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നതിൽ പരസ്പരവൈരുദ്ധ്യംതന്നെ അടങ്ങിയിട്ടില്ലയോ? സ്വാതന്ത്ര്യമായ പത്രപ്രവർത്തനത്തിനു മഹാകവികാണുന്ന തെളിവു്, ഏതു തരത്തിലുള്ള പത്രങ്ങളും ലക്ഷക്കണക്കിനു പ്രതിദിനം ചെലവാകുന്നുണ്ടെന്നുള്ളതാണു! ഒരു നാട്ടിൽ ഗവൺമെൻറു് ഗസററു് ചെലവാകുന്നതിന്റെ കണക്കനുസരിച്ചു് അവിടത്തെ പത്രപ്രവർത്തനസ്വാതന്ത്ര്യം നിർണ്ണയിക്കാമെന്നാണോ അദ്ദേഹത്തിന്റെ അഭിപ്രായം? ഏതായാലും തന്റെ ഈ പ്രസ്താവങ്ങൾക്കു കാര്യമായ വില കല്പിക്കേണ്ടതില്ലെന്നു്, തനിക്കാകട്ടെ കൂട്ടുകാരിൽ മററാർക്കെങ്കിലുമാകട്ടെ റഷ്യൻഭാഷ അറിഞ്ഞുകൂടായിരുന്നെന്നും തന്മൂലം തങ്ങളെ എഴുന്നള്ളിച്ചുകൊണ്ടുനടന്ന ഗവൺമെൻറിന്റെ ഏജൻറന്മാർ ധരിപ്പിച്ചതിൽ കവിഞ്ഞൊന്നും തങ്ങൾക്കറിയാൻ കഴിഞ്ഞിട്ടില്ലെന്നും മഹാകവി സമ്മതിക്കുന്നതിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്.

### ബ്രിട്ടീഷ തൊഴിലാളിനേതാവു മഹാകവിയെ ഖണ്ഡിക്കുന്നു

ഞങ്ങൾ റഷ്യയിൽ പോയിട്ടില്ല. ആകയാൽ ഞങ്ങൾക്കു സ്വന്തം അനുഭവം വച്ചു്, മഹാകവിയെപ്പോലെതന്നെ അവിടെ "അസ്വാതന്ത്ര്യം ഇല്ലെന്നോ ഉണ്ടെന്നോ പറയുകസാദ്ധ്യമല്ല." എന്നാൽ അവിടെ പോവുകയും അവിടത്തെ സ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കുകയും ചെയ്തിട്ടുള്ള പല റഷ്യൻ പ്രണയികളുണ്ടു്. നേരിട്ടന്വേഷിച്ചറിഞ്ഞാലെന്നപോലെ അത്ര വിശ്വാസ്യമായ അറിവു് ഇവരിൽ പലരും വഴിയായി ആർക്കും ലഭിക്കാവുന്നതാണു്. അങ്ങനെയുള്ള ഏററവും വിശ്വാസയോഗ്യമായ ഒരു സാക്ഷ്യം ഞങ്ങളുദ്ധരിക്കാം. ബ്രിട്ടീഷ് ലേബർപാർട്ടിയുടെ എക്സിക്യൂട്ടീവു് കമ്മിററി പ്രസിഡൻറായിരുന്ന പ്രൊഫസർ ലാസ്കി പാർട്ടിയുടെ ഒരു പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിച്ചു നാലഞ്ചുകൊല്ലങ്ങൾക്കുമുൻപു്, ബ്രിട്ടനും റഷ്യയും വളരെ സൗഹാർദ്ദതയിൽ കഴിഞ്ഞുകൂടിയിരുന്നപ്പോൾ, മോസ്കോയിൽ പോയി മടങ്ങിയശേഷം മദ്രാസിലെ "ഇൻഡ്യൻ എക്സ്പ്രസ്സ്" പത്രത്തിൽ എഴുതിയിരുന്നതു് ഇങ്ങനെയാണു്:—

"റഷ്യ ഒരേ ഒരു പാർട്ടി മാത്രമുള്ള രാഷ്ട്രമാണു്. അവിടെ ഒന്നുതക്കം മററൊരു രാഷ്ട്രീയകക്ഷി രൂപികരിക്കാൻ ശ്രമിക്കാവുന്നതല്ല. അങ്ങനെ ചെയ്യുന്നതു്, ഫലത്തിൽ, രാഷ്ട്രത്തിനെതിരായ ദ്രോഹമായി കുററാരോപണം ചെയ്യപ്പെടും. എന്നുവരികിലും അവിടെ ധാരാളം ചർച്ചകളും വിമർശനങ്ങളും നടക്കുന്നുണ്ടു്. പക്ഷെ, അവയെല്ലാം, കമ്മ്യൂണിസ്റ്റുപാർട്ടി ഏർപ്പെടുത്തിയിരിക്കുന്ന അവസാനപരിധികളിൽ നിലകൊള്ളുന്ന ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കണം. രാഷ്ട്രത്തിലെ ജീവനാഡികളായ ഉദ്യോഗങ്ങൾ സമസ്തവും കമ്മ്യൂണിസ്റ്റുപാർട്ടിയംഗങ്ങളാണു് വഹിക്കുന്നതു്. ജീവനാഡികളായ സകല പ്രവർത്തനപദ്ധതികളും അവരാണു നിർണ്ണയിക്കുന്നതു്. പാർട്ടിയുടെ വിശ്വസ്തനേതാക്കന്മാരുടെ വലയത്തിനു പുറത്തുള്ള മററാർക്കും ആ പ്രവർത്തനപദ്ധതികളെ ചോദ്യംചെയ്യാവുന്നതല്ല. റഷ്യയിലെ ഭരണാധികാരികൾ എന്നനിലയിൽനിന്നും കമ്മ്യൂണിസ്റ്റുപാർട്ടിയെ നൈയാമികമായി നീക്കംചെയ്യാവുന്ന യാതൊരു പരിതസ്ഥിതിയും ഇപ്പോൾ അവിടെയില്ല.

"കമ്മ്യൂണിസ്റ്റുകാരനല്ലാത്ത ഒരാൾ സുപ്രീം സോവിയററിലേയും (ഹൈക്കമാൻഡു്,) അതിന്റെ കീഴുള്ള രണ്ടു നിയമസഭകളിലേയും അംഗമായി തെരഞ്ഞെടുക്കപ്പെട്ടേക്കാം. എന്നാൽ കമ്മ്യൂണിസ്റ്റുകാർക്കു് അവിടെ എല്ലായ്പ്പോഴും സ്ഥിരമായ ഭൂരിപക്ഷമുണ്ടായിരിക്കും. അവരുടെ വരുതിയിലാണു് ഭരണസമിതി ഇരിക്കുന്നതു്. മന്ത്രിമാരുടെ പോർട്ടുഫോളിയോകളെല്ലാം അവരുടെ കൈയിലാണു്. മന്ത്രിസഭ യഥാർത്ഥത്തിലും കാര്യമായ സംഗതികളിലും കമ്മ്യൂണിസ്റ്റുപാർട്ടിയിലെ എക്സിക്യൂട്ടീവു് കമ്മിററിയുടെ ഉപകരണമാകുന്നു. ഈ കമ്മിററിയിലാണു് റഷ്യൻ ഗവൺമെൻറിന്റെ ജീവനാഡിയായ ശക്തി സ്ഥിതിചെയ്യുന്നതു്.

"പാശ്ചാത്യലോകത്തിനു് ഈ ഭരണസമ്പ്രദായം വിചിത്രമായി തോന്നുമെന്നു സ്പഷ്ടമാണല്ലോ. എന്നാൽ പ്രാഥമികപൗരാവകാശങ്ങളായി നാം ഗണിക്കുന്നവയുടെയെല്ലാം അഭാവം ഈ വിലക്ഷണതയെ വർദ്ധിപ്പിക്കുകയുംചെയ്യുന്നു. "ഹേബിയസു് കോർപ്പസു്" (Habeas Corpus) എന്ന ഉത്തരവു് സമ്പാദിക്കാമെന്നു് ആർക്കും ഉറപ്പില്ല. പ്രസിദ്ധീകരണസ്വാതന്ത്ര്യത്തിന്റെയോ സംഘടനാസ്വാതന്ത്ര്യത്തിന്റെയോ അവകാശം ആർക്കുമില്ല. റഷ്യക്കു വെളിയിലുള്ളവരുമായോ അഥവാ റഷ്യയിൽത്തന്നെയുള്ള വിദേശികളുമായോ നേരിട്ടു സമ്പർക്കത്തിലേർപ്പെടുന്ന ആരെയും അവിടെ ആഴമായി സംശയിക്കുന്നതാണു്.

"സുപ്രീം സോവ്യററിലും അതിനു താഴെയുള്ള സകല സമിതികളിലും വാദപ്രതിവാദങ്ങളും, നിവേദനങ്ങൾ തന്നെയും നടക്കുന്നുണ്ടു്. എന്നാൽ ആ വാദപ്രതിവാദങ്ങൾ വായിക്കുന്ന ആരും വിചാരിക്കുകയല്ല, ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും രീതിയിൽ അവിടെ പ്രതിപക്ഷത്തിനവകാശമുണ്ടെന്നു്. ഒരേ ഒരു കക്ഷിയുള്ള രാഷ്ട്രം എന്നതിന്റെ യഥാർത്ഥമായ അർത്ഥം, ജീവനാഡിയായ സകലകാര്യങ്ങളിലും പാർട്ടി തന്നെയാണു രാഷ്ട്രം എന്നാണല്ലോ. ഇങ്ങനെ ഇവ രണ്ടും ഒന്നായിരിക്കുന്നതിന്റെ ശക്തിപൂർവ്വകമായ അനുമാനമായി, അധികാരത്തിലിരിക്കുന്ന പാർട്ടിയെ നീക്കംചെയ്യുവാനുള്ള ശ്രമം യഥാർത്ഥത്തിൽ രാഷ്ട്രത്തെ തകിടംമറിക്കുവാനുള്ള ശ്രമമായി ഗണിക്കപ്പെടുന്നു."

### ബ്രിട്ടീഷ്മന്ത്രിയും മഹാകവിയെ ഖണ്ഡിക്കുന്നു

പ്രൊഫസർ ലാസ്കി അപലപിക്കുന്ന അസ്വാതന്ത്ര്യങ്ങൾ റഷ്യയിൽ ഇന്നും നിലവിലുണ്ടെന്നു് ഇന്നത്തെ ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മിസ്റ്റർ മൊറിസൺ റഷ്യയിലെ ജനങ്ങളോടു തുറന്നുപറയുന്നു. കഴിഞ്ഞ ജൂൺമാസത്തിൽ ഒരു പ്രസ്സ് അസോസിയേഷനിൽ പ്രസംഗിക്കവെ, മിസ്റ്റർ മൊറിസൺ റഷ്യയോടായി ചോദിച്ചു, താനോ പ്രധാനമന്ത്രി ആററ്ലിയോ പറയുന്നതു് അതേപടി റഷ്യയിൽ പ്രസിദ്ധപ്പെടുത്താമോയെന്നു്. ഈ വെല്ലുവിളി കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ നാവായ മോസ്കോയിലെ "പ്രവ്ദാ" സ്വീകരിച്ചു 1500 വാക്കുകളടങ്ങിയ മൊറിസന്റെ ഒരു ലേഖനം ആഗസ്റ്റ് 1-ാംനു- ആ പത്രം പ്രസിദ്ധപ്പെടുത്തി. അതോടുകൂടി 2500 വാക്കുകളടങ്ങിയ അതിന്റെ മറുപടിയും ആ ലക്കത്തിൽത്തന്നെ പ്രസിദ്ധപ്പെടുത്തി. റഷ്യയിലെ അസ്വാതന്ത്ര്യങ്ങളെ പരാമർശിച്ചു മൊറിസൺ റഷ്യൻ ജനതയോടായി ആ ലേഖനത്തിൽ പ്രസ്താവിച്ചതിങ്ങനെയാണു്:-

"ബ്രിട്ടനിൽ കിട്ടാവുന്നിടത്തോളം വാർത്തകളും അഭിപ്രായങ്ങളും ജനങ്ങളുടെ അറിവിൽ പെടുന്നതിൽ ഞങ്ങൾ ഒരു നിയന്ത്രണവും വയ്ക്കുന്നില്ല. തന്മൂലം ജനങ്ങൾക്കു് അവയെപ്പററി അവരവരുടെ അഭിപ്രായമനുസരിച്ചു തീരുമാനങ്ങൾ ചെയ്യാം. അവരുടെ അഭിപ്രായങ്ങൾ ആരും കരുപ്പിടിപ്പിച്ചുകൊടുക്കുന്നതല്ല, അടിച്ചേല്പിക്കുന്നതുമല്ല. റഷ്യയിലാകട്ടെ നേരെമറിച്ചാണു്. അനേകം വസ്തുതകളും അഭിപ്രായങ്ങളും നിങ്ങളിൽനിന്നു മറച്ചുവയ്ക്കപ്പെടുന്നു. നിങ്ങൾക്കു സംസാരസ്വാതന്ത്ര്യമില്ല. ലോകത്തിലെ ഇതരരാജ്യങ്ങൾ ജീവിക്കുന്നതും ചിന്തിക്കുന്നതും എങ്ങനെയാണെന്നു് അറിയുവാൻ സ്വതന്ത്രമായ മാർഗ്ഗം നിങ്ങൾക്കില്ല. കൂടുതൽ ബ്രിട്ടീഷ ജനങ്ങളെ നേരിട്ടുകാണുവാനോ ബ്രിട്ടനിലേക്കു സ്വതന്ത്രമായി യാത്രചെയ്യുവാനോ നിങ്ങൾക്കു കഴിഞ്ഞിരുന്നെങ്കിൽ ഈ അറിവില്ലായ്മ നിക്കികളയാമായിരുന്നു. ഞങ്ങളുടെ നാട്ടുകാർ ലക്ഷക്കണക്കിനാണു് കൊല്ലംതോറും വാർഷികവിശ്രമങ്ങൾക്കായി അന്യരാജ്യങ്ങളിൽ സഞ്ചരിക്കുന്നതു്. അവർക്കനുവാദമുണ്ടാകുമായിരുന്നെങ്കിൽ ആ വിശ്രമദിവസങ്ങൾ അവർ സന്തോഷപൂർവ്വം സോവ്യററു് യൂണിയനിൽ കഴിക്കുമായിരുന്നു. നിങ്ങളുടെ ഗവൺമെൻറു്, എന്തു കാരണങ്ങളാലാണെന്നു് എനിക്കറിഞ്ഞുകൂടാ, നിർബാധം അന്യരാജ്യങ്ങളിൽ സഞ്ചരിക്കുവാൻ നിങ്ങളെ അനുവദിക്കുന്നില്ല. ബ്രിട്ടീഷ് പത്രങ്ങൾക്കു സോവ്യററു യൂണിയനിൽ സ്വതന്ത്രമായ പ്രചാരം അനുവദിക്കുകയും ബ്രിട്ടനിൽനിന്നുള്ള റേഡിയോ പ്രക്ഷേപണങ്ങൾ ശ്രവിക്കുവാൻ റഷ്യാക്കാർക്കു് അനുവാദമുണ്ടായിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവർക്കു കൂടുതൽ കാര്യങ്ങൾ അറിയാമായിരുന്നു. റഷ്യയിലേക്കുള്ള ബ്രിട്ടീഷ് പ്രക്ഷേപണങ്ങളെ കൃത്രിമമായും മനഃപൂർവ്വമായും സോവ്യററുകാർ "ജാം" ചെയ്യുന്നു (കേൾക്കാൻ പാടില്ലാത്തവിധം ശിഥിലമാക്കുന്നു). ആ പ്രക്ഷേപണങ്ങളെ നിങ്ങളുടെ ഗവൺമെൻറു് എന്തിനു ഭയപ്പെടുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. ഞങ്ങളുടെ സമ്പ്രദായം നിങ്ങളുടെ ഗവൺമെൻറു അനുകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സോവ്യററു യൂണിയനിൽനിന്നുള്ള ഇംഗ്ലീഷ് പ്രക്ഷേപണങ്ങൾ ബ്രിട്ടനിൽ ആർക്കും ശ്രവിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്. ബ്രിട്ടീഷ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രതിദിനപത്രം മാത്രമല്ല, പ്രവ്ദാ തന്നെയും ബ്രിട്ടനിൽ ആർക്കും വാങ്ങി വായിക്കാം. ബ്രിട്ടനിൽ വ്യക്തിസ്വാതന്ത്ര്യത്തിനു വളരെ വില കല്പിക്കപ്പെടുന്നു. ബ്രിട്ടീഷ് പൗരന്മാരെ അവരുടെ ഗൃഹങ്ങളിൽനിന്നു ബലമായി പിടിച്ചുകൊണ്ടു പോകുന്നില്ല; അവരെ നാടുകടത്തുന്നില്ല; തൊഴിലാളികളുടെ തടങ്കൽപ്പാളയങ്ങളിലേക്കു് അവരെ അയക്കുന്നില്ല. നേരംവെളുക്കുമ്പോൾ വാതുക്കൽ ഒരു മുട്ടുകേട്ടാൽ അതു പോലീസുകാരനാണെന്നുള്ള ഭയം ആർക്കുമില്ല. അതു പാൽക്കാരനോ തപാൽക്കാരനോ ആയിരി

ക്കുകയേ ഉള്ളുവെന്നായിരിക്കും വിചാരം. ഇക്കാര്യങ്ങളിൽ ഓരോ ബ്രിട്ടീഷ് പൗരനും ആസ്വദിക്കുന്ന വ്യക്തിപരമായ സുരക്ഷിതത്വത്തിൻെറ ബോധം നിങ്ങൾക്കുമുണ്ടെന്നു നിങ്ങൾക്കെല്ലാവർക്കും പരമാർത്ഥമായിപ്പറയുവാൻ കഴിയുമോയെന്നു് എനിക്കു സംശയമുണ്ടു്. ബ്രിട്ടനിലെ പൗരസ്വാതന്ത്ര്യങ്ങളിൽ സംഘടിക്കുവാനുള്ള അവകാശവും, ഗവമ്മെൻറിൻെറ പക്ഷത്തു ചേരുവാനോ പ്രതിപക്ഷത്തു ചേരുവാനോ ഉള്ള രാഷ്ട്രീയാവകാശവും ഉൾപ്പെടുന്നുണ്ടു്. ബ്രിട്ടനിൽ യാതൊരു ഗ്രൂപ്പിനും അധികാരത്തിൻെറ കുത്തകയില്ല.”

### സ്റ്റാലിൻെറ ഭരണഘടനയും മഹാകവിയെ ഖണ്ഡിക്കുന്നു

സോവ്യററുഷ്യയിലെ പൗരസ്വാതന്ത്ര്യനിഷേധത്തെപ്പററി ലാസ്കിയും മൊറിസനും ചെയ്തിട്ടുള്ള ഈ അപലപനം ശരിയാണെന്നും, മഹാകവി വള്ളത്തോളിൻെറ തൽസംബന്ധമായ പ്രസ്താവനകൾ അവാസ്തവങ്ങളാണെന്നും സ്റ്റാലിൻെറ നേതൃത്വത്തിൽ നിർമ്മിച്ചതും ഇപ്പോഴും റഷ്യയിൽ നിലവിലിരിക്കുന്നതുമായ ഭരണഘടനതന്നെ തെളിയിക്കുന്നുണ്ടു്. ഈ ഭരണഘടനയുടെ 125-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“വേലക്കാരുടെ താല്പര്യങ്ങൾക്കു് അനുയോജ്യമായും സോഷ്യലിസ്റ്റ് വ്യവസ്ഥിതി ശക്തിപ്പെടുത്തുവാൻ വേണ്ടിയും യു. എസ്സ്. എസ്സ്. ആറിലെ പൗരന്മാർക്കു താഴെക്കാണുന്ന സ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കുമെന്നു് ഉറപ്പുനൽകിയിരിക്കുന്നു: a) സംസാരസ്വാതന്ത്ര്യം. b) പത്രസ്വാതന്ത്ര്യം. c) സംഘടിക്കുന്നതിനും മഹായോഗങ്ങൾ കൂട്ടുന്നതിനുമുള്ള സ്വാതന്ത്ര്യം. d) തെരുവുകളിൽ ഘോഷയാത്രകളും പ്രകടനങ്ങളും നടത്തുന്നതിനുള്ള സ്വാതന്ത്ര്യം.”

ഈ ഉദ്ധരണിയിൽ ഞങ്ങൾ അടിവരയിട്ടിരിക്കുന്ന വാക്കുകൾ പ്രത്യേകം സൂക്ഷിക്കണം. ആ വാക്കുകൾ പിന്നാലെ പറയുന്ന നാലു സ്വാതന്ത്ര്യങ്ങളെയും അർത്ഥമില്ലാത്തതാക്കിത്തീർത്തിരിക്കയല്ലയോ? റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഗവമ്മെൻറു് ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥിതിയെ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്നവയാണെങ്കിൽ മാത്രമേ ഈ സ്വാതന്ത്ര്യങ്ങൾ റഷ്യയിലെ പൗരന്മാർക്കു് അനുവദിക്കപ്പെടുകയുള്ളുവെന്നല്ലേ ഈ വാക്കുകളിൽനിന്നും തെളിയുന്നതു? ഇങ്ങനെ അനുവദിക്കപ്പെടുന്ന സ്വാതന്ത്ര്യങ്ങൾ യഥാർത്ഥ സ്വാതന്ത്ര്യങ്ങളാണെന്നു സുബുദ്ധിയുള്ളവർ സമ്മതിക്കുമോ?

തൊഴിലാളികൾക്കു് അവരുടെ അവശതകൾ നീങ്ങിക്കിട്ടുവാനുള്ള ഏകമാർഗ്ഗം സംഘടനയാണല്ലോ. ആ സംഘടനകൾ സാക്ഷാൽ ഫലപ്രദങ്ങളായിരിക്കണമെങ്കിൽ അവയുടെ രൂപീകരണവും നടപടിയും മററും തികച്ചും സ്വതന്ത്രങ്ങളായിരിക്കുകയും വേണമല്ലോ. എന്നാൽ കമ്മ്യൂണിസ്റ്റു റഷ്യയിൽ ഇതു സാദ്ധ്യമല്ലെന്നു് അവിടത്തെ ഭരണഘടനയിൽ നിന്നു തെളിയുന്നില്ലേ? കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥിതിയെ ശക്തിപ്പെടുത്തുന്ന സംഘടനകളല്ലാതെ, തൊഴിലാളികളുടെ നില ശക്തിപ്പെടുത്തുന്ന സംഘടനകൾ അവിടെ പാടില്ലെന്നല്ലേ മുകളിൽ കാണിച്ച വകുപ്പിൽനിന്നു തെളിയുന്നതു? മുതലാളികളോ ഗവമ്മെൻേറാ നിർദ്ദേശിക്കുന്നതനുസരിച്ചു് രൂപീകരിക്കപ്പെടുകയും നടത്തപ്പെടുകയുംചെയ്യുന്ന തൊഴിലാളിസംഘടനകളെ മുതലാളികളുടേയും ഗവമ്മെൻറിൻെറയും ആയുധങ്ങളെന്നുപറഞ്ഞു് ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ പ്രതിഷേധിക്കുകയും അപലപിക്കുകയും ചെയ്യുന്നില്ലേ?

തൊഴിലാളിസംഘടനയുടെ ഒരു വലിയ ശക്തി, അവസാനകൈയായിട്ടെങ്കിലും, പണിമുടക്കുവാനുള്ള അവകാശമാണല്ലോ. ഈ അവകാശം കമ്മ്യൂണിസ്റ്റു റഷ്യയിൽ പ്രസ്തുതഭരണഘടനയുടെ 131-ാം വകുപ്പനുസരിച്ചു് നിഷേധിക്കപ്പെട്ടിരിക്കുകയാണു്. “പബ്ലിക്കിൻെറ വസ്തുവകകളിന്മേൽ കൈയേററം ചെയ്യുന്ന ജനശത്രുക്കളായിട്ടാണു്” പണിമുടക്കുകാരെ പ്രസ്തുതവകുപ്പിൽ ഗണിച്ചിരിക്കുന്നതു്. അതനുസരിച്ചു് റഷ്യയിൽ പണിമുടക്കുകാർ ഭയങ്കരമായി ശിക്ഷിക്കപ്പെട്ടു. മോസ്കോയിലെ ഔദ്യോഗികനാവായ പ്രവ്ദാ 1932 ഡിസംബർ 9-ാംനു-യിലെ ലക്കത്തിൽ ഇതിനു പ്രത്യക്ഷമായ സാക്ഷ്യം വഹിച്ചിട്ടുണ്ടു്. ആയിടെ റഷ്യയിൽ ഒരിടത്തു് പണിമുടക്കിയ തൊഴിലാളികളെപ്പററി ആ പത്രം ഉദ്ബോധിപ്പിച്ചതു് “അവരെ വെടിവയ്ക്കുക, വെടിവയ്ക്കുക, വെടിവയ്ക്കുക.” എന്നായിരുന്നു.

1932-ലും 33-ലും മദ്ധ്യെ സ്റ്റാലിനും അദ്ദേഹത്തിൻെറ സിൽബന്ധികളും റഷ്യയിലെ കർഷകർ വിതച്ചുണ്ടാക്കിയ വിളവുകൾ കണ്ടുകെട്ടിയെടുത്തു. അതിൻെറ ഒരുദ്ദേശം ആ വിളവുകളെ വിദേശങ്ങളിൽ അയച്ചു വിററു്, അതിനുപകരം ഫാക്ടററികൾക്കുള്ള യന്ത്രങ്ങളും യുദ്ധോപകരണങ്ങളും വരുത്തണമെന്നുള്ളതായിരുന്നു. എന്നാൽ ഈ കണ്ടുകെട്ടൽകാരണം കർഷകർ പട്ടിണികിടക്കേണ്ടിവന്നു. മുഴുവനായുള്ള ഈ കണ്ടുകെട്ടലിനേയും അപഹരണത്തേയും എതിർത്തുനിന്ന കർഷകരെ മൃഗീയമായി അടിച്ചമർത്തി. അവരുടെ പ്രതിഷേധം രാജ്യദ്രോഹമായിട്ടാണു് വ്യാഖ്യാനിക്കപ്പെട്ടതു്. പട്ടിണിപ്രദേശങ്ങളിൽ സഞ്ചരിക്കുവാൻ വിദേശികളായ പത്രലേഖകന്മാരെ കമ്മ്യൂണിസ്റ്റു ഗവമ്മെൻറു് നിരോധിച്ചു. റഷ്യയിലെ പട്ടിണികിടക്കുന്ന കർഷകലക്ഷങ്ങൾക്കു് ഭക്ഷ്യവിഭവങ്ങളും ദുരിതനിവാരണത്തിനുള്ള മററു സഹായങ്ങളും റഷ്യക്കു വെളിയിൽനിന്നു സ്വീകരിക്കുവാൻ കമ്മ്യൂണിസ്റ്റു ഗവമ്മെൻറ് വിസമ്മതിച്ചു. അങ്ങനെ ലക്ഷോപലക്ഷം കർഷകരെ ആ ഗവമ്മെൻറ് മനസ്സറിഞ്ഞു് മൃഗീയമായി പട്ടിണിക്കിട്ടു കൊന്നു.

ഈ വസ്തുതകളൊന്നും മഹാകവി വള്ളത്തോളിനു് അറിഞ്ഞുകൂടായിരിക്കുമോ? അഥവാ അറിയാമെങ്കിലും റഷ്യയിൽനിന്നു ലഭിച്ച “രാജോചിതമായ” സ്വീകരണംനിമിത്തം അവ തുറന്നുപറയുവാൻ വൈമനസ്യമുണ്ടായിരിക്കുമോ? അങ്ങനെയെങ്കിൽ മൗനമവലംബിക്കുകയായിരുന്നു അദ്ദേഹത്തിനു നല്ലതു്. അവാസ്തവപ്രസ്താവങ്ങൾ മഹാകവികളിൽ നിന്നു പുറപ്പെടുന്നതു് മഹാപാതകമല്ലയോ?

## പ്രസാധകക്കുറിപ്പുകൾ

### യുദ്ധം പിന്നീടു മതിയെന്നു്

അന്തർദ്ദേശീയ റോട്ടറിക്ലബ്ബിൻെറ പ്രസിഡൻറായിരുന്ന ഡോക്ടർ പെർസി ഹോഡ്ഗ്സൺ ഈയിടെ മദ്രാസിൽ വരുകയും അവിടത്തെ റോട്ടറിക്ലബ്ബിൻെറ വകയായി അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം നടത്തിയ വിരുന്നുസല്ക്കാരത്തിൽവച്ചു ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി. ഇതാറാമത്തെ പ്രാവശ്യമാണത്രെ അദ്ദേഹം ലോകം ചുററിസഞ്ചരിക്കുന്നതിനായി പുറപ്പെട്ടിരിക്കുന്നതു്. കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ചുരുക്കം ചില രാജ്യങ്ങൾ ഉൾപ്പെടെ ഇതിനകം അദ്ദേഹം 80 ലധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും യുദ്ധം വേണമെന്നാഗ്രഹിക്കുന്ന യാതൊരു രാജ്യത്തേയും കാണാൻ തനിക്കു സാധിച്ചിട്ടില്ലെന്നും സമാധാനമാണു് എല്ലാവരും അഭിലഷിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. റഷ്യയിലെ ജനങ്ങളുടേയും നേതാക്കന്മാരുടേയും മനോഭാവവും ഇതുതന്നെ എന്നു പ്രസ്താവിച്ചശേഷം അദ്ദേഹം തുടർന്നു: “റഷ്യൻ നേതാക്കൾക്കും ഇപ്പോൾ യുദ്ധം വേണ്ട. അവർ അവരുടെ സമയം തിരഞ്ഞെടുത്തുകൊള്ളും.” കമ്മ്യൂണിസ്റ്റു നേതൃത്വത്തിലുള്ള “സമാധാനപ്രസ്ഥാന”ക്കാർ കൺവെൻഷനുകൾ വിളിച്ചുകൂട്ടുകയും യുദ്ധത്തെ തടയാനും ആററംബോമ്പിനെ നിരോധിക്കാനുമായുള്ള അഭ്യർത്ഥനയിൽ ബഹുജനങ്ങളെക്കൊണ്ടു് ഒപ്പുവയ്ക്കാൻ വെമ്പൽകൊള്ളുകയും ചെയ്യുന്നുണ്ടല്ലോ. അതെല്ലാം ഒരു പ്രചരണതന്ത്രമല്ലാതെ മറൊന്നുമല്ല. തങ്ങൾ സമാധാനകുതുകികളെന്നു ലോകത്തിലെ ജനങ്ങളെ ധരിപ്പിക്കാനുള്ള ഒരു വ്യാമോഹവും ആററംബോമ്പിൻെറ അപ്രതിരോധ്യമായ നശീകരണശക്തിയെക്കുറിച്ചുള്ള ഭീതിയുമാണു് ഈ തന്ത്രത്തിൻെറ അടിയിൽ കിടക്കുന്നതു്. യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റുകാർ സമാധാനകുതുകികളല്ല. അവരുടെ മുദ്രാവാക്യംതന്നെ “ഇങ്കിലാബ് സിന്ദാബാദ്” (വിപ്ലവം ജയിക്കട്ടെ) എന്നാണു്. കൊള്ളയും കൊള്ളിവയ്പും കൊലപാതകവും അവരുടെ പ്രവർത്തനപരിപാടികളിൽ പെടുന്നവയുമാണു്. മനുഷ്യരുടെ സ്വൈരമായ അനുദിനജീവിതത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഇവർ ലോകസമാധാനം ആഗ്രഹിക്കുന്നുവെന്നു പറഞ്ഞാൽ അതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഉത്തരകൊറിയയിലെ അനുഭവം തന്നെ ഇതിനു മതിയാകുന്ന തെളിവാണു്. അവിടത്തെ ജനങ്ങളിൽ പകുതിപ്പേർ മേൽപ്പറഞ്ഞ “സമാധാനാഭ്യർത്ഥന”യിൽ ഒപ്പിട്ടുകഴിഞ്ഞിരുന്ന ഘട്ടത്തിലാണു് ആ രാജ്യം യാതൊരു കാരണവുംകൂടാതെ പെട്ടെന്നു ദക്ഷിണകൊറിയയെ ആക്രമിച്ചതു്.

### സമാധാന കൺവെൻഷനുകൾ

സ്വീഡൻെറ തലസ്ഥാനമായ സ്റ്റോക്കോമിൽ കൂടിയ “സമാധാന കോൺഗ്രസ്സി”നെ തുടർന്നു കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ സമാധാന കൺവെൻഷനുകൾ വിവിധദേശങ്ങളിൽ കൂടുവാനും പ്രസ്തുത കോൺഗ്രസ്സിൽ കരുപ്പിടിച്ച അഭ്യർത്ഥനയ്ക്കു് അനുകൂലമായുള്ള ഒപ്പുകൾ ശേഖരിക്കുവാനും തുടങ്ങി. കഴിഞ്ഞവർഷത്തിൽ അതുപോലൊരു കോൺഗ്രസ്സ് ഇംഗ്ലണ്ടിൽവച്ചു കൂടുവാൻ തൽപ്രണേതാക്കൾ ആഗ്രഹിച്ചുവെങ്കിലും, അതിൻെറ യഥാർത്ഥസ്വഭാവം എന്തെന്നു ബ്രിട്ടിഷുഗവമ്മെൻറിനു നല്ലപോലെ അറിയാമായിരുന്നതുകൊണ്ടു് അതിനു അനുമതി നിഷേധിക്കപ്പെട്ടു. തൽക്കാരണത്താൽ അതു പോളണ്ടിലെ തലസ്ഥാനമായ വാർസോയിൽവച്ചു കഴിഞ്ഞ നവംബർമാസത്തിൽ നടത്തി. ഇക്കഴിഞ്ഞ ഏപ്രിൽമാസത്തിൽ ഡൽഹിയിൽവച്ചു ഒരു “സമാധാന കോൺഗ്രസ്സ്” നടത്താൻ നടപടികൾ ആരംഭിച്ചതാണെങ്കിലും ഗവമ്മെൻറുനിരോധനംനിമിത്തം അവിടെവച്ചു അങ്ങനെയൊരു സമ്മേളനം നടത്താൻ സാധിക്കാതെവന്നു. ഇൻഡ്യയിൽ ഈ സമാധാനപ്രസ്ഥാനത്തിൻെറ നേതൃത്വം വഹിക്കുന്ന ഡോക്ടർ കിച്ച്ലു കുറെനാൾ മുമ്പു് കേരളത്തിൽ പര്യടനം നടത്തിയതായും ചില സ്ഥലങ്ങളിൽ ഇതുസംബന്ധിച്ചു കൂടിയ പൊതുയോഗങ്ങളിൽ അദ്ദേഹവും മററു ചില കമ്മ്യൂണിസ്റ്റു നേതാക്കളും പ്രസംഗിച്ചതായും റിപ്പോർട്ടുണ്ടായിരുന്നു. ഇനിയും കേരളത്തിലെ ചില പ്രധാനപട്ടണങ്ങളിൽ ഇത്തരം സമ്മേളനങ്ങൾ കൂട്ടുവാൻ ഉദ്ദേശിച്ചിരിക്കുന്നതായി കാണുന്നു. അത്തരം യോഗങ്ങളിൽ സംബന്ധിക്കുകയോ അവയ്ക്കു പിന്തുണ നല്കുകയോ തൽപ്രണേതാക്കൾ കൊണ്ടുവരുന്ന അഭ്യർത്ഥനയിൽ ഒപ്പുവയ്ക്കുകയോ ചെയ്യരുതെന്നു് സാക്ഷാൽ സമാധാനപ്രേമികളായ മാന്യമഹാജനങ്ങളെ, വിശിഷ്യ കത്തോലിക്കരെ, ഉൽബോധിപ്പിച്ചുകൊള്ളുന്നു. (ഈ വിഷയം സംബന്ധിച്ചു് 21-2-51, 28-2-51, 22-8-51 എന്നി തീയതികളിലെ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മുഖപ്രസംഗങ്ങളിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.)

### സന്ദേഹത്തിനു് അവകാശമില്ല

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു സന്ദേഹത്തിനും അവകാശമില്ല. “കമ്മ്യൂണിസ്റ്റു നേതൃത്വത്തിലുള്ള ലോകസമാധാനപ്രസ്ഥാനത്തെ പിന്താങ്ങുക സാദ്ധ്യമല്ലെന്നു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാതിരുമേനി പ്രസ്താവിച്ചതായി”വത്തിക്കാൻ റേഡിയോ അറിയിച്ചിരുന്നു. ഈ സന്ദേശം 1951 മാർച്ചു് 6-ാംനു- ലണ്ടനിൽനിന്നു റോയിട്ടർവാർത്താവിതരണസംഘക്കാർ വീണ്ടും ലോകമെങ്ങും വിളംബരം ചെയ്യുകയുണ്ടായി. വത്തിക്കാനിലെ അർദ്ധഔദ്യോഗികപത്രമായ “ഒസ്സർവത്തോരെ റൊമാനോ”യിൽ ഈ വിഷയം സംബന്ധിച്ചുവന്ന ഒരു ലേഖനത്തെ ആധാരമാക്കി ഡഗ്ലസ് ഹൈഡ് എന്നദേഹം ലണ്ടനിലെ “കാത്തലിക് ഹെരൾഡ്” എന്ന പത്രത്തിൽ Red trap for the Pope എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനവും ശ്രദ്ധാർഹമാണു്. അതിൽ പ്രസ്താവിച്ചിരുന്നതു് ഇപ്രകാരമാണു്: കമ്മ്യൂണിസ്റ്റുകാരുടെ അഖിലലോകസമാധാനകൗൺസിലിൻെറ ഫ്റഞ്ചു പ്രസിഡൻറായ പ്രഫസ്സർ ജോളിയോ ക്യൂരി(Joliot—Curie) മാർപ്പാപ്പാതിരുമേനി സമാധാനത്തെ പുരസ്കരിച്ചു് ചെയ്തിരുന്ന പ്രസ്താവനകൾ ഉദ്ധരിച്ചുകൊണ്ടു് തിരുമേനിക്കു് ഒരു കത്തയക്കുകയുണ്ടായത്രെ. ആ പ്രസ്താവനകളോടു് തങ്ങളുടെ “കൗൺസിലു” പരിപൂർണ്ണമായി യോജിക്കുന്നെന്നും ആകയാൽ അതിൻെറ ആഭിമുഖ്യത്തിലുള്ള സമാധാനപ്രസ്ഥാനത്തെ ആശീർവ്വദിക്കാൻ അഭ്യർത്ഥിക്കുന്നെന്നും പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിക്കാരുടെ അഖിലലോകസംഘടനയായ കൊമിൻഫോം മാർപ്പാപ്പായെ “യുദ്ധപ്രണയി” എന്നു പറഞ്ഞു് ആക്ഷേപിച്ചുകൊണ്ടിരുന്ന ഒരു ഘട്ടത്തിലാണു് ഈ കത്തു് അയക്കപ്പെട്ടതെന്നോർക്കണം. മാർപ്പാപ്പാതിരുമേനി ഈ സമാധാനപ്രസ്ഥാനത്തെ ആശീർവ്വദിക്കുകയാണെങ്കിൽ കത്തോലിക്കരെ മുഴുവൻ അതിൻെറ കൊടിക്കീഴിൽ അണിനിരത്താൻ സാധിക്കുമെന്നും, അല്ലാത്തപക്ഷം മാർപ്പാപ്പായുടെ രാജ്യതന്ത്രവും അവിടത്തെ ആദർശങ്ങളുംതമ്മിൽ പൊരുത്തമില്ലെന്നു തെളിയിക്കുവാൻ ഇതൊരു മാർഗ്ഗമായിരിക്കുമെന്നുമായിരുന്നു കത്തയച്ചവരുടെ പ്രതീക്ഷ. തിരുമനസ്സിലെ പേർക്കായി അവിടത്തെ സെക്രട്ടറി മോൺസിഞ്ഞോർ മൊന്തീനി അയച്ച മറുപടിക്കത്തിൽ, തിരുമേനിയെ അവർ സദാ “യുദ്ധപ്രണയി” എന്നു മുദ്രയടിക്കയും അവിടുന്നു് സമാധാനത്തിനു് എതിരാണെന്നു് പ്രചരണവേല നടത്തുകയും ചെയ്തുവന്നതിനെ അനുസ്മരിപ്പിക്കയും, സത്യത്തിലും നീതിയിലും അധിഷ്ഠിതമായ സമാധാനം, സമാധാനരാജൻെറ പ്രതിപുരുഷനായ അവിടുന്നു് ഏററവുമധികമായി അഭിലഷിക്കുന്നുവെന്നു് പ്രസ്താവിക്കയുംചെയ്തിരുന്നു. കത്തയച്ചവർ അഭിലഷിച്ചതുപോലുള്ള യാതൊരംഗീകാരവും ആശീർവ്വാദവും മറുപടിയിലില്ലായിരുന്നു. എന്നാൽ അതേസമയംതന്നെ യഥാർത്ഥ സമാധാനത്തിനായുള്ള തിരുമനസ്സിലെ ആകാംക്ഷ വ്യക്തമാക്കിയുമിരുന്നു. ആകയാൽ പ്രതിപക്ഷക്കാർ പ്രതീക്ഷിച്ചതുപോലെ തിരുമേനിയെ കെണിയിൽപ്പെടുത്തുവാൻ സാധിച്ചില്ല. പക്ഷേ, വിപ്ലവനേതാക്കന്മാരുടെ പ്രചോദനഫലമായുള്ളതും ദുരുദ്ദേശപ്രേരിതവുമായ ഈ സമാധാനപ്രസ്ഥാനത്തിനു് തിരുമേനി എതിരാണെന്നായിരുന്നു കത്തിൻെറ ധ്വനി.


## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |


## അടുത്തയാഴ്ചയിൽ

സെപ്ററംബർ

23 ഞാ: പന്തക്കുസ്താ 19-ാം ഞായർ
24 തി: മനോഗുണമാതാവു്
25 ചൊ: എസ്തപ്പാനോസ്
26 ബു: കപ്രിയാനോസ്
27 വ്യാ: കോസ്മാസും ദമിയാനും
28 വെ: വെഞ്ചെസ്ലാവോസ് (സ്മ
29 ശ: മിഖായേൽ മാലാഖാ

പള്ളിക്കുദാശ


## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ സുഖക്കേടു് മാറിയതിനു ഉപകാരസ്മരണ.

എന്നു

എം. ടി. ഇട്ടീര, നായരമ്പലം


## കമ്മ്യൂണിസം

### പാഠപദ്ധതിയിൽ

അമേരിക്കൻ ഐക്യനാടുകളിലെ സർവ്വകലാശാലകളിൽവച്ചു് സാൻഫ്രാൻസിസ്കോയിലെ ജസ്വിററു സർവ്വകലാശാലയാണു കമ്മ്യൂണിസം ഇദംപ്രഥമമായി പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. കമ്മ്യൂണിസത്തിൻെറ നാനാവശങ്ങളെപ്പററിയും വേണ്ടത്ര അറിവു സമ്പാദിക്കാത്ത വിദ്യാർത്ഥികൾക്കു ബിരുദങ്ങൾ ലഭിക്കുന്നതല്ല. ഈ പദ്ധതിയെ എതിർക്കുന്നതു കമ്മ്യൂണിസ്റ്റുകാർ മാത്രമാണു്.

## ഇടവകവാർത്തകൾ

പാവറട്ടി: പാവറട്ടി സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ 1949-ൽ സ്ഥാപിതമായ ഡിസ്പെൻസറി ഇന്ന് ആരോഗ്യം പേർക്ക് സൗജന്യമായി മരുന്നു നല്കുവാൻ പര്യാപ്തമായ ഒരു സ്ഥിതിയിലേക്ക് ഉയർന്നിരിക്കുന്നു.

—പാലത്തുരുത്ത്: സെപ്തംബർ 9-ാംനു- റവ. ഫാ. കയ്യാലക്കൽ ട്രായിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. മെ. തോമസ് തറയിൽ ബി എ, പി എം. ഫിലിപ്പ് പുത്തൻപുരയ്ക്കൽ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്യുകയുണ്ടായി. ശ്രീ ജയിംസ് തറയിൽ ബി എ സഖ്യത്തിൻെറ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—വരാപ്പുഴ: മണ്ണംതുരുത്തു സെൻറ് ജോസഫ് സ്ക്കൂൾ ഹാളിൽവച്ച് സെപ്തംബർ 13-ാംനു- ബാലകാഥികൻ മിസ്റ്റർ ടോം ജോസ് "ബാഷ്പവർഷം" എന്ന ബൈബിൾകഥയെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—പാലയൂർ: ക. കേ. ക. കോൺഗ്രസ് ശാഖയുടെ വർക്കിംഗ്കമ്മിറ്റിയോഗം റവ. ഫാ. ജോർജ്ജ ചുങ്കത്ത് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി സംഘടനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനും അടുത്ത ഡിസംബറിൽ പ്രഥമ വാർഷികം കൊണ്ടാടുവാനും തീരുമാനിച്ചിരിക്കുന്നു.

—പൈങ്ങളം: കത്തോലിക്കാ കോൺഗ്രസ്, സെൻറ് മേരീസ് മിഷൻ സൊസൈററി, ലീജിയൻ ഓഫ് മേരി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സെപ്തംബർ 8 ാംനു- പാലാമെത്രാൻ ഡോ. വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. റവ. ഫാ. ജി. സി. ടിച്ചർ തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

—തിരുവല്ല: നിരണംപള്ളി വികാരി റവ. ഫാ. ജോൺ മേളാമ്പറമ്പിൽ ഉപരിവിദ്യാഭ്യാസാർത്ഥം റോമിലേക്കു പുറപ്പെട്ടിരിക്കുന്നു.

### ചരമം

കാറൂർ: കൊടകക്കാട്ടു പള്ളി ഇടവക കണ്ണനായ്ക്കൽ കാഞ്ഞിരപ്പറമ്പിൽ ഔസേപ്പുണ്ണി അവർകളുടെ പത്നി സെപ്തംബർ 6-ാംനു- നിര്യാതയായിരിക്കുന്നു.

—മേക്കാട്ട്: കോട്ടയ്ക്കൽ ശ്രീ അന്തോണി അവർകൾ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം സെപ്തംബർ 12-ാംനു- നിര്യാതനായിരിക്കുന്നു. R. I. P.

## തിരു. കൊച്ചിവാർത്തകൾ

### രാഷ്ട്രീയാന്തരീക്ഷം

പുതിയ മന്ത്രിസഭാരൂപവൽക്കരണത്തിനു ശേഷവും തിരുകൊച്ചിയിലെ രാഷ്ട്രീയാന്തരീക്ഷം അസ്വസ്ഥമായിത്തന്നെ തുടർന്നുകൊണ്ടിരിക്കുന്നു. കേശവമന്ത്രിസഭയുടെപേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം അടുത്ത നിയമസഭായോഗത്തിൽ അവതരിപ്പിക്കുന്നതിനു ഒരു സ്വതന്ത്രമെമ്പർ നോട്ടീസ് കൊടുത്തിട്ടുണ്ട്. ഭക്ഷ്യം വസ്ത്രം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മന്ത്രിസഭ പരാജയമടഞ്ഞിരിക്കുന്നെന്നതാണ് ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണം. മുൻമന്ത്രിസഭയോടുള്ള പ്രതിഷേധപ്രകടനങ്ങളിൽ പങ്കെടുക്കാതിരുന്ന കൊച്ചിയിലെ ചോയലിസ്റ്റ് ഗ്രൂപ്പുകാരുടെ പ്രതിനിധിയെ പുതിയ മന്ത്രിസഭയിൽ ഉൾപ്പെടുത്തിട്ടില്ലെന്നൊരു ആരോപണവും അവശേഷിച്ചിട്ടുണ്ട്. പ്രസ്തുത ചോയലിസ്റ്റുകാരും നിയമസഭയിലെ ഇതരപാർട്ടികളും അവിശ്വാസപ്രമേയത്തെ അനുകൂലിക്കാനിടയുണ്ടെന്നു പറയപ്പെടുന്നു.

### അവധി 25-ാംനു-വരെ നീട്ടി

കേരളാപ്രദേശ് കോൺഗ്രസ് ഇലക്ഷൻ കമ്മിററിയുടെ ഒരു യോഗം സെപ്തംബർ 15-ാംനു- കൂടി, കോൺഗ്രസ് സ്ഥാനാർത്ഥിത്വത്തിനുള്ള അപേക്ഷകൾ സെപ്തംബർ 25-ാംനു- വരെ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

### കോൺ: പാർട്ടിയോഗം

കോൺഗ്രസ് പാർലമെൻററി പാർട്ടിയോഗം സെപ്റ്റംബർ 16-ാംനു- ലീഡറുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തിരുവിതാംകൂർ സർവ്വകലാശാലാ വൈസ് ചാൻസലറായി സർ രാമസ്വാമി മുതലിയാരെ നിയമിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ലീഡർ തദവസരത്തിൽ വെളിപ്പെടുത്തി. അരിവില ഇപ്പോൾ കൂട്ടേണ്ടതില്ലെന്നു പാർട്ടി തീരുമാനംചെയ്തു.

### റേഷൻ വിതരണം

സെപ്റ്റംബർ 16 ാംനു- ആരംഭിക്കുന്ന റേഷൻവാരത്തിൽ പ്രായപൂർത്തിയായ ഒരാൾക്കു പ്രതിദിനം നാലര ഔൺസ് അരിയും നാലര ഔൺസ് ഗോതമ്പും വീതം നൽകുന്നതാണെന്നു ഗവണ്മെൻറിൽനിന്നും പ്രസിദ്ധംചെയ്തിരിക്കുന്നു. രണ്ടൗൺസ് ഗോതമ്പ് നിർബന്ധിതമായിരിക്കുന്നതാണ്.

### നിയമസഭാസമ്മേളനം

തിരു കൊച്ചി അസംബ്ലി മുൻ പരിപാടിയനുസരിച്ച് സെപ്റ്റംബർ 17-ാംനു- പ്രഭാതത്തിൽ സ്പീക്കർ ശ്രീ ടി. എം. വറുഗീസിൻെറ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പുതിയ വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ചു നടന്ന ചോദ്യോത്തരങ്ങൾക്കിടയിൽ, 518 സ്കൂളുകൾ പദ്ധതിയനുസരിച്ച് ഷിഫ്റ്റ്‌ സമ്പ്രദായത്തിൽ അടച്ചിട്ടുണ്ടെന്നും 407 സ്കൂളുകൾ പദ്ധതിയിൽ ചേരാതെയുണ്ടെന്നും, പദ്ധതിയിൽ ചില ഭേദഗതികൾ ചെയ്യുവാൻ കേന്ദ്രഗവമ്മെൻറിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടെങ്കിലും അതനുസരിച്ച് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും വിദ്യാഭ്യാസമന്ത്രി ശ്രീ എൽ. എം. പൈലി വെളിപ്പെടുത്തി.

ഉച്ചതിരിഞ്ഞു നടന്ന സമ്മേളനത്തിൽ ശ്രീ ടി. ടി. കേശവൻശാസ്ത്രി ഡെപ്യൂട്ടി ലീഡറായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. അതേതുടർന്നു ശ്രീ ടി.എം.വറുഗീസ് തൻെറ സ്പീക്കർപദം രാജിവച്ചിരിക്കുന്നതായി പ്രഖ്യാപിക്കുകയുണ്ടായി.

## ഇന്ത്യാവാർത്തകൾ

### കോൺ. വർക്കിംഗ്കമ്മിററി

കോൺ. പ്രസിഡണ്ട് പണ്ഡിററ് നെഹ്റു താഴെപറയുന്നവരെ പുതിയ വർക്കിംഗ്കമ്മിററിയിലെ അംഗങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നു: മൌലാനാ അബ്ദുൽകലാം ആസാദ്, പുരുഷോത്തമദാസ് താണ്ഡൻ, പണ്ഡിതഗോവിന്ദവല്ലഭ പാന്ത്, മൊറാർജി ദേശായി, കാമരാജനാടാർ, ശങ്കരറാവുദേവ്, എൻ. സഞ്ജീവറെഡ്ഡി, നവകൃഷ്ണചൗധരി, പ്രതാപ്സിംഗ് കെയ്റോൺ, ബി. എസ്. ഹിരേ, മണിലാൽ വമ്മ, വി. ഐ. മുനിസ്വാമിപിള്ള, ഗുൽസാരിലാൽ നന്ദ, ലാൽബഹദൂർ ശാസ്ത്രി, യു. ശ്രീനിവാസമല്ലയ്യ. അഞ്ചുപേരെക്കൂടി കമ്മിററിയിൽ ഉൾപ്പെടുത്തുന്നതാണ്. കോൺ. ജനറൽ സെക്രട്ടറിമാരായി മെ. ലാൽബഹദൂർശാസ്ത്രി, യു. ശ്രീനിവാസമല്ലയ്യ എന്നിവരേയും, ട്രഷറർ ആയി മി മൊറാർജി ദേശായിയേയും നിയമിച്ചിരിക്കുന്നു.

### വിദ്യാഭ്യാസകോൺഫറൻസ്

26-ാമത്തെ അഖിലേന്ത്യാ വിദ്യാഭ്യാസകോൺഫറൻസ് ഒക്ടോബർ 22 മുതൽ 26 വരെ തിയതികളിൽ ബോംബെയിൽവച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു ലക്നൌ സർവ്വകലാശാലാ വൈസ്ചാൻസലർ ആചാര്യനരേന്ദ്രദേവാ ആയിരിക്കും ആദ്ധ്യക്ഷം വഹിക്കുന്നതെന്നറിയുന്നു.

### വിമാനാപകടം

സെപ്റ്റംബർ 15-ാംനു- രാവിലെ മദ്രാസിൽനിന്നും തിരുവനന്തപുരത്തേക്കു തിരിച്ച എയർ ഇൻഡ്യാ ഡെക്കോട്ടാവിമാനം ബാംഗളൂരിൽവച്ചു തകർന്നിരിക്കുന്നു. അതിലുണ്ടായിരുന്ന 21 യാത്രക്കാരിൽ ആർക്കുംതന്നെ അപായകരമായ പരുക്കുകൾ ഏല്ക്കാനിടയായില്ല. വൈമാനികനും സഹവൈമാനികനും ഗുരുതരമായ പരുക്കുകൾ ഏല്ക്കുകയും സഹവൈമാനികൻ മി. എം. ഭാസ്കരൻ സെപ്റ്റംബർ 17-ാംനു- മൃതിയടയുകയും ചെയ്തിരിക്കുന്നു.

## അഭ്യർത്ഥന

കുമാരമംഗലം, കരിമണ്ണൂർ, ഏനാനെല്ലൂർ, എന്നീ പകുതികൾ ഉൾക്കൊള്ളുന്ന "കുമാരമംഗലം" നിയോജകമണ്ഡലത്തിൽനിന്നു അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഞാൻ ഒരു സ്ഥാനാർത്ഥിയായി നില്ക്കണമെന്നു എൻെറ മാന്യസുഹൃത്തുക്കളിൽ പലരും ആവശ്യപ്പെട്ടതനുസരിച്ച്, ഞാൻ ഒരു സ്ഥാനാർത്ഥിയായി നില്ക്കാൻ ഉദ്ദേശിച്ചിരിക്കുന്ന വിവരം പ്രസ്തുതനിയോജകമണ്ഡലത്തിലുള്ള എല്ലാ സമ്മതിദായകന്മാരേയും അറിയിച്ചുകൊള്ളുന്നു. നിങ്ങളുടെ ഓരോ വോട്ടും എനിക്കു തന്നു എന്നെ സഹായിക്കണമെന്നു സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്നു,

പനങ്കര
22—8—1951

എൻ. എം. വറുഗീസ്
ചൂരക്കുഴിയിൽ (നെടുംതടത്തിൽ)
പനങ്കര

### സത്യഗ്രഹം അരുതെന്നു നെഹ്റു

ആന്ധ്ര സംസ്ഥാനരൂപീകരണത്തിനുവേണ്ടി മി. സീതാറാം നിരാഹാര സത്യഗ്രഹം നടത്തിവരികയാണല്ലോ. ഇതു സംബന്ധിച്ചു്, പ്രാദേശിക കോൺഗ്രസ് കമ്മിററികളും വിഭജനക്കമ്മിററിയും യോജിച്ചു സ്വീകരിക്കുന്ന ഏതൊരു പദ്ധതിയും നടപ്പിലാക്കാമെന്നും സത്യഗ്രഹമവസാനിപ്പിക്കണമെന്നും പ്രധാനമന്ത്രി നെഹ്റു ഉദ്ബോധിപ്പിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

### കൊറിയ

കൊറിയയിലെ സന്ധിസംഭാഷണങ്ങൾ പരാജയപ്പെട്ടതിനുത്തരവാദി ദക്ഷിണകൊറിയൻ അധികാരികളാണെന്നു ഉത്തരകൊറിയക്കാർ ആരോപണംചെയ്യുന്നുണ്ടെങ്കിലും സന്ധിസംഭാഷണം വീണ്ടുമാരംഭിക്കുവാൻ തങ്ങൾ തയ്യാറാണെന്നു ഐക്യരാഷ്ട്രസേനയുടെ സർവ്വസൈന്യാധിപൻ ജനറൽ റിഡ്ജ്വെ വെളിപ്പെടുത്തിയിരിക്കുന്നു. എങ്ങനെയായാലും കമ്മ്യൂണിസ്റ്റധികാരികൾ വിപുലമായ തോതിൽ ഒരു പ്രത്യാക്രമണത്തിനൊരുങ്ങിവരുന്നതായി അനിഷേധ്യമായ റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു.

### ത്രിശക്തിസമ്മേളനം

കമ്മ്യൂണിസത്തിനെതിരായുള്ള തങ്ങളുടെ നയങ്ങളെ ഏകോപിച്ചു ബലിഷ്ഠമാക്കുന്നതിനും സ്വതന്ത്രരാജ്യങ്ങളെ ശക്തിപ്പെടുത്തുന്നതിനും വേണ്ട നടപടികളെപ്പററി പര്യാലോചിക്കുവാൻ ഫ്രാൻസ്, അമേരിക്ക, ബ്രിട്ടൺ എന്നി രാഷ്ട്രങ്ങളുടെ വിദേശകാര്യമന്ത്രിമാർ സെപ്തംബർ 13-ാംനു- വാഷിംഗ്ടണിൽ സമ്മേളിച്ചിരിക്കുന്നു.

### ജോർജ്ജ് മാർഷൽ രാജിവച്ചു

അമേരിക്കൻ ഐക്യനാടുകളുടെ പ്രതിരോധവകുപ്പു സിക്രട്ടറി ജനറൽ ജോർജ്ജ് മാർഷൽ തൽസ്ഥാനം രാജിവച്ചിരിക്കുന്നു.

## ഉപകാരസ്മരണ

സിസ്റ്റർ അൽഫോൻസായുടേയും, റീത്താപുണ്യവതിയുടെയും, പ: കന്യകാമാതാവിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

P. K. M., Melukavemattam.

## ക. കോൺഗ്രസ് പ്രസിഡണ്ട്

അ. കേ. കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടുസ്ഥാനത്തേക്കു നിർദ്ദേശിക്കപ്പെട്ട 8 പേരിൽ ഡോക്ടർ ആർ. എം. മത്തായി, ഷെവ. ജോസഫ് പെട്ട എന്നിവർ മാത്രമേ യഥാസമയം സമ്മതം നല്കിയിട്ടുള്ളുവെന്നും തിരഞ്ഞെടുപ്പ് രഹസ്യബാലററുമൂലം നടത്തുന്നതാണെന്നും ക. കോൺ. ഇലക്ഷൻബോർഡിൽനിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

### മാർപ്പാപ്പാ തിരുമനസ്സിലെ

## ചാക്രികലേഖനം

നാരകീയശത്രുവിൻെറ കയ്യേററങ്ങൾക്കെതിരായി ഒരൊററ കൊടിക്കീഴിൽ അണിനിരക്കുവാൻ ലോകത്തിലുള്ള എല്ലാ ക്രൈസ്തവരേയും പന്ത്രണ്ടാംപീയൂസു മാർപ്പാപ്പാ തിരുമേനി ഇന്നു ആഹ്വാനംചെയ്തിരിക്കുന്നു.

റോമൻകത്തോലിക്കാസഭയിലെ എല്ലാം മെത്രാന്മാക്കും അയച്ചിട്ടുള്ള സുദീർഘമായ ചാക്രികലേഖനത്തിലാണു മാർപ്പാപ്പാതിരുമേനി ഈ അഭ്യർത്ഥന ചെയ്തിരിക്കുന്നതു്.

അടുത്തമാസത്തിൽ ആഘോഷിക്കപ്പെടുന്ന കൽക്കദോനിയാ സൂനഹദോസിൻെറ 15-ാം ശതാബ്ദപൂർത്തി സംബന്ധിച്ചാണു ഈ വിശ്വലേഖനം അയക്കപ്പെട്ടിരിക്കുന്നതു്. ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ടെന്നു നിർവ്വചിച്ച കൽക്കദോനിയാ സൂനഹദോസ് സഭാചരിത്രത്തിലെ വിധിനിർണ്ണായകമായ ഒരു സംഭവമായിരുന്നു. ഇതുനിമിത്തം, തിരുസ്സഭയിൽനിന്നു പിണങ്ങിപ്പോയവരാണു യാക്കോബായക്കാർ.

ഈ സഭകൾ റോമൻകത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മാർപ്പാപ്പാതിരുമേനി അഭ്യർത്ഥിക്കുന്നു.

മാർപ്പാപ്പാതിരുമേനി ഇപ്രകാരം പ്രസ്താവിക്കുന്നു: "ദൈവികവും ക്രൈസ്തവവുമായ സകലതിനേയും നശിപ്പിക്കുന്നതിനു അഥവാ ഉൻമൂലനാശംചെയ്യുന്നതിനു വിവിധരാജ്യങ്ങളിൽ ദൈവശത്രുക്കൾ ചെയ്യുന്ന ഭീഷണിയിലെ ബീഭത്സതയും കശ്മലതയും ഭയത്തോടുകൂടിയല്ലാതെ നോക്കുവാൻ ആർക്കുകഴിയും."

സംഘടിതശക്തികളെ എതിർക്കുന്ന ഏവരും, പ്രത്യേകിച്ചു് മാമ്മോദീസായാൽ മുദ്രിതരും ക്രിസ്തുവിനുവേണ്ടി പടപൊരുതുവാൻ ബാദ്ധ്യസ്ഥരും ആയവർ, വിഭക്തരും വിഭിന്നരും ആയി തുടരുവാൻ പാടുള്ളതല്ല.

### കൽക്കദോനിയാ സൂനഹദോസ്

എ. ഡി. 451-ൽ ഒന്നാം ലെയോ മാർപ്പാപ്പായുടെ കാലത്തു് ഏഷ്യാമൈനറിൽ ബിത്തീനിയാ പ്രദേശത്തുള്ള കൽക്കദോനിയാ നഗരത്തിൽവച്ചുകൂടിയ ഈ സൂനഹദോസ് സഭയിലെ നാലാമത്തെ സാർവ്വത്രികസൂനഹദോസാണ്.

451 ഒക്ടോബർ 3 മുതൽ നവംബർ 1 വരെ ദീർഘിച്ച സൂനഹദോസിൽവച്ച് സഭാപിതാക്കന്മാർ എവുത്തിക്കൂസിൻെറയും അനുയായികളുടേയും ഏകസ്വഭാവവാദത്തെ ശപിക്കയും ക്രിസ്തുവിൽ ദൈവമനുഷ്യസ്വഭാവങ്ങൾ വ്യത്യസ്തങ്ങളായി സ്ഥിതിചെയ്യുന്നുവെന്നു അദ്ധ്യവസാനംചെയ്യുകയുംചെയ്തു. അറുനൂറോളം മെത്രാന്മാർ ആ സൂനഹദോസിൽ സംബന്ധിക്കുകയുണ്ടായി.

## സഭാവസ്ത്രദാനം

കോതമംഗലത്തു ധർമ്മഗിരിയിലെ "ദി മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ്" എന്ന സന്യാസസമൂഹത്തിൽപ്പെട്ട 4 അർത്ഥിനികൾക്കു സെപ്റ്റംബർ 15 ാംനു- എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് മെത്രാപ്പോലീത്താ തിരുമേനി സഭാവസ്ത്രം പ്രദാനംചെയ്തിരിക്കുന്നു. തദവസരത്തിൽ റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. ഒരു പ്രസംഗംചെയ്യുകയുണ്ടായി.

# വിദ്യാഭ്യാസപ്രശ്നങ്ങൾ—
# അനന്തരകരണീയമെന്ത്?

V

## മാനേജരും അദ്ധ്യാപകശമ്പളവും

(ഷെവലിയർ ജോസഫ് പെട്ട എം. എ.)

ഇതുവരെ പ്രതിപാദിച്ചവയെക്കാൾ കൂടുതൽ വിഷമകരമായ ഒരു ചുമതലയാണ് അദ്ധ്യാപകശമ്പളം സംബന്ധിച്ചു മാനേജർ വഹിക്കേണ്ടതായിവരുന്നത്, പ്രത്യേകിച്ചും ഈ കാലങ്ങളിൽ. നിത്യോപയോഗത്തിനു ആവശ്യമായ ഭക്ഷ്യവിഭവങ്ങളുടേയും മററു സാധനസൗകര്യങ്ങളുടേയും വില വല്ലാതെ വർദ്ധിച്ചതോടുകൂടി, അദ്ധ്യാപകന്മാർക്കു അവരുടെ പഴയശമ്പളംകൊണ്ടു ജീവസന്ധാരണം സാദ്ധ്യമല്ലാതായി. അതു വലിയൊരു സാമുദായികപ്രശ്നമായും തീർന്നു, പക്ഷേ പ്രതിവിധിയില്ലാത്തതായിത്തീർന്നില്ല.



കാർഷികവും വ്യാവസായികവുമായ സകല ഉല്പന്നങ്ങൾക്കും സർവ്വവിധ സേവനങ്ങൾക്കും വില വർദ്ധിച്ചതനുസരിച്ച് അദ്ധ്യാപകസേവനത്തിന്റെ വിലയും—അതായതു, കുട്ടികളുടെ ഫീസ്സുനിരക്കും—ന്യായമായതോതിൽവർദ്ധിപ്പിച്ച് അതിൽനിന്നു അദ്ധ്യാപകന്മാർക്കു കൂടുതൽ ശമ്പളംകൊടുക്കുക, എന്നുള്ളതായിരുന്നു മേൽപ്പറഞ്ഞ പ്രശ്നത്തിന്റെ യുക്തിപൂർവ്വവും നീതിപരവുമായ പ്രതിവിധി. പക്ഷേ, ജനക്ഷേമരാഷ്ട്ര (Welfare State) സ്ഥാപനത്തിനെന്ന നാട്യേന സമൂലാധികാരവും കരസ്ഥമാക്കുന്നതിനും സകലത്തിലും കൈകടത്തുന്നതിനും വെമ്പൽകൂട്ടുന്ന ആധുനികഗവമ്മെന്റുകൾ ഫീസ്സ്‌വർദ്ധനവു നിരോധിച്ചുകളഞ്ഞു; മാത്രമല്ല ഉള്ള നിരക്കും വെട്ടിക്കുറച്ചു; പോരെങ്കിൽ പ്രാഥമികവിദ്യാഭ്യാസം സൗജന്യവുമാക്കി. അഗാധചിന്തകരായ കമ്മ്യൂണിസ്റ്റ് സൂത്രധാരന്മാർ ഇതിന്റെയൊക്കെ ഉള്ളുകള്ളികൾ മനസ്സിലാക്കി ഉള്ളുകൊണ്ടു ചിരിച്ചു. ചിന്താവിഹീനരായ ബഹുജനങ്ങളാകട്ടെ, ഇതെല്ലാം വലിയൊരാനുകൂല്യവും പുരോഗമനപരിഷ്ക്കാരവുമായി പരിഗണിച്ച് ആനന്ദമോദനം മുഴക്കി, അഭിനന്ദനങ്ങൾ സമർപ്പിച്ചു. പക്ഷേ ഇവയ്ക്കുള്ള ചെലവെല്ലാം നികത്തിത്തരേണ്ട തങ്ങൾതന്നെ കെട്ടിക്കൊടുക്കേണ്ടിവരുമെന്ന പരുപരുത്ത പരമാർത്ഥത്തെപ്പററി അവർ അത്ര ചിന്തിച്ചില്ല; പിന്നാലെവരാനിരുന്ന അടിമത്തത്തെ അവർ അന്നൊന്നും കണ്ടതുമില്ല. എന്നാൽ വാസ്തവത്തിൽ, ഈ വെട്ടിക്കുറവും സൗജന്യവുമെല്ലാം വിദ്യാഭ്യാസദേശീയവൽക്കരണത്തിന്റെ അസ്തിവാരം ഉറപ്പിക്കുന്നതിനുള്ള കൂടകൗശലങ്ങളായിരുന്നു. ആ കൗശലപരിപാടി സർവ്വദിക്കിലും ഒട്ടേറെ ഫലിച്ചും കഴിഞ്ഞു, നമ്മുടെ ദിക്കിൽ കുറെ കൂടുതലായും ഫലിച്ചു; അതിന്റെ പരിണതഫലമാണല്ലോ അടുത്തകാലത്തുണ്ടായ കോളിളക്കവും "പരാതി"കളുമെല്ലാം. പൂർണ്ണശാന്തത ഇനിയും സമാഗതമായിട്ടുമില്ല.

അദ്ധ്യാപകർ മുഖേന മാനേജ്മെന്റുകൾ വിതരണംചെയ്യുന്ന വിദ്യാഭ്യാസത്തിനു അനുഭവസ്ഥന്മാർ ന്യായമായ വില കൊടുക്കേണ്ടതില്ലെന്നുവന്നതോടെ, അദ്ധ്യാപകരും മാനേജരും ഒരുപോലെ പിച്ചപ്പാളയുമായി ഗവമ്മെന്റിന്റെ പടി കാക്കേണ്ടതായിവന്നു. ഗവമ്മെന്റാകട്ടെ, ഈ തക്കം നോക്കി, ഔദാര്യഭാവേന, അദ്ധ്യാപകശമ്പളത്തിനുപോരാതെവരുന്ന സംഖ്യ മുഴുവനും തങ്ങൾ കൊടുത്തുകൊള്ളാമെന്നും എന്നാൽ അതു ലഭിക്കണമെന്നുണ്ടെങ്കിൽ മാനേജ്മെന്റുകൾ തങ്ങളുടെ അധികാരാവകാശങ്ങളെല്ലാം വച്ചൊഴിയണമെന്നും ഒരു പ്രഖ്യാപനം തട്ടിവിട്ടു. അരിഷ്ടിച്ചുകഴിഞ്ഞിരുന്ന അദ്ധ്യാപകവൃന്ദം ആവേശപൂർവ്വം ഉടനടി അതിൽ കയറിപ്പിടിച്ചു മാനേജർമാർ ധർമ്മസങ്കടത്തിലുമായി.

ഫീസ്സ്‌നിരക്കു ഗവമ്മെന്റു കുറയ്ക്കുകയും പല ക്ലാസ്സുകളിലും ഫീസുതന്നെ ഇല്ലാതാക്കുകയും ചെയ്തിരിക്കെ, അദ്ധ്യാപകശമ്പളത്തിനു പോരാതെവരുന്ന സംഖ്യ നീതിയാൽത്തന്നെ ഗവമ്മെന്റ് കൊടുക്കേണ്ടതാണെന്നും അതിൽ സൗജന്യമോ ഔദാര്യമോ ഒന്നുമില്ലെന്നും ആ സംഖ്യ വസൂൽചെയ്യുന്നതിനു അദ്ധ്യാപകരും പൊതുജനങ്ങളും മാനേജ്മെന്റുകളോടു ചേർന്നുനിന്നു പൊരുതേണ്ടതു കേവലം ധർമ്മം മാത്രമാണെന്നുമുള്ള നിലയാണ് എല്ലാവരും സ്വീകരിക്കേണ്ടിയിരുന്നതു്. പക്ഷേ നിർഭാഗ്യവശാൽ സംഭവിച്ചതു മററുതരത്തിലാണ്. ഗവമ്മെന്റിന്റെ വശ്യവാഗ്ദാനങ്ങളാൽ വ്യാമോഹിതരായിത്തീർന്നതുകൊണ്ടും; മുൻകാലങ്ങളിൽ തെക്കൻപ്രദേശങ്ങളിലെ ചുരുക്കം ചില മാനേജർമാർ അനുവർത്തിച്ച അനാശാസ്യനയത്തിൽനിന്നുളവായ അമർഷംമൂലവും; ഭാവിയിൽ വിദ്യാഭ്യാസതാൽപര്യങ്ങൾക്കും തന്നിമിത്തം രാജ്യത്തിനൊട്ടാകെയും വന്നുകൂടുവാനിടയുള്ള ദുരിതങ്ങൾ വിഭാവനംചെയ്യുന്നതിനു സാധിക്കാതെപോയതിനാലും; അനേകം അദ്ധ്യാപകന്മാർ, വിദ്യാലയാധികൃതന്മാരോടു സഹകരിച്ചു ധർമ്മസമരം നടത്തേണ്ടതിനുപകരം, ഗവമ്മെന്റ്പക്ഷം ചേർന്നു മാനേജർമാരെ ശ്വാസം മുട്ടിക്കുന്നതിനാണു മുതിർന്നതു്. അങ്ങനെയാണ് ഇന്നത്തെ ദുർഘടതരമായ വിദ്യാഭ്യാസപ്രശ്നം ആവിർഭവിച്ചതും അദ്ധ്യാപകപണിമുടക്കു തുടങ്ങിയുള്ള അഭൂതപൂർവ്വമായ അനിഷ്ടസംഭവങ്ങൾ നമ്മുടെ പ്രശസ്തവും പാവനവുമായ വിദ്യാഭ്യാസാന്തരീക്ഷം പങ്കിലമാക്കിയതും. ഏതായാലും കൊച്ചിതിരുവിതാംകൂർ രാജ്യങ്ങളുടെ സുദീർഘവും മഹനീയവുമായ വിദ്യാഭ്യാസചരിത്രത്തിൽ ബീഭത്സമായ ഒരദ്ധ്യായം സൃഷ്ടിച്ചുകഴിഞ്ഞു. കഴിഞ്ഞതിനെപ്പററി വിലപിച്ചിട്ടു ഫലവുമില്ല. "വന്നതിനല്ല ഖേദം, വരാതെ സൂക്ഷിക്കണം;" ആകയാൽ ഇനി എന്താണു കരണീയമായിട്ടുള്ളതു്? അതാണു ഇന്നത്തെ പ്രശ്നം. (സൗജന്യവിദ്യാഭ്യാസത്തിന്റെ ഗുണദോഷം സംബന്ധിച്ചു ഗുരുതരമായ പല തെററിദ്ധാരണകളും ഇന്നു ജനതാമദ്ധ്യത്തിൽ പ്രചരിച്ചിട്ടുണ്ടു്. അവയെപ്പററി പിന്നീടു പ്രതിപാദിക്കാം.)

ശമ്പളക്കൂടുതൽ ലഭിക്കാതെ അദ്ധ്യാപകർക്കു കഴിഞ്ഞുകൂടാൻ നിവൃത്തിയില്ല; അതു പരമാർത്ഥമത്രെ. ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള സ്വാഭാവികവും നീതിയുക്തവുമായ മാർഗ്ഗം ക്ലാസ്സ്‌ഫീസ് വർദ്ധിപ്പിക്കുക എന്നതാണ്. അതു ഗവർമ്മെന്റ് അനുവദിക്കുന്നുമില്ല. ആ സ്ഥിതിക്ക്, ഗവർമ്മെന്റ് ഗ്രാന്റ്കൂടാതെ അദ്ധ്യാപകർക്ക് വർദ്ധിപ്പിച്ച തോതിൽ ശമ്പളം കൊടുക്കുന്നതിനു മാനേജ്മെന്റുകൾക്കു സാദ്ധ്യമല്ല. ഗ്രാന്റ് ലഭിക്കണമെങ്കിലോ, വിദ്യാഭ്യാസതാൽപര്യങ്ങൾ ബലികഴിച്ചു ദേശീയവൽക്കരണത്തിനു സമ്മതിച്ചുകൊടുക്കണം. അതിനു കത്തോലിക്കാ മാനേജുമെന്റുകൾക്കു നിവൃത്തിയുമില്ല. ഈ ദുർഘടസന്ധിയിൽ മാനേജർ എന്താണുചെയ്യേണ്ടതെന്നു ഖണ്ഡിച്ചുപറയുക എളുപ്പമല്ല. ഒന്നുരണ്ടു മാർഗ്ഗങ്ങൾ ഏതാണ്ടു സൂചിപ്പിക്കാമെന്നുമാത്രം.

ഗവർമ്മെന്റിൽനിന്നു നീതി—അതായതു്, ന്യായമായ ഗ്രാന്റും നീതിയുക്തമായ പ്രവർത്തനസ്വാതന്ത്ര്യവും—ലഭിക്കുന്നതിനുവേണ്ടി പൂർവ്വോപരി ഊർജ്ജസ്വലമായ പ്രക്ഷോഭണം നടത്തുകയാണു് ആദ്യമായി ചെയ്യേണ്ടതു്. നീതിപരവും അവശ്യാവശ്യകവുമായ ഈ പ്രക്ഷോഭണത്തിൽ അദ്ധ്യാപകർ ഉള്ളഴിഞ്ഞുതന്നെ സഹകരിക്കുമെന്നു പ്രതീക്ഷിക്കണം; ഗവർമ്മെന്റു വാഗ്ദാനങ്ങളുടെ ഉദ്ദേശ്യവും ഉള്ളുകള്ളികളും അവർ ഇതിനകം കുറെയൊക്കെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അങ്ങനെ സഹകരിക്കുന്നതിനു അവർ വഴിപ്പെടാതെ ധാർഷ്ട്യത്തോടെ ശഠിച്ചുനിൽക്കുകയും ഗവർമ്മെന്റിൽനിന്നും നീതി ലഭിക്കാതെവരികയുംചെയ്യുന്നപക്ഷം, ബാക്കി രണ്ടുമാർഗ്ഗങ്ങളാണ് മാനേജുമെന്റുകൾക്ക് അവശേഷിക്കുന്നതു്. ഒന്നുകിൽ വിദ്യാലയങ്ങൾ നിർത്തലാക്കണം. അല്ലെങ്കിൽ മാനമായി അവ നടത്തിക്കൊണ്ടുപോകുന്നതിനു് ആവശ്യകമായ പണം പൊതുജനങ്ങളിൽനിന്നു് ശേഖരിക്കണം. പള്ളിക്കാര്യത്തിൽനിന്നും മററു പൊതുസ്ഥാപനങ്ങളിൽനിന്നും കഴിവുപോലെ അതിലേക്കു് സഹായിക്കാതിരിക്കയില്ല. വിദ്യാലയങ്ങൾ വേണ്ടെന്നുവയ്ക്കുന്നപക്ഷം, നൂറാണ്ടുകളായി നാം അവയ്ക്കുവേണ്ടി സഹിച്ച ക്ലേശങ്ങളും നൂറായിരക്കണക്കിനു് ചെലവുചെയ്ത പണവുമെല്ലാം വ്യർത്ഥമായിത്തീരും. മാത്രമല്ല, ഭാവിയിൽ നമ്മുടെ കുട്ടികളുടെ സൽസ്വഭാവരൂപവൽക്കരണം വലിയൊരു വിഷമപ്രശ്നമായിട്ടും ഭവിക്കും.


**കോമൺവെൽത്ത് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
പൂഞ്ഞാർ തൊടുപുഴ

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ ഡോമിനിക്ക ജോസഫ
ബി. എ. ബി എൽ


ഒന്നു തീർച്ചയാണ്: നമ്മുടെ വിദ്യാഭ്യാസപരമായ മൗലികാവകാശങ്ങളും ആദർശങ്ങളും സർവ്വാധിപത്യരാഷ്ട്രത്തിനു് ബലികഴിക്കാതെ, അന്യൂനമായ കത്തോലിക്കാന്തരീക്ഷത്തിൽ, അപ്രമാദങ്ങളായ മതപ്രബോധനങ്ങളുടെ വെളിച്ചത്തിൽ, സദ്‌വൃത്തന്മാരായ ഗുരുഭൂതന്മാരുടെ കീഴിൽ, അപ്രതിഹതമായ സ്വാതന്ത്ര്യത്തോടും ഭദ്രതയോടുംകൂടി നമ്മുടെ കുട്ടികളുടെ ശിക്ഷണം നിർവ്വഹിക്കണമെന്നു് ആത്മാർത്ഥമായി നാം അഭിലഷിക്കുന്നുണ്ടെങ്കിൽ അതിലേക്കുവേണ്ടി ബുദ്ധിമുട്ടുന്നതിനും ചെലവുചെയ്യുന്നതിനും പീഡകൾ സഹിക്കുന്നതിനും സന്നദ്ധരാകണം. ഗവർമ്മെന്റിൽനിന്നു, മററുള്ളവരോടൊപ്പം നമുക്കും, ന്യായമായി കിട്ടേണ്ട ഗ്രാന്റ് ശക്തിയുക്തം വാദിച്ചു വാങ്ങുക അവശ്യാവശ്യകമാണ്. അതിനുവേണ്ടി പ്രജായത്തമാർഗ്ഗങ്ങളിൽക്കൂടി ധീരധീരം സമരംചെയ്യുകതന്നെവേണം. സ്വാഭാവികനീതിയാൽപ്പോലും നമുക്കു അർഹതയുള്ള ജന്മാവകാശങ്ങളാണു് ഇന്നു പ്രത്യേകമായി ഇന്ത്യൻ ഭരണഘടനാനിയമസംഹിതയിൽ "മൗലികാവകാശങ്ങൾ" എന്ന പേരിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. ഭരണാധികാരികൾ അവ നമുക്കനുവദിച്ചുതരുന്നില്ലെങ്കിൽ മററു മാർഗ്ഗങ്ങൾ തേടുന്നതോടൊപ്പം, രാജ്യത്തെ അത്യുന്നത ന്യായാസനം (Supreme Court) വഴിക്കും പരിഹാരം തേടേണ്ടതാണു്. അപ്പോൾ ഗ്രാന്റും മററവകാശങ്ങളും ലഭിക്കുകതന്നെചെയ്യും. ഈ വാദമുഖം മുന്നൊരു ലേഖനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണു്. ആവർത്തനംകൊണ്ടു് അനുവാചകരെ മുഷിപ്പിക്കുന്നില്ല.

പക്ഷേ ഒന്നു ധരിക്കണം: ഗ്രാന്റു് ശരിക്കു കിട്ടുന്നില്ലെന്നുവച്ചു് അദ്ധ്യാപകരെ പട്ടിണിക്കിടുന്നതു് നീതിയല്ല, നയവുമല്ല. സംതൃപ്തമായ അദ്ധ്യാപകവൃന്ദം ഏതൊരു വിദ്യാലയത്തിന്റെയും അനർഘസമ്പത്താണു്. അദ്ധ്യാപകശമ്പളത്തിനുള്ള സംഖ്യ എങ്ങനെയും ശേഖരിക്കണം; ഇന്നൊട്ടെങ്കിലും ശേഖരിക്കണം. ക്ലാസ്സ്‌ഫീസ് കൊടുക്കുന്നതും പിരിക്കുന്നതും ഗവമ്മെന്റുകൾ തടസ്സപ്പെടുത്തുന്നപക്ഷം ആവശ്യകസംഖ്യകൾ ദാനമായിട്ടോ വരിയായിട്ടോ നമ്മുടെ ജനങ്ങളിൽനിന്നു് പിരിച്ചെടുക്കണം. അങ്ങനെയാണു് ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും കത്തോലിക്കർ തങ്ങൾക്കു നേരിട്ട വിഷമസന്ധികൾ തരണംചെയ്തതു്; ഇന്നും വിജയപൂർവ്വം തരണംചെയ്തുകൊണ്ടിരിക്കുന്നതും. അങ്ങനെതന്നെയാണു് നമ്മുടെ പൂർവ്വികന്മാരും കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിച്ചിരുന്നതു്. ക്രമശഃ ഓരോ വിദ്യാലയത്തിനും ഓരോ കരുതൽനിധികൂടി സ്വരൂപിച്ചുവയ്ക്കണം. ധനശേഷിയുള്ള ഇതരസ്ഥാപനങ്ങളുടെ തണലിലും ആഭിമുഖ്യത്തിലും നടത്തപ്പെടുന്ന വിദ്യാലയങ്ങൾക്കു് അതു് അത്രയ്ക്കു് ആവശ്യകമായി വരികയില്ല. അവയുടെ കാര്യത്തിൽ അങ്ങനെയൊരു പ്രത്യേകനിധി കൂടിയേ കഴിയൂ എന്നു ശഠിക്കുന്നതു് അനാശാസ്യവുമായിരിക്കും. എന്നാൽ, മററു വിദ്യാലയങ്ങളുടെ സാമ്പത്തികഭദ്രതയ്ക്കും ആരോഗ്യപരമായ വളർച്ചയ്ക്കും അതു അത്യന്താപേക്ഷിതമത്രെ. അനിവാര്യങ്ങളായ ചില വിഷമസന്ധികൾ നേരിടുമ്പോഴാണു് അതിന്റെ പ്രയോജനം കൂടുതൽ അനുഭവപ്പെടുന്നതു്. മാനേജരുടെ മനസ്സമാധാനത്തിനും സുഖനിദ്രയ്ക്കും അതു എത്രകണ്ടു് സഹായിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ല.

മുൻപ്രസ്താവിച്ചതുപോലെ ആവശ്യമറിഞ്ഞു് സഹായിക്കുന്നതിനുള്ള ഔചിത്യബോധവും ഉദാരമനസ്കതയും നമ്മുടെ ജനങ്ങളിൽ ഇന്നും വേണ്ടത്ര കാണാതിരിക്കയില്ല. സംഗതികളുടെ അടിയന്തിരാവസ്ഥ അവരെ ശരിയായി ഗ്രഹിപ്പിക്കണമെന്നേയുള്ളു. ഇന്നു സൗജന്യം പ്രസംഗിക്കുന്ന ക്ഷേമരാഷ്ട്രഗവമ്മെന്റുകൾ നാളെ ഒരു വിദ്യാഭ്യാസ നികുതിപ്പിരിവു് പ്രസംഗിക്കാതിരിക്കയില്ല. അതു സമ്മതിച്ചുകൊടുക്കുന്നതാണു് പരമാബദ്ധം. നമ്മുടെ പണം ഗവമ്മെന്റിനു കൊടുത്തു് അതുവഴി നമ്മുടെ വിദ്യാഭ്യാസസ്വാതന്ത്ര്യം അപകടത്തിലാക്കുന്നതു് ബുദ്ധിപൂർവ്വകമാണോ? അതിനെക്കാൾ എത്ര ഭേദമായിരിക്കും നാംതന്നെ മനസ്സറിഞ്ഞു് നമ്മുടെ വിദ്യാലയങ്ങളെ സംരക്ഷിക്കുന്നതു്. ഗവമ്മെന്റുകളുടെ അമിതവും അനാശാസ്യവുമായ കൈകടത്തൽ തടയുന്നതിനുള്ള മാർഗ്ഗവും അതുതന്നെയാണു്. ഗവമ്മെന്റിന്റെ സൗജന്യപ്രസ്ഥാനങ്ങൾ പ്രായേണ ചെന്നവസാനിക്കുന്നതു് രാഷ്ട്രസർവ്വാധിപത്യത്തിലും (Totalitarianism) വ്യക്തിസ്വാതന്ത്ര്യവിനാശത്തിലുമാണെന്നു ഇവിടത്തേയും മററു രാജ്യങ്ങളിലേയും അനുഭവം വിളിച്ചുപറയുന്നില്ലേ? "ക്ഷേമരാഷ്ട്ര പല്ലവി" നാസ്തികസ്വർഗ്ഗത്തിലേക്കും കമ്മ്യൂണിസ്റ്റു പറുദീസായിലേക്കുമുള്ള പ്രദക്ഷിണഗാന (Marching Song) മാണെന്നു് ആർക്കാണു് അറിവില്ലാത്തതു്? ഈ സംഗതികൾ കത്തോലിക്കാ മാനേജർമാരുടേയും നേതാക്കന്മാരുടേയും അഗാധവും അവധാനപൂർവ്വവുമായ ചിന്തയ്ക്കു വിഷയീഭവിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

(തുടരും)

---

"Russia is a riddle wrapped in mystery, inside an enigma" Said Churchill in 1940.

# വിശ്വവീഥി

## അത്ഭുതങ്ങൾ ഇന്നും നടക്കുന്നുണ്ട്

ഫ്രാൻസിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തു് പിരനീസ് പർവ്വതത്തിന്റെ അടിവാരത്തായി ലൂർദ്ദ് എന്ന ഒരു ചെറിയ പട്ടണമുണ്ട്. അജ്ഞാതമായിരുന്ന ആ സ്ഥലം 1858-ാം വർഷംമുതൽ ജഗൽപ്രസിദ്ധമായിത്തീർന്നിരിക്കുകയാണ്. ക്രിസ്തുമാതാവായ പരിശുദ്ധ മറിയത്തിന്റെ അത്ഭുതകരമായ ഒരു ദർശനം അവിടെ ആ വത്സരത്തിൽ ഉണ്ടായെന്നുള്ള ദൃഢവിശ്വാസത്താൽ അന്നുമുതൽ ഇന്നോളം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അസംഖ്യം തീർത്ഥസഞ്ചാരികൾ ആ സ്ഥലം സന്ദർശിച്ചുകൊണ്ടിരിക്കുന്നു. അവരിൽ കഠിനരോഗം പിടിപെട്ട് വൈദ്യന്മാർ കൈയൊഴിഞ്ഞ അനേകംപേൎക്ക് അവിടെവച്ചു അത്ഭുതകരമാംവണ്ണം പൊടുന്നനവെ രോഗശമനമുണ്ടായിട്ടുണ്ട്. 1882 ൽ അവിടെ ഒരു വൈദ്യശാസ്ത്രസംഘം (Medical Bureau) ഏർപ്പെടുത്തപ്പെടുകയും, അതിനുശേഷം അവിടെ നടന്നിട്ടുള്ള അത്ഭുതകരമായ രോഗശമനങ്ങളിൽ പലതും അവരുടെ ശാസ്ത്രീയപരിശോധനയ്ക്കു വിഷയീഭവിക്കുകയും ചെയ്തിട്ടുണ്ട്. അത്ഭുതകരമായി ശമനംപ്രാപിച്ചുവരെന്നു് പ്രത്യക്ഷത്തിൽ കാണപ്പെടുന്ന രോഗികളെ പ്രസ്തുതസംഘത്തിന്റെ മുമ്പാകെ കൊണ്ടുവരികയും, സംഘം അവരുടെ രോഗത്തിന്റെ പൂർവ്വചരിത്രം വിവരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചു ശമനത്തിന്റെ യാഥാർത്ഥ്യത്തെയും കാരണങ്ങളെയും നിലനില്പിനേയും പററി അന്വേഷിച്ചു് മററും വിധിപ്രസ്താവിക്കുകയുമാണ് പതിവ്. പരിശോധനസംബന്ധിച്ചുള്ള സകല റിക്കാർട്ടുകളും സംഘംവക ആഫീസിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടുവരുന്നു. ജാതിമതഭേദംകൂടാതെ ഏതു സന്ദർശകനും, വിശിഷ്യ ഏതു വൈദ്യവിദഗ്ദ്ധനും, ആ റിക്കാർട്ടുകൾ പരിശോധിക്കുന്നതിനു് സൗകര്യമുണ്ടായിരിക്കത്തക്കവിധം അവയെ തുറന്നുവച്ചിരിക്കുന്നു. ലൂർദ്ദിൽ ഒന്നുരണ്ടുമാസം താമസിച്ചു്, പ്രസ്തുത റിക്കാർട്ടുകളെ പരിശോധിച്ച പ്രോട്ടസ്റ്റന്റുകാരനായ ഒരു ഇംഗ്ലീഷ് വൈദ്യവിദഗ്ദ്ധന്റെ (Dr. Henry Head) സാക്ഷ്യം കേൾക്കുക: "ലൂർദ്ദിലെ അധികാരികൾ എനിക്കും മററു ഡോക്ടർമാർക്കും നിർബാധവും സ്വാതന്ത്ര്യവുമായ പരിശോധന നടത്താൻവേണ്ട സകല സൗകര്യങ്ങളും നൽകിയതിനു് ഞാൻ അവരെ എത്രയും അകൈതവമായും ഹാർദ്ദമായും അഭിനന്ദിച്ചുകൊള്ളട്ടെ. ഞങ്ങൾ ആവശ്യപ്പെട്ട സൗകര്യങ്ങളെല്ലാം അവർ ഞങ്ങൾക്കു് ഔദാര്യപൂർവ്വം നൽകിയിരുന്നു. രോഗശമനങ്ങളുടെ ശാസ്ത്രീയപരിശോധനകളെക്കുറിച്ചാണെങ്കിൽ, രോഗികളുടെ സർട്ടിഫിക്കറ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുള്ള രീതി തികച്ചും തൃപ്തികരമാണെന്നു പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഓരോ സർട്ടിഫിക്കറ്റും ഗുണദോഷവിവേചനം ചെയ്യുന്നതിൽ കാണിച്ചിട്ടുള്ള ഉത്തരവാദിത്വബോധം അന്യാദൃശംതന്നെ." 1924 വരെ ലൂർദ്ദിൽ ഏകദേശം 5000 രോഗശമനങ്ങളെ 4000ത്തിൽപ്പരം വൈദ്യശാസ്ത്രജ്ഞന്മാർ പരിശോധിച്ചു് അവ പ്രകൃതിശക്തികളാൽ നടന്നിട്ടുള്ളവയല്ലെന്നും തന്മൂലം അത്ഭുതങ്ങളാണെന്നും വിധിപ്രസ്താവിച്ചിട്ടുള്ളതായി കാണുന്നുണ്ട്. 1909 ജനുവരിമുതൽ ഒക്ടോബർവരെ 104 രോഗശമനങ്ങളെ 423 ഡോക്ടർമാർ ഉൾപ്പെട്ട സംഘം നേരിട്ടുകണ്ടു പരിശോധിച്ചു റജിസ്റ്ററിൽ ചേർക്കുകയും അത്ഭുതങ്ങളെന്നു വിധിപറയുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ശമനം പ്രാപിച്ചവരിൽ അനേകം ആളുകൾ ഇന്നും ജീവനോടിരിക്കുന്നു.

### രോഗശമനത്തിന്റെ പ്രത്യേകതകൾ

ലൂർദ്ദിലെ ഈ രോഗശമനങ്ങളിൽ പ്രകൃതിഗതിക്കു വിരുദ്ധവും വൈദ്യശാസ്ത്രവിധിക്കു വിയോജ്യവുമായ ചില പ്രത്യേകതകൾ കാണുന്നുണ്ട്. 1) അവിടെ യാതൊരു ഔഷധവും പ്രയോഗിക്കുന്നില്ല. 2) ശരീരാവയവങ്ങൾക്കു് സാരമായ കേടു വരുത്തുന്ന ഭയങ്കരരോഗങ്ങൾതന്നെയും ഒരു നിമിഷംകൊണ്ടു് സുഖപ്പെടുന്നു. 3) രോഗം മാറിയശേഷം ക്ഷീണം മാറുന്നതിനു് കാലവിളംബം ആവശ്യമായിരിക്കുന്നില്ല. 4) രോഗശമനങ്ങളുടെ രീതിയിലോ സാഹചര്യങ്ങളിലോ യാതൊരു നിശ്ചിതത്വവും ഐകരൂപ്യവും ഇല്ല. 5) രോഗശമനത്തിനുമുമ്പു് അതിന്റെ ഒരു മുന്നറിയിപ്പോ എന്നു തോന്നാറു് രോഗിയുടെ ശരീരത്തിൽ കഠിനമായ വേദനയും ആത്മാവിൽ ഉഗ്രമായ സ്തോഭങ്ങളുമുണ്ടാകുന്നു. 6) കേടുതട്ടുകയോ നാശംഭവിക്കുകയോ ചെയ്തിട്ടുള്ള ശരീരാവയവങ്ങൾ സുഖപ്പെട്ടശേഷവും അവിടെ അസാധാരണമായ ചില പൊററകളോ വടുക്കളോ ഉണ്ടാകുന്നു. 7) രോഗം പിടിപെട്ട ശരീരാവയവങ്ങൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചില്ലെങ്കിലും, പ്രാപിച്ചാലുണ്ടാകുന്നവിധം അവ സ്വധർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുന്നു. ഈ പ്രത്യേകതകളിൽ ഒന്നോ അതിലധികമോ ലൂർദ്ദിൽ നടക്കുന്ന രോഗശമനങ്ങളിലെല്ലാം കാണാറുണ്ട്. ഔഷധപ്രയോഗത്താലോ പ്രകൃതിശക്തികൾ ഉപയോഗിച്ചുള്ള മററതെങ്കിലും വിധത്തിലോ നടക്കുന്ന രോഗശമനങ്ങളിൽ സാധാരണ ഉണ്ടാകാത്തതും വൈദ്യശാസ്ത്രവിധിയനുസരിച്ചു് ഉണ്ടാകാൻ ന്യായമില്ലാത്തതുമാണ് ഈ പ്രത്യേകതകൾ.

### ശമനകാരണമെന്തു് ?

ലൂർദ്ദിൽ നടക്കുന്ന ഈ അത്ഭുതകരമായ രോഗശമനങ്ങൾക്കുള്ള കാരണമെന്തു്? പരിശുദ്ധ മറിയത്തിന്റെ ദർശനത്തോടുകൂടി ആ സ്ഥലത്തു് പൊടുന്നനവെയുണ്ടായ ഒരുറവയിൽനിന്നു് ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്ന ജലം രോഗികൾ കുളിക്കാനും രോഗമുള്ള ശരീരാവയവങ്ങളിൽ തുണിനനച്ചിടാനും ഉപയോഗിക്കുന്നുണ്ട്. ഈ ജലമാണോ രോഗശമനത്തിനു കാരണം? ജലം ഉപയോഗിക്കുന്ന രോഗികളെല്ലാം സുഖംപ്രാപിക്കുന്നില്ല; ഉപയോഗിക്കാത്ത രോഗികൾ സുഖംപ്രാപിക്കുന്നുമുണ്ട്. ഒരേതരം രോഗികൾ ജലം ഉപയോഗിച്ചിട്ട് ഫലം ചിലപ്പോൾ വിപരീതമാണ്. ഭയങ്കരങ്ങളും ജന്മനാ ഉള്ളതും ദീർഘകാലമായി നിലനിൽക്കുന്നതും അനേകചികിത്സകൾക്കുശേഷം വൈദ്യവിദഗ്ദ്ധന്മാർ തീരെ കൈയൊഴിഞ്ഞതുമായ രോഗങ്ങൾ സുഖപ്പെടുന്നുമുണ്ട്. ഇങ്ങനെയുള്ള വ്യത്യസ്തങ്ങളും വിപരീതങ്ങളുമായ സാഹചര്യങ്ങളാലോചിക്കുമ്പോൾ പ്രസ്തുത ജലമല്ല രോഗശമനത്തിന്റെ കാരണമെന്നു തീർച്ചയാണ്. മാത്രമല്ല, ഈ ജലത്തിനു രോഗഹരങ്ങളായ യാതൊരു വിശേഷഗുണങ്ങളുമില്ലെന്നു് വിദഗ്ദ്ധന്മാർ ശാസ്ത്രീയപരീക്ഷണങ്ങൾ ചെയ്തു വിധിപ്രസ്താവിച്ചിട്ടുമുണ്ട്.

ശമനം പ്രാപിക്കണമെന്നുള്ള അത്യാശ, ശമനംപ്രാപിക്കാതിരിക്കയില്ലെന്നു ദൃഢവിശ്വാസം, എന്നിങ്ങനെ സ്വയമായോ പരപ്രേരണയാലോ ഭക്തിസംവർദ്ധകമായ ലൂർദ്ദിലെ സാഹചര്യങ്ങളാലോ രോഗികളുടെ മനസ്സിലുളവാകുന്ന സ്തോഭങ്ങളും, തൽഫലമായി സിരാഘടനയിലുണ്ടാകുന്ന അവസ്ഥാഭേദങ്ങളുമാണോ ഈ അത്ഭുതരോഗശാന്തികൾക്കു കാരണം? ഏവംവിധമുള്ള അത്യാശയോ ദൃഢവിശ്വാസമോ അശേഷവുമില്ലാതെ, ബന്ധുമിത്രാദികളുടെ നിർബന്ധത്താൽമാത്രം, ലൂർദ്ദിൽ വന്നിട്ടുള്ള അവിശ്വാസികളും, ആ മനോഭാവമുണ്ടാകാൻ പ്രായമാകാത്ത കുഞ്ഞുങ്ങളും രോഗശമനം പ്രാപിക്കുന്നുണ്ട്. നേരെമറിച്ചു്, അത്യാശയോടും ദൃഢവിശ്വാസത്തോടുംകൂടി അവിടെ വരികയും, വളരെനാൾ താമസിച്ചു തനിച്ചും മററുള്ളവരോടൊന്നിച്ചും അത്യന്തം ഭക്തിപുരസ്സരം പ്രാർത്ഥനകളും വഴിപാടുകളും മററും അർപ്പിക്കുകയും ചെയ്യുന്ന രോഗികൾ സുഖംപ്രാപിക്കാതെ മടങ്ങിപ്പോകുന്നു. എന്നുമാത്രമല്ല ഇത്തരം മാനസികമായ കാരണങ്ങളാൽ സിരാസംബന്ധവും വാതോന്മാദകവുമായ രോഗങ്ങളേ സുഖപ്പെടുകയുള്ളു. ലൂർദ്ദിലാകട്ടെ ആഭ്യന്തരവും ബാഹ്യവുമായ അവയവങ്ങൾക്കു സാരമായ കേടുതട്ടിയോ അവ നശിച്ചോ ഉണ്ടാകുന്ന രോഗങ്ങൾ (Organic diseases) അനവധി സുഖപ്പെടുന്നുണ്ട്. അതിനാൽ ലൂർദ്ദിലെ രോഗശമനങ്ങൾക്കു രോഗികളുടെ അത്യാശയോ ദൃഢവിശ്വാസമോ അല്ല കാരണമെന്നു സിദ്ധം.

വൈദ്യശാസ്ത്രത്തിനു് ഇനിയും അജ്ഞാതമായിരിക്കുന്ന പ്രകൃതിയിലെ വല്ല നിഗൂഢശക്തികളുമായിരിക്കുമോ രോഗശമനങ്ങൾക്കു കാരണം? അതാണു കാരണമെങ്കിൽ, പ്രകൃതിശക്തികളുടെ വ്യാപാരങ്ങൾക്കു സഹജമായ നിശ്ചിതത്വവും ഐകരൂപ്യവും പ്രസ്തുത നിഗൂഢശക്തികളുടെ വ്യാപാരത്തിലും കാണേണ്ടതാണല്ലോ. എന്നാൽ അനുഭവം നേരെ മറിച്ചാണ്. ഏതുതരം രോഗികൾക്കു്, ഏതേതു് അവസ്ഥയിലിരിക്കുമ്പോൾ, ഏതേതു സമയങ്ങളിൽ, ഏതേതു സ്ഥലത്തുവച്ചു്, ഏതേതു സാഹചര്യങ്ങളിൽ സുഖം ലഭിക്കുമെന്നു് ആർക്കും ഒരിക്കലും നിർണ്ണയിക്കാൻ പാടില്ലാത്തവണ്ണം അത്ര അനിശ്ചിതമായും വൈവിധ്യത്തോടുകൂടിയുമാണ് ലൂർദ്ദിൽ രോഗശമനങ്ങളുണ്ടാകുന്നതു്. അതുമാത്രമോ? ഇതേവരെ അറിയപ്പെട്ടിട്ടുള്ളതും വൈദ്യശാസ്ത്രം വിധിച്ചിട്ടുള്ളതുമായ രീതിക്കു പ്രത്യക്ഷവിരുദ്ധമായ പ്രത്യേകതകളോടുകൂടി അവിടെ രോഗശമനങ്ങൾ നടക്കുന്നതുകൊണ്ടു്, പ്രകൃതിയിലെ ഏതെങ്കിലും നിഗൂഢശക്തിയാണ് അവയ്ക്കു കാരണമെന്നുവന്നാൽ, ആ ശക്തിയുടെ വ്യാപാരം ഇതേവരെ വൈദ്യശാസ്ത്രത്തിനു് അറിയപ്പെട്ടിട്ടുള്ള ശക്തികളുടെ വ്യാപാരങ്ങളെ ശിഥിലീഭവിപ്പിക്കുന്നെന്നും, തന്മൂലം ഇന്നത്തെ വൈദ്യശാസ്ത്രം ഒരു ശാസ്ത്രമേ അല്ലെന്നും സമ്മതിക്കേണ്ടിവരും. അതിനാൽ പ്രകൃതിയിലെ യാതൊരു നിഗൂഢശക്തിയുമല്ല അത്ഭുതരോഗശമനങ്ങൾക്കു കാരണമെന്നു് അനുമിക്കേണ്ടിയിരിക്കുന്നു.

### റഡറുടെ രോഗശാന്തി

ബൽജിയംരാജ്യത്തു ജബെക്കു് എന്ന സ്ഥലത്തു ജീവിച്ചിരുന്ന പിയേർ ദി റഡർ എന്നു പേരായ 50 വയസ്സുള്ള ഒരു വിറകുവെട്ടിയുടെ കാൽ 1867-ൽ ഒരു മരം വീണു് ഒടിഞ്ഞു. ഒടിഞ്ഞസ്ഥലം 8 കൊല്ലത്തേക്കു വിങ്ങി വ്രണപ്പെട്ടു ചലം ഒലിച്ചുകൊണ്ടിരിക്കുകയും തന്മൂലമുള്ള പനിയാൽ അയാൾ മരിക്കയേ ഉള്ളുവെന്ന നിലയിൽ എത്തുകയുംചെയ്തു. അനേകചികിത്സകൾ ചെയ്തശേഷം വൈദ്യന്മാർ കൈയൊഴിയുകയാൽ അയാൾ ബൽജിയത്തിൽത്തന്നെ ഊസ്റ്റുക്കർ എന്ന സ്ഥലത്തു ലൂർദ്ദ് മാതാവിന്റെ നാമത്തിലും ലൂർദ്ദിലുള്ള മാതിരിയിലും സ്ഥാപിച്ചിട്ടുള്ള "ഗ്രോട്ടോ"യിൽചെന്നു ദേവമാതാവിന്റെ സഹായം അഭ്യർത്ഥിച്ചു. അയാൾ അവിടെ ചെന്നപ്പോൾ രോഗസ്ഥിതി എന്തായിരുന്നുവെന്നു പറയാം. കാലിൽ രണ്ടുവിരൽപ്പാട് വിസ്താരമുള്ള ഒരു വ്രണം; അതിനകത്തു് ഒടിഞ്ഞ എല്ലിന്റെ രണ്ടററവും കറുത്തു ചലവും ഒഴുകി നിന്നിരുന്നു; ഒടിഞ്ഞ എല്ലുകളുടെ അഗ്രങ്ങൾ, കാൽ നിവർത്തിവച്ചാൽ ഒരിഞ്ചു് അകലത്തിലും, കാൽ മടക്കുമ്പോൾ വ്രണത്തിൽക്കൂടി പുറത്തേക്കു തള്ളിയും നിന്നിരുന്നു; വിരലുകൾ പുറകോട്ടു തിരിയത്തക്കവിധത്തിൽ കാൽ തിരിക്കുവാൻ വിഷമമില്ലായിരുന്നു. റഡർ വടിയൂന്നി ഇഴഞ്ഞുവലിഞ്ഞാണു നടന്നിരുന്നതു്. വഴിക്കെല്ലാം ചലവും ഒഴുകിവീണുകൊണ്ടിരുന്നു. ഇത്ര ദയനീയമായ ഒരു സ്ഥിതിയിലാണ് റഡർ ഗ്രോട്ടോയിൽ എത്തിയതു്. അവിടെ ദേവമാതാവിനോടു പ്രാർത്ഥിച്ചതോടുകൂടി കാലിന്റെ മുറിവു പൊടുന്നനവെ സുഖപ്പെട്ടു; ഒടിഞ്ഞ ഭാഗം വന്നു നികക്കുകയും, ചലം വാർച്ച നില്ക്കുകയും, അയാൾ മുടന്താതെ നടന്നുതുടങ്ങുകയും, അനന്തരം വിറകുവെട്ടുന്ന ശ്രമകരമായ ജോലിയിൽത്തന്നെ ഏർപ്പെട്ടു 25 കൊല്ലം ജീവിക്കുകയും ചെയ്തു.

സംഭവം, നടന്ന ദിവസംമുതൽക്കേ ശാസ്ത്രീയമായ അനേകം അന്വേഷണങ്ങൾക്കും വിമർശങ്ങളായ പല പ്രസിദ്ധീകരണങ്ങൾക്കും വിഷയമായിത്തീരുകയും, തന്മൂലം ചരിത്രപ്രസിദ്ധി സമ്പാദിക്കുകയും ചെയ്തിട്ടുള്ള ഒരു രോഗശമനമായതുകൊണ്ടാണ് അതിനെ ഇവിടെ പ്രത്യേകം തിരഞ്ഞെടുത്തു പ്രതിപാദിക്കുന്നതു്. ഈ സംഭവത്തിന്റെ യാഥാർത്ഥ്യത്തെ ഒരുവിധത്തിലും സംശയിക്കാൻ പാടില്ലാത്തവിധം അത്രയധികം തെളിവുകൾ പണ്ഡിതന്മാരും സത്യസന്ധന്മാരുമായ ദൃക്സാക്ഷികളിൽനിന്നു ലഭിച്ചിട്ടുണ്ട്. രോഗശമനമുണ്ടായതിന്റെ എട്ടാംദിവസം റഡറിന്റെ സ്വദേശികൾ പേരെഴുതി ഒപ്പിട്ടു ലോകത്തിനു സമർപ്പിച്ച ഒരു പ്രമാണം നോക്കുക:- "താഴെ പേരെഴുതി ഒപ്പിടുന്ന ജബെക്കു് ഇടവകയിലെ നിവാസികളായ ഞങ്ങൾ പ്രഖ്യാപനംചെയ്യുന്നതെന്തെന്നാൽ, ഈ സ്ഥലത്തു ജനിച്ചു ജീവിച്ചുവരുന്ന 50 വയസ്സായ പിയേർ ദി റഡറുടെ കാലിലെ എല്ലു് 1867 ഫെബ്രുവരി 16-ാംനു- ഒരു വൃക്ഷംവീണു് ഭയങ്കരമായി ഒടിയുകയും, ശസ്ത്രവൈദ്യത്തിനു സാധിക്കുന്ന സകല പ്രതിവിധികളും പ്രയോഗിച്ചു നോക്കിയശേഷം അയാളുടെ മുറിവു് സുഖപ്പെടുക അസാദ്ധ്യമാണെന്നു ഡോക്ടർമാർ വിധിപ്രസ്താവിക്കുകയും, അയാളുടെ രോഗസ്ഥിതി അറിഞ്ഞവരെല്ലാം ആ അഭിപ്രായത്തോടു യോജിക്കയുമുണ്ടായി. അയാൾ ഊസ്റ്റുക്കറിൽചെന്നു് അവിടെ അഭിവന്ദിക്കപ്പെടുന്ന ലൂർദ്ദ് മാതാവിന്റെ മാദ്ധ്യസ്ഥം അഭ്യർത്ഥിക്കുകയും, പരിപൂർണ്ണസുഖം പ്രാപിച്ചു് ഊന്നുവടിയുടെ സഹായംകൂടാതെ നടക്കുവാൻ പ്രാപ്തനായി സ്വഗൃഹത്തിൽ മടങ്ങിയെത്തുകയുംചെയ്തു. കാൽ ഒടിയുന്നതിനുമുമ്പു ചെയ്തിരുന്ന സകല ജോലികളും ചെയ്യുന്നതിനു് അയാൾക്കു് ഇപ്പോൾ സാധിക്കുന്നുണ്ട്. പൊടുന്നനവെയുള്ളതും അത്ഭുതകരവുമായ ഈ രോഗശാന്തി 1875 ഏപ്രിൽ 7-ാംനു-യാണു നടന്നതെന്നു ഞങ്ങൾ പരസ്യമായി പ്രസ്താവിക്കുന്നു." പ്രഭുക്കന്മാർ, ടൗൺകൗൺസിൽ മെമ്പർമാർ മുതലായി പല മാന്യന്മാരും ഈ പ്രമാണത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

1876 സെപ്തംബർ 23-ാംനു- ബൽജിയത്തിലെ ഒരു പണ്ഡിതവൈദ്യൻ ജബെക്കിൽ ചെന്നു ശമനം പ്രാപിച്ച റഡറിനെ സന്ദർശിച്ചു മടങ്ങിയശേഷം L'ordre et la Liberte എന്ന അവൈദികപത്രത്തിൽ താഴെകാണുന്നവിധം എഴുതിയിരുന്നു. "ജബെക്കിലെ ഒരു തൊഴിലാളിയായ പിയേർ ദി റഡർ ബൽജിയത്തിൽ ഗെൻറിനു സമീപമുള്ള ഊസ്റ്റുക്കറിൽ ഒരു തീർത്ഥസഞ്ചാരം കഴിച്ചതിനിടയ്ക്കു് ലൂർദ്ദ്മാതാവിന്റെ മാദ്ധ്യസ്ഥത്താൽ പൊടുന്നനവെ പരിപൂർണ്ണരോഗശാന്തി പ്രാപിച്ചുവെന്നു ഞാൻ ഉറപ്പുപറയുന്നു. മേല്പറഞ്ഞ സ്ഥലം സന്ദർശിച്ചു്, ഞാൻ പ്രസ്താവിക്കുന്ന ഈ സംഭവം കളവാണെന്നു കാണിക്കുന്ന തെളിവുകളോടുകൂടി മടങ്ങിവരുന്ന ആദ്യത്തെ ആൾക്കു് ഞാൻ ഒന്നാംക്ലാസ്സ് തീവണ്ടിച്ചാർജ്ജും മററു യാത്രച്ചെലവിൻ 500 ഫ്രാങ്കും കൊടുക്കുന്നതാണ്." ഈ വെല്ലുവിളിക്കു് ഒരു മറുപടിയുമുണ്ടായില്ല. ബ്രൂജ്ജ പട്ടണത്തിലെ വേദശാസ്ത്രാലയത്തിന്റെ ഡയറക്ടറായ റവ. കാർദ്ദവാർട്ടു് എന്ന വൈദികൻ റഡർ മരിക്കുന്നതിനു് ഏതാനും മാസങ്ങൾക്കുമുമ്പു് അയാളുടെ രണ്ടു കാലിന്റെയും റേഡിയോ ഛായാപടം ഭാഗ്യവശാൽ എടുക്കുവാനിടയായി. ലുവെയിനിലെ പ്രസിദ്ധനായ ഡോക്ടർ ദെഷാമ്പ് റഡറിനെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും ചികിത്സിക്കുകയുംചെയ്തു. വേറെ ചില ഡോക്ടർമാർ ഒരുമിച്ചു് എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി മരിച്ചു സംസ്കരിക്കപ്പെട്ട റഡറിന്റെ കാൽ രണ്ടും അദ്ദേഹത്തിന്റെ ഭാര്യയുടെ സമ്മതത്തോടേയും പല സാക്ഷികളുടെ സാന്നിദ്ധ്യത്തിലും മുറിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്ററർകൊണ്ടും ചെമ്പുകൊണ്ടും അവയുടെ പല പ്രതിരൂപങ്ങൾ നിർമ്മിച്ചിട്ടുള്ളവയിൽ ഒന്നു് ലൂർദ്ദിൽ ഇന്നും ഔദ്യോഗികമായി സൂക്ഷിച്ചുപോരുന്നു.

---

*Permissu Ecclesiastico*,
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# ചെറുകഥ

## വെള്ളപ്പൊക്കം

(ജി. സി. ടീലാർ)

കാറും കോളും നിറഞ്ഞ ഒരു രാത്രി. ഘോരമാരിയുടെ ഭയങ്കരാട്ടഹാസങ്ങൾ ആ ചെററക്കുടിലിനു ചുററും മുഴങ്ങിക്കൊണ്ടിരുന്നു. ദിവസവും കൂലിപ്പണി ചെയ്തു് ആ ചെറുകുടുംബം പോററിക്കൊണ്ടിരുന്ന സാധുവാണ് തൊമ്മൻ. സ്നേഹത്തെപ്പററി ശാസ്ത്രീയപഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിലും കുഞ്ഞേലിയായ്ക്കു് സ്നേഹിക്കുവാനറിയാമായിരുന്നു. ഭർത്താവിനേയും നാലു കുഞ്ഞുങ്ങളേയും തൻെറ സർവ്വസ്വവുമെന്നപോലെ



അവൾ കരുതി. ദാരിദ്ര്യം ചില കയ്പേറിയ ങ്ങൾ അവിടെ നടത്തിയിരുന്നുവെങ്കിലും നിരാശയ്ക്കും കലഹങ്ങൾക്കും അവിടെ എത്തിനോക്കുവാൻപോലും കഴിഞ്ഞിരുന്നില്ല.

ഇടിയും മിന്നലും. കുഞ്ഞേലിയാ വിരിയുടെ വിടവിൽക്കൂടി പുറത്തേക്കു നോക്കിയപ്പോൾ കണ്ടതു ഭയങ്കരമായ ഒരു കാഴ്ചയാണ്. ജലം ഉയർന്നുകൊണ്ടിരിക്കുന്നു. ചെറുതുരുത്തുകളിൽ വളർന്നുനിന്നിരുന്ന പച്ചച്ചെടികൾ എല്ലാംതന്നെ അപ്രത്യക്ഷമായിരിക്കുന്നു. അവിടെയും ഇവിടെയും ചില തെങ്ങിൻതലകൾമാത്രം കാണാം. ഉയർന്നുയർന്നുവരുന്ന തിരമാലകളുടെ മുകളിൽ, ചേരയുടെ വായിലകപ്പെട്ട തവളയെപ്പോലെ അവ വിറച്ചുകൊണ്ടിരുന്നു. അവളുടെ ദേഹത്തിനും ഒരു വിറയൽ. വളരെ പണിപ്പെട്ടു് അവൾ മറയുടെ അടുക്കലേക്കു നീങ്ങി; അതല്പം തുറന്നു. "അയ്യോ, എൻെറ മാതാവേ!" എന്നൊരു നിലവിളി. തിണ്ണയിലേക്കു വെള്ളം തുളുമ്പിത്തുളുമ്പി കയറുന്നതാണ് അവൾ കണ്ടതു്.

കഠിനാദ്ധ്വാനംകഴിഞ്ഞു ക്ഷീണിച്ചിരുന്ന തൊമ്മൻ ഗാഢനിദ്രയെ പ്രാപിച്ചിരിക്കുകയായിരുന്നു. അടുപ്പിനടുത്തു പാററിക്കൂടിക്കിടന്നിരുന്ന കുഞ്ഞുങ്ങളും നല്ല ഉറക്കം. നിലവിളികേട്ട തൊമ്മൻ പിടഞ്ഞെഴുന്നേററു. കണ്ണുതിരുമ്മി നോക്കിയതും ഒരിടിമിന്നലുണ്ടായതും ഒന്നിച്ചു്. അയാൾ ആലിലപോലെ വിറച്ചു. എങ്കിലും അയാൾ വിരിതുറന്നു് പുറത്തേക്കിറങ്ങി. അരയോളം വെള്ളമുണ്ടു് മുററത്തു്. അതു കുതിച്ചുപൊങ്ങിക്കൊണ്ടിരിക്കുന്നു. പല വാതിലിലും ചെന്നു മുട്ടി അയാളുടെ ആലോചന. ഒന്നുംതന്നെ തുറന്നുകിട്ടിയില്ല. ജീവിതമരണങ്ങളുടെ ഇടയിൽപ്പെട്ടു ഞെരുങ്ങുന്ന ഒരു മനുഷ്യനെപ്പോലെ തൊമ്മൻ ചുററും പകച്ചുനോക്കി. ഒരു മാവിൻെറ ശിഖരങ്ങൾ മുകളിൽ കാണാം. തൊമ്മൻ അതിൻെറ മുകളിലേക്കു് ഇഴഞ്ഞുകയറി, ഒരു കവരയ്ക്കിടയിൽ ഉറച്ചിരുന്നിട്ടു് വിദൂരത്തിലേക്കു നയിച്ചു ദൃഷ്ടികളെ. ചിലേടത്തെല്ലാം തെങ്ങിൻമണ്ടകൾ വെള്ളത്തിനുമുകളിൽ ഉയർന്നുനില്ക്കുന്നു. അതിൻെറ ഇലകളെല്ലാം മിന്നാമിനുങ്ങുകളെക്കൊണ്ടു മൂടിയിരിക്കയാണ്. അല്പം അകലെ അവയെല്ലാം മുകളിലായി ഉയർന്നുനില്ക്കുന്നു ഒരു ദേവാലയം. കണ്ണാടിച്ചില്ലുകൾക്കിടയിൽക്കൂടി ഒരു മങ്ങിയ പ്രകാശം അടച്ചുതുറന്നു അടച്ചുതുറന്നു പുറത്തേക്കു പ്രവഹിക്കുന്നുണ്ടു്. അയാൾ ആശയോടുകൂടി ഒന്നു വിളിച്ചു: "എൻെറ കർത്താവേ!"

വിശാലമായ പള്ളിമേട. ആ ഇടവകയിലെ വിൻസെൻറ് ഡി പോൾ സംഘക്കാർ അടിയന്തിരമായി അർദ്ധരാത്രിക്കു സമ്മേളിച്ചിരിക്കയാണ്. ഒരു മാർബിൾ വട്ടമേശയുടെ മുകളിൽ ഫാദർ എമ്മാനുവലിൻെറ വിളക്കു കത്തിനില്ക്കുന്നു. ഇരുവശങ്ങളിലുമായി നീളംകൂടിയ രണ്ടുമൂന്നു ബെഞ്ചുകൾ. അവിടെ ഹാജരായിട്ടുണ്ടു് ഏകദേശം 20 അംഗങ്ങൾ. ഫാദർ എമ്മാനുവൽ അംഗങ്ങളുടെ കൂട്ടത്തിൽ സ്ഥലംപിടിച്ചു. കമ്മിററിയായ[വി]ണ് അദ്ധ്യക്ഷൻ. എങ്കിലും ചുരുങ്ങിയ വാക്കുകളിൽ വികാരിയച്ചൻ ഒരു ഉൽബോധനം നടത്തി ആദ്യം. "പ്രിയ വിൻസെൻറ് ഡി പോൾ സഹോദരങ്ങളേ, നിങ്ങളെ ഈ അർദ്ധരാത്രിക്കു്, പ്രകൃതി ഭയങ്കരമായി കോപിച്ചിരിക്കുന്ന ഒരു ഘട്ടത്തിൽ ബുദ്ധിമുട്ടിച്ചതിനു് ആദ്യമായി ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളുന്നു."

ഹൃദയംകവരുന്ന ഒരു വാചകം! അതു് അവരുടെ കാതുകളിൽ പതിച്ചപ്പോഴേക്കും അസ്വസ്ഥമായ ഹൃദയങ്ങൾക്കു് ഒരു കുതിച്ചുകയററമുണ്ടായി. ലജ്ജയും സന്തോഷവും സമ്മേളിച്ച ഒരു പുഞ്ചിരി അവരുടെ അധരങ്ങളിൽ പരന്നു.

"ദൈവത്തിൽനിന്നും അനേകം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള ഒരു കൂട്ടരാണു് നിങ്ങൾ. അതിനു് അവിടുത്തോടു നിങ്ങൾ കൃതജ്ഞരായിരിക്കേണ്ടയോ? ഇന്നത്തെ മഹാമാരിയോടുകൂടി സംഭവിച്ചിരിക്കുന്നതെന്താണെന്നു നിങ്ങൾക്കറിയാം. എങ്കിലും യാതൊരാപത്തുംകൂടാതെ നിങ്ങൾ നിങ്ങളുടെ വലിയ വീടുകളിൽ കിടന്നുറങ്ങുകയായിരുന്നു. അതേസമയം അനേകം സഹോദരങ്ങളുടെ ചെററക്കുടിലുകൾ വെള്ളത്തിനടിയിലായി. അവിടെ വസിച്ചിരുന്ന പാവപ്പെട്ട ആളുകളെ ഒരു കൈകൊടുത്തു രക്ഷിക്കേണ്ടതു നിങ്ങളുടെ ചുമതലയല്ലയോ എന്നു ചിന്തിക്കുവിൻ."

ഫാദർ എമ്മാനുവൽ സ്വസ്ഥാനം പ്രാപിച്ചു. ഹാളിൽ അല്പനേരത്തെ മൗനം. പിന്നെ നീണ്ടുനിന്ന ഒരു കുശുകുശുക്കൽ. തോമസ് ഒരഭ്യസ്തവിദ്യനാണ്. നന്നായി സംസാരിക്കുവാനറിയാം. പലരുടെയും നിർബ്ബന്ധംമൂലം അയാൾ പറഞ്ഞു: "ഇവിടെ ഒരത്യാഹിതം സംഭവിച്ചിരിക്കുന്നു എന്നതു ശരിയാണ്. പല സാധുക്കൾക്കും ഇതുകൊണ്ടു വലിയ നാശവും നേരിട്ടിരിക്കുന്നു. എന്നാൽ നാം മററൊരു കാര്യംകൂടി ചിന്തിക്കേണ്ടതുണ്ടു്. ഇവിടത്തെ സാധുക്കൾ എന്നുപറയുന്നവരെല്ലാംതന്നെ കമ്മ്യൂണിസ്റ്റുകാരുടെ വലയിൽ അമർന്നിരിക്കുന്നവരാണ്. ഈ പള്ളിക്കു കൊള്ളിവയ്ക്കുവാൻ 'ഇങ്ക്വിലാബ്, സിന്താബാദ്' വിളിച്ചുകൊണ്ടു് മാർച്ചുചെയ്യുവരാണ് ഒരിക്കൽ അവർ എന്ന കാര്യം അത്ര എളുപ്പം വിസ്മരിക്കത്തക്കതല്ല. ഈ ജലപ്രളയം ഒരു ദൈവശിക്ഷതന്നെ. അതു നാം തടയുന്നതെന്തിനു്? ഇവിടെ കമ്മ്യൂണിസ്റ്റുകാർ വിസർജ്ജിച്ചിട്ടുള്ള കളങ്കമെല്ലാം ഈ പെരുവെള്ളം കഴുകിക്കളയട്ടെ."

നീണ്ടുനിന്ന കരഘോഷം. തോമസിൻെറ അഭിപ്രായത്തെ ശരിവച്ചു ഏവരും. കമ്മ്യൂണിസ്റ്റുകാരുടെ ശക്തി പ്രബലപ്പെട്ടുവരുന്ന ഒരു സ്ഥലമായിരുന്നു അതു്. അനേകം വീടുകളെ അവർ തീവച്ചു നശിപ്പിക്കയുണ്ടായി. മുതലാളികളുടെ വീടിനുമുമ്പിൽ സത്യഗ്രഹമനുഷ്ഠിക്കുക അവരുടെ ഒരു പതിവുമായിത്തിന്നു. സകല മീററിംഗുകളിലും വൈദികന്മാരെയും ധനികന്മാരെയും ചീത്തപറയുക അവരുടെ ഒരു തൊഴിൽ. അനേകം സാധുക്കൾ അവരുടെ വലയിൽ കുടുങ്ങിപ്പോയി. ദൈവവും മതവുമില്ലാത്ത ഒരു ലോകത്തെ സ്വപ്നംകാണുവാൻ അവർ പഠിച്ചു. തൊമ്മൻ അവരുടെ ഒരിടത്തരം നേതാവാണ്.

"എൻെറ തൊമ്മാ, നീ എന്താ ഇങ്ങനെ പള്ളിയും പട്ടക്കാരനും ഇല്ലാതെ നടക്കുന്നതു്?"—ഒരുമാസംമുമ്പു് കുഞ്ഞേറിയാ തടഞ്ഞുനിർത്തി ചോദിച്ചതാണ്. തൊമ്മനപ്പോൾ കോപംവന്നു. "നിങ്ങടെ പള്ളീം പട്ടക്കാരനേം ഞങ്ങള് കടലിൽ കെട്ടിത്താത്തിയേ അടങ്ങു."—അതായിരുന്നു അയാളുടെ ചുട്ടമറുപടി.

"പള്ളിയും പട്ടക്കാരനും നിന്നോടെന്തു ദ്രോഹമാണ് ചെയ്തതു്?"

"ഈ പാവപ്പെട്ടവരുടെ കാര്യം വല്ലതും അവരന്വേഷിക്കുന്നൊണ്ടോ? അച്ചന്മാര തിന്നുമറിഞ്ഞു കുഞ്ഞാനപ്പരുവത്തിൽ നടക്കുന്നു ഈ ഒയാളേക്കെന്നും പട്ടിണിക്കു ചിട്ടു്."

"ആകട്ടെ, നമ്മുടെ ഇടവകയിൽ വിൻസെൻറ് ഡി പോൾ എന്ന പേരിൽ ഒരു സംഘടനയുണ്ടെന്നറിയാമോ?"

"ഏതു് പൂളസങ്കമായാലെന്താ ഞങ്ങക്കു്?"

"ഫാദർ എമ്മാനുവേലിനെ പരിചയമുണ്ടോ?"

"ഒരച്ചൻേറം ചെരിപ്പുനക്കാൻ ഞാൻ പോകുന്നില്ല."

ആ അസുഖകരമായ രംഗമായിരുന്നു അപ്പോൾ കുഞ്ഞേറിയായുടെ ഓർമ്മയിലേക്കു പാഞ്ഞുകയറിയതു്. എങ്കിലും അയാൾ പറഞ്ഞു: "ബ്രദർ തോമസ് പറഞ്ഞതിൽ കുറേ വാസ്തവമുണ്ടെന്നു സമ്മതിക്കണം. പക്ഷേ മിശിഹായോടുള്ള സ്നേഹത്തെപ്രതി നാം പലതും സഹിക്കയും ക്ഷമിക്കയും ചെയ്യേണ്ടവരാണല്ലോ. നീതിമാന്മാരെ ക്ഷണിക്കുവാൻ താൻ വന്നില്ല എന്നു കർത്താവുതന്നെ പറഞ്ഞിരിക്കുന്നു. നീതിമാന്മാരെക്കൊണ്ടു നിറഞ്ഞിട്ടുള്ള ഒരു ലോകത്തു് നമ്മുടെ ഈ സംഘടനയ്ക്കു് എന്തു സ്ഥാനമാണുണ്ടാകുന്നതു്? ലോകം ഏററം വഷളായിത്തീരുമ്പോൾ നാം കൂടുതൽ ഉണർന്നുപ്രവർത്തിക്കണം. ഇവിടത്തെ സാധുക്കളുടെ കണ്ണു തെളിക്കുവാനും കമ്മ്യൂണിസ്റ്റുകാരുടെ വലയിൽനിന്നും അവരെ രക്ഷിക്കുവാനും ദൈവം യാത്രയാക്കിയിരിക്കുന്നതാണ് ഈ വെള്ളപ്പൊക്കം എന്നു ഞാൻ കരുതുന്നു. അതുകൊണ്ടു് ഒരു നിമിഷവും പാഴാക്കാതെ പുറപ്പെടണം. ഇന്നത്തെ നമ്മുടെ പ്രവർത്തനംകൊണ്ടായിരിക്കും കമ്മ്യൂണിസ്റ്റുകാർ അവസാനമായി ഒരടിയേൽക്കുവാൻ പോകുന്നതു് ഇവിടെ."

വെള്ളക്കൊടിയിൽ ഒരു ചെങ്കുരിശു്. ഇളംകാററത്തു് ആ കെട്ടുവള്ളത്തിൻെറ തലപ്പത്തു അതു് പാറിപ്പറന്നു കളിച്ചുകൊണ്ടിരുന്നു. പല ചെററക്കുടിലുകളിൽനിന്നും കേൾക്കാം ദീനരോദനങ്ങൾ. ആ വള്ളം ഒഴുകി നീങ്ങി. പലസ്ഥലങ്ങളിലും അതു നിന്നു. രണ്ടുമൂന്നുമണിക്കൂറുകൾ കഴിഞ്ഞു് അതു തിരിച്ചുവന്നതു് പല കുടുംബങ്ങളേയും ശേഖരിച്ചുകൊണ്ടാണ്. എല്ലുംതോലും മാത്രം ശേഷിച്ച കുട്ടികൾ, ബോധരഹിതരായ വൃദ്ധകൾ, വിറയ്ക്കുന്ന വയസ്സന്മാർ, ലജ്ജിതരായ യുവതിയുവാക്കന്മാർ—അതിലെ വിഭവങ്ങൾ. ഏററം ലജ്ജിച്ചതു തൊമ്മനായിരുന്നു. പത്തുകൊല്ലത്തിനുശേഷം അയാൾ അന്നു് ആദ്യമായി ദേവാലയത്തിൽ കാലുകുത്തി. അയാളുടെ ഉള്ളിനൊരു നടുക്കം. "കർത്താവേ, എൻെറ സകല അപരാധങ്ങളും പൊറുക്കേണമേ" എന്നയാൾ അപേക്ഷിച്ചു.

സെൻറ് തോമസ് സ്കൂൾ. അതു പള്ളിക്കു് ഏററം അടുത്താണ് സ്ഥിതിചെയ്യുന്നതു്. ഒററക്കുടുംബത്തിലെ അംഗങ്ങളെപ്പോലെ അവരെല്ലാം ആ സ്കൂളിൽ ഒരാഴ്ചയോളം താമസിച്ചു. രാവിലെയുള്ള ദിവ്യബലിയിൽ അവർ സന്തോഷപൂർവ്വം സംബന്ധിച്ചു. ഫാദർ എമ്മാനുവലിൻെറ ഒരു പ്രസംഗവും ഉണ്ടായിരുന്നു എന്നും.

വിൻസെൻറ് ഡി പോൾ സംഘക്കാർ ഉണർന്നുപ്രവർത്തിച്ചു. അവിടത്തെ ജനങ്ങളും സഹകരിച്ചു. ആവശ്യത്തിൽ കൂടുതലായി വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും അവർക്കു ലഭിക്കയുണ്ടായി. സകല ദുഃഖങ്ങളും മറന്നു് ആ പാവപ്പെട്ട ആളുകൾ ആനന്ദഭരിതരായിത്തീർന്നു. ഫാദർ എമ്മാനുവലിൻെറ വിശിഷ്ടമായ ഉപദേശങ്ങൾ അപ്പോഴാണ് നല്ലനിലത്തിൽ വീണതു്. കമ്മ്യൂണിസ്റ്റുകാരുടെ പ്രസംഗങ്ങളും അവരുടെ പ്രവൃത്തികളും തമ്മിലുള്ള അന്തരം കുരിശുട്ടിൽ തുറന്നുവച്ചു മന്ദിരിപാംപോലെ അവർക്കു ബോദ്ധ്യമായി. പ്രകാശത്തിൻെറനേരെ കണ്ണടച്ചുകൊണ്ടു് ഇത്രനാളും ഇരുട്ടത്തു് തപ്പിത്തടഞ്ഞു കഴിഞ്ഞുകൂടിയതോർത്തു് വളരെ പശ്ചാത്തപിച്ചു അവർ.................

---

## മാതൃരോദനം

(ഭാരതാവ്വീയിൽ—എ. മ.)

ഈ വിധത്തിലായോ നിൻ മനോജ്ഞഗാത്രം ദിവ്യഭാനോ!
ജീവജീവനാമെൻ പ്രിയ സൂനോ! (ജീവ—

1. ലോകരക്ഷയ്ക്കു് ഭൂവിൽ പിറന്ന
ഏക ദൈവകുമാരാ! മഹേശാ!
ലോകപാപങ്ങൾക്കായ് പരിഹാരം ചെയ്ത-തിവ്വിധമോ? (ജീവ—

2. മർത്ത്യമാലിന്യമകെക്കഴുകാൻ
രക്തമേകിയ ദിവ്യ കുഞ്ഞാടേ!
മർത്ത്യവർഗ്ഗമല്പം ഓർത്തിരുന്നുവെങ്കിൽ നിൻെറ സ്നേഹം!! (ജീവ—

3. മറ്റനങ്ങൾ വരിപ്പതിന്നായി
യാത്രചൊല്ലിപ്പിരിഞ്ഞു തലേന്നാൾ
ഗാത്രമേകവ്രണമായി ഹാ! കഠോര ! ദയനീയം! (ജീവ—

4. മന്ദസ്മിതാഭതിരളും മുഖത്തിൽ
താഡനംചെയ്തു തുപ്പിനിന്ദിച്ചോ?
നിൻ ശിരസ്സിലവർ മുൾമുടിചാർത്തിച്ചോ നിഷ്ഠുരങ്ങൾ? (ജീവ—

5. എന്തുദോഷമവർക്കു നീ ചെയ്തു?
ഹന്ത! കൈകാൽകൾ ക്രൂശിൽ തറപ്പാൻ
കുന്തമൊന്നിനാൽ നിൻ സ്വാന്തവും പിളർന്നോ ദുഷ്ടരയ്യോ! (ജീവ—

6. നന്മയെങ്ങും വിതച്ച നിൻ പാണി
ആണി ചേർക്കുവാൻ എങ്ങനെ തോന്നി
മർത്ത്യഹൃത്തടങ്ങൾ വൻശിലകളെക്കാൾ കഠിനം ഹാ! (ജീവ—

7. കണ്ണീരുളുന്നു മെയ്തളരുന്നു
എൻ ഹൃദയം പിളർന്നിടുന്നയ്യോ!
എന്നെ എന്തുകൊണ്ടോ മൃതയാക്കിടാത്തു സർവ്വനാഥാ! (ജീവ—

(വക്കി. വി. നടയ്ക്കൽ)

---

## വിനോദവീഥി




"പൊന്നുമറിയക്കുട്ടി, നീ ദൈവത്തെ ഓർത്തു് ഒന്നു വേഗം വരണെ."

* * *

ഒരു പീടികയുടെ മുമ്പിലുണ്ടായിരുന്ന പരസ്യമാണിതു്: "മററു കടകളിൽപോയി തട്ടിപ്പിൽ അകപ്പെടാൻ ഇഷ്ടപ്പെടാത്തവർ ഇവിടെ വരിക."

* * *

ഒരു വൃദ്ധസ്ത്രീ പള്ളിയിലെ പ്രാർത്ഥനയിൽ "സാത്താൻ" എന്ന പേരു വരുമ്പോഴെല്ലാം തലകുനിക്കുക പതിവായിരുന്നു. ആകയാൽ വികാരിയച്ചൻ അവരെ വിളിച്ചു് കാരണമന്വേഷിച്ചു. "എൻറച്ചോ, കുറെ ആചാരോപചാരമെല്ലാം നല്ലതല്ലേ. ഇനിക്കിത്രയും വയസ്സുമായല്ലോ. ആക്കാ തീർച്ചപറയാൻ സാധിക്കുക... ..."

* * *

വിളമ്പുകാരൻ: "ഈ പട്ടണത്തിൽവച്ചു് ഏററവും നല്ല ഹോട്ടലാണിതു്. നിങ്ങൾ കുടുംകാപ്പി ആവശ്യപ്പെട്ടാൽ പട്ടണത്തിൽവച്ചു് ഏററവും കടുത്ത കാപ്പി നിങ്ങൾക്കു കിട്ടും. ചൂടുചായ ആവശ്യപ്പെട്ടാൽ പട്ടണത്തിലുള്ളതിൽവച്ചു് ഏററവും ചൂടുള്ള ചായ നിങ്ങൾക്കു കിട്ടും."

യാത്രക്കാരൻ: "നിങ്ങൾ പറയുന്നതു ശരിയാണ്. ഇന്നാൾ രണ്ടു ചെറുപഴം ആവശ്യപ്പെട്ടപ്പോൾ എനിക്കതു ബോദ്ധ്യമായി."

# Sathya Deepam

Vol. 25 | Ernakulam September 19, 1951 | No. 6





## അദ്ധ്വാനിക്കുവിൻ

നിങ്ങളുടെ മനസ്സുകളുടെ ആത്മാവിൽ പുതുതാക്കപ്പെടുവാനും നീതിയിലും സത്യമായ വിശുദ്ധിയിലും ദൈവത്തിനു അനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവാനുമത്രേ നിങ്ങൾ പഠിച്ചിരിക്കുന്നത്. ആകയാൽ അസത്യം നിങ്ങളിൽനിന്നു നീക്കിക്കളയുകയും ഓരോരുത്തനും തന്റെ അയൽക്കാരനോടു സത്യം സംസാരിക്കുകയും ചെയ്യുവിൻ, നാം പരസ്പരം അവയവങ്ങളാകുന്നുവല്ലോ. നിങ്ങൾ കോപിക്കുവിൻ; എന്നാൽ പാപം ചെയ്യരുത്. നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്. നിങ്ങൾ പിശാചിനു ഇടംകൊടുക്കുകയുമരുത്. മോഷ്ടാവായിരുന്നവൻ ഇനിമേലിൽ മോഷ്ടിക്കരുത്. പിന്നെയോ, മുട്ടുപാടുള്ളവനു കൊടുക്കുവാൻ തനിക്കുണ്ടാകേണ്ടതിനായി അവൻ തന്റെ കൈകൾകൊണ്ടു അദ്ധ്വാനിക്കയും നന്മ പ്രവർത്തിക്കയും ചെയ്യണം. (പന്തക്കുസ്താ 19-ാം ഞായർ ലേഖനം: എഫേ. IV, 23—28.)

ധനാഢ്യരോ അല്ലെങ്കിൽ അഭ്യസ്തവിദ്യരോ ആയ യുവതീയുവാക്കന്മാരിൽ കായികാദ്ധ്വാനത്തോട് എന്തെന്നില്ലാത്തൊരു വെറുപ്പ് സാധാരണയായി പ്രത്യക്ഷപ്പെടാറുണ്ട്. ശരീരംകൊണ്ടുള്ള അദ്ധ്വാനം, നെററിയിൽ വിയർപ്പുതുള്ളികൾ പൊടിയുന്ന അദ്ധ്വാനം, മണ്ണിനോടും മററു പ്രകൃതിശക്തികളോടും മല്ലിട്ടുകൊണ്ടുള്ള കർഷകന്റെയും തൊഴിലാളിയുടേയും ജീവിതം—ഇതിനെ നിന്ദ്യമായും അധഃസ്ഥിതമായും പരിഗണിക്കുന്ന ഒരു മനസ്ഥിതിയാണ് അവരിൽ കുടികൊള്ളുന്നത്. ഒരു തൂമ്പയെടുത്ത് കുറേനേരം കിളയ്ക്കുക, വയലിൽ കുറച്ചുസമയം ഉഴുകുക, ഉണങ്ങുന്ന കൃഷിസ്ഥലങ്ങളിൽ ജലസേചനം ചെയ്യുക, കല്ലുകൊണ്ടും മരംകൊണ്ടും മററുമുള്ള കൈവേലകൾ ചെയ്യുക, തൊഴിൽശാലകളിൽ പണിയെടുക്കുക—എന്നിങ്ങനെ മഴയും വെയിലും സഹിച്ചും പൊടിയും ചേറും പുരണ്ടും, സ്വേദകണങ്ങൾ ഇററിററുവീണും അദ്ധ്വാനിക്കുന്നതിൽ എന്തോ "സ്ഥിതിക്കുറവ്" ഉള്ളതായി ഇവർ സങ്കല്പിക്കുന്നു. "അതെല്ലാം വേലക്കാർക്കും കൂലിക്കാർക്കും ഉള്ള ജോലിയല്ലേ" എന്നു പറഞ്ഞുകൊണ്ട് ഒരു പ്രത്യേകവർഗ്ഗക്കാർക്കായി കായികാദ്ധ്വാനം നീക്കിവെക്കുവാൻ അവർ വെമ്പൽകൊള്ളുന്നു. യാത്രാവേളയിൽ ഒരു ചെറിയ പെട്ടി സ്വയം ചുമക്കുന്നതും, വിദ്യാലയത്തിൽ ഒരു ബെഞ്ച് പിടിച്ച് മാററിയിടുന്നതും, സ്വഗൃഹത്തിലെ പൊടിപുരണ്ടുകിടക്കുന്ന ഒരു മുറി ഒന്ന് അടിച്ചുവാരി വെടിപ്പാക്കുന്നതും അടുക്കളയിൽ അമ്മയെ സഹായിക്കുന്നതും ഒരു കുറച്ചിലായി വിചാരിക്കുന്ന യുവതീയുവാക്കന്മാരും ധാരാളമില്ലേ? ഇതെല്ലാം ക്രിസ്തുവിനുമുമ്പുണ്ടായിരുന്ന അക്രൈസ്തവ(Pagan)മനസ്ഥിതിയുടെ നീണ്ടുകിടക്കുന്ന ചില നിഴലുകൾമാത്രമാണ്.


പ്രാചീനസംസ്കാരത്തിന്റെ കേളീരംഗങ്ങളായിരുന്ന ഗ്രീസിലും റോമയിലും ദേഹാദ്ധ്വാനം ചെയ്യുന്ന കർഷകരേയും തൊഴിലാളികളേയും അധഃസ്ഥിതരായ ഒരു വർഗ്ഗക്കാരായി പരിഗണിച്ചിരുന്നു; അടിമകളോ അടിമകളോടൊപ്പം എണ്ണപ്പെടുന്നവരോ ആയിരുന്നു അവർ. പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നീ ചിന്തകർ ശരീരാദ്ധ്വാനമുള്ള ജോലികൾ ചെയ്യുന്നവരെ വളരെ പുച്ഛത്തോടെയാണ് വീക്ഷിച്ചിരുന്നത്. "ഉൽകൃഷ്ടകുലജാതനായ ഒരുവൻ കായികാദ്ധ്വാനത്തെ അവജ്ഞയോടെ പരിഗണിക്കണം" എന്നു പ്ലേറ്റോയും, "ഒരു പരിപൂർണ്ണരാഷ്ട്രത്തിൽ, ഒരു തൊഴിലാളിക്കു ഒരിക്കലും പൗരത്വം നൽകപ്പെടുകയില്ല" എന്നു രാഷ്ട്രമീമാംസകനായ അരിസ്റ്റോട്ടിലും പറഞ്ഞിട്ടുണ്ട്. "നിങ്ങൾ തൊഴിലാളികളെന്നും വേലക്കാരെന്നും പറഞ്ഞു പുച്ഛിക്കുന്ന ആ വർഗ്ഗക്കാർ" എന്നു സിസറോയും ഒരിടത്തു രേഖപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രീയകാര്യങ്ങൾ, യുദ്ധങ്ങൾ, അവയിൽനിന്നു ലഭിക്കുന്ന ക[illegible]ധനങ്ങൾ, [illegible]ങ്ങൾ എന്നിവയിലായിരുന്നു ഉന്നതവർഗ്ഗക്കാരും സ്വതന്ത്രപൗരന്മാരും സമയം ചെലവഴിച്ചിരുന്നത്. "രക്തംകൊണ്ടു നേടാൻ കഴിയുന്നത് വിയർപ്പുകൊണ്ട് സമ്പാദിക്കുവാൻ ശ്രമിക്കുന്നത് മടിയുടേയും ജാഡ്യത്തിന്റേയും ലക്ഷണമാണ്"—അതായത്, യുദ്ധംചെയ്തു കവർന്നെടുക്കുന്നത് അദ്ധ്വാനിച്ചു സമ്പാദിക്കുന്നതിനെക്കാൾ ഉൽകൃഷ്ടമാണ്—എന്ന ജീവിതതത്വമായിരുന്നു ജർമ്മൻജനത സ്വീകരിച്ചിരുന്നത്. എന്നാൽ നേരെമറിച്ച് ഇസ്രായേലിൽമാത്രം തൊഴിൽ കാര്യമായി വിലമതിക്കപ്പെട്ടിരുന്നു. ആറുദിവസം സൃഷ്ടികർമ്മം നിർവ്വഹിച്ചശേഷം ഏഴാംദിവസം വിശ്രമിച്ച സ്രഷ്ടാവിന്റെ ഒരു വിദൂരാനുകരണംപോലെ മനുഷ്യനും ദേഹാദ്ധ്വാനം മധുരിമയൂറുന്ന ഒരു ജോലിയായിട്ടാണ് ആദ്യം അനുഭവപ്പെട്ടത്. എന്നാൽ ആദത്തിന്റെ അധഃപതനത്തിനുശേഷം ഈ ദേഹാദ്ധ്വാനംതന്നെ ഒരു ചുമതലയായും ശിക്ഷയായും പരിഹാരമായും രൂപാന്തരം പ്രാപിച്ചു. "നിന്റെ നെററിയിലെ വിയർപ്പുകൊണ്ട് നീ അപ്പം ഭക്ഷിക്കും." ഇപ്രകാരം, അദ്ധ്വാനിച്ചു കഴിയു എന്നുള്ള ഒരു ചുമതല മനുഷ്യനു വന്നുകൂടി. വി. പൗലോസിന്റെ സുപ്രസിദ്ധമായ വാക്യവും സ്മരണീയമാണ്: "ഒരുവൻ അദ്ധ്വാനിക്കുന്നില്ലെങ്കിൽ അവൻ തിന്നുകയും വേണ്ട." എന്നാൽ അദ്ധ്വാനത്തിന്റെ കാഠിന്യത്തെ കുറയ്ക്കുന്നതിനായി, ദൈവത്തെ അനുകരിച്ചുകൊണ്ട് ആഴ്ചയിൽ ഒരു ദിവസത്തെ പരിപൂർണ്ണവിശ്രമം—ശാബദ്ദിവസം—എല്ലാവർക്കും നിർബന്ധമാക്കിയിരുന്നു.

ഇപ്രകാരം പുച്ഛിക്കപ്പെടുകയും അധഃസ്ഥിതമായി പരിഗണിക്കപ്പെടുകയും ചെയ്തിരുന്ന തൊഴിലാളിവർഗ്ഗത്തിലാണ്—ഒരു ആശാരിപ്പണിക്കാരനായിട്ടാണ്—ക്രിസ്തുനാഥൻ അവതീർണ്ണനായത്. ആ തൊഴിലാളി ലോകഗുരുവും, ലോകരക്ഷകനും, ദൈവവും ആണെന്നുള്ള വാസ്തവം വകവെച്ചുകൊടുക്കുവാൻ അന്നത്തെ ഉൽകൃഷ്ടസമുദായക്കാർ തയ്യാറായില്ല; വലിയൊരു വിഷമപ്രശ്നമായി അവർക്കു അവശേഷിച്ചു. "ഇവൻ ഒരാശാരിയുടെ മകനല്ലേ?" എന്നു പുച്ഛരസത്തിൽ അവർ ചോദിക്കയുണ്ടായി. എന്നാൽ ആശാരിപ്പണിക്കാരനായ ക്രിസ്തുവിന്റെ ആഗമത്തോടുകൂടി ശരീരാദ്ധ്വാനമുള്ള തൊഴിൽ നിന്ദ്യമല്ലെന്നും, ദൈവവും മനുഷ്യകുലരക്ഷകനും സർവ്വജ്ഞാനിയും അത്ഭുതപ്രവർത്തകനുമായ ഒരാൾ ഒരു ആശാരിപ്പണിക്കാരനും കൂടിയായിരുന്നുവെന്നുള്ളതിൽ നിന്നു കൈത്തൊഴിൽ മാഹാത്മ്യമുള്ള ഒന്നുതന്നെയാണെന്നും ജനങ്ങൾ മനസ്സിലാക്കി. "ഒരു മനുഷ്യനും ഇതുപോലെ സംസാരിച്ചിട്ടില്ല" എന്നു ശത്രുക്കൾപോലും സശിരഃകമ്പം സമ്മതിക്കത്തക്കവിധത്തിൽ വിജ്ഞാനപ്രസരം നിർവ്വഹിച്ച ക്രിസ്തുനാഥൻ—അഞ്ചപ്പംകൊണ്ട് അയ്യായിരംപേർക്കു മൃഷ്ടാന്നഭോജനം നൽകിയ "സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന" ക്രിസ്തുനാഥൻ—ഒരാശാരിപ്പുരയിൽ ഇരുന്നുകൊണ്ട് വിയർപ്പുതുള്ളികൾ ഇററിററുവീഴ്ത്തിക്കൊണ്ട് മുപ്പതു സംവത്സരം കഠിനാദ്ധ്വാനം ചെയ്തുവെങ്കിൽ നമ്മുടെ അഭ്യസ്തവിദ്യരും ധനാഢ്യരുമായ യുവതീയുവാക്കന്മാർ അദ്ധ്വാനമുള്ള തൊഴിലുകളെ പുച്ഛരസത്തോടെ വീക്ഷിക്കുന്നതെന്തിനു? "അവൻ തന്റെ കൈകൾകൊണ്ട് അദ്ധ്വാനിക്കയും നന്മ പ്രവർത്തിക്കയും ചെയ്യണം" എന്നു ഇന്നത്തെ ലേഖനത്തിലുള്ള വി. പൗലോസിന്റെ ഉൽബോധനം അവരും ശ്രദ്ധിക്കട്ടെ. ശ്ലീഹന്മാർ എല്ലാവരുംതന്നെ മീൻപിടുത്തക്കാരോ അല്ലെങ്കിൽ മററു തൊഴിലുകളിൽ വ്യാപൃതരായിരുന്നവരോ ആയിരുന്നു. വി. പൗലോസ് കൂടാരപ്പണിക്കാരനായിരുന്നില്ലേ? "മീൻപിടുത്തക്കാരന്റെ മോതിരം" എന്നല്ലേ ഇന്നും മാർപ്പാപ്പാമാരുടെ മോതിരത്തിനുള്ള പേർ?

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ഒരു നേരിയ പ്രതിഫലനമാണ് നമ്മുടെ അദ്ധ്വാനങ്ങൾ. ക്രിസ്തുനാഥന്റെ ആശാരിപ്പണിയോടുകൂടി സംയോജിപ്പിച്ചുകൊണ്ട് നമ്മുടെ അദ്ധ്വാനങ്ങളേയും വിയർപ്പുതുള്ളികളേയും നാം സമർപ്പിക്കുന്നതായാൽ അവയ്ക്കു വലിയ വിലയും സ്വർഗ്ഗത്തിൽ സമ്മാനാർഹതയും ലഭിക്കുന്നതാണ്. താത്വികമായി ചിന്തിക്കുമ്പോൾ ബുദ്ധിയുടെ പ്രവൃത്തികൾ ശരീരത്തിന്റെ പ്രവൃത്തികളെക്കാൾ ഉൽകൃഷ്ടങ്ങളാണെങ്കിലും നമ്മുടെ ജീവിതലക്ഷ്യത്തെ പരിഗണിക്കുമ്പോൾ—ഇഹത്തിലെ നമ്മുടെ ഓരോ പ്രവൃത്തിയും പരത്തിൽ നമുക്കു സൗഭാഗ്യം സമ്പാദിച്ചു തരുവാൻവേണ്ടിയുള്ളതായിരിക്കണമെന്നുള്ള പരമാർത്ഥം പരിഗണിക്കുമ്പോൾ—ശാരീരികാദ്ധ്വാനങ്ങളും ബുദ്ധിയുടെ പ്രവൃത്തികളെപ്പോലെതന്നെയോ, ചിലപ്പോൾ അവയെക്കാൾ ഉപരിയായോ, നമുക്കു ജീവിതലക്ഷ്യം പ്രാപിക്കുന്നതിനു, സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നതിനു, ഉപയുക്തമാകാവുന്നതാണ്. നമ്മുടെ അദ്ധ്വാനങ്ങൾതന്നെ പ്രാർത്ഥനയായി രൂപാന്തരം പ്രാപിക്കണം; ക്രിസ്തുവിന്റെ അദ്ധ്വാനങ്ങളോടുകൂടി യോജിപ്പിച്ചുകൊണ്ട്, അവയെ നിർവ്വഹിക്കണം. സ്നേഹിക്കുന്നവനു അദ്ധ്വാനം ഭാരമുള്ളതല്ല, കൈപ്പുള്ളതുമല്ല. ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതിയും ദൈവത്തിന്റെ തിരുച്ചിത്തത്തെ ആദരിച്ചുംകൊണ്ടായിരിക്കട്ടെ നമ്മുടെ അദ്ധ്വാനങ്ങൾ.

വി. തോമസ്സ് അക്വിനാസ് അദ്ധ്വാനത്തിന്റെ ആവശ്യകതയ്ക്കു നാലു കാരണങ്ങളാണ് നിർദ്ദേശിക്കുന്നത്: ഉപജീവനമാർഗ്ഗമായും, മടിയെ ഉച്ചാടനം ചെയ്യാനും, ശരീരത്തിന്റെ ദുരാശകൾക്കു അമർച്ച വരുത്തുവാനും, ദരിദ്രർക്കു ദാനധർമ്മങ്ങൾ ചെയ്യുന്നതിനുള്ള ധനാഗമമാർഗ്ഗമായും. ഇവയിൽ ഒടുവിലത്തെ കാരണം ഇന്നത്തെ ലേഖനത്തിൽ വി. ശ്ലീഹായും എടുത്തുകാണിക്കുന്നുണ്ട്. "മുട്ടുപാടുള്ളവനു കൊടുക്കുവാൻ തനിക്കുണ്ടാകേണ്ടതിനായി" ഓരോരുത്തനും അദ്ധ്വാനിക്കണമെന്നാണ് വിശുദ്ധൻ പറയുന്നത്. കാരണവന്മാർ സമ്പാദിച്ചിട്ടുള്ള സ്വത്തു ധാരാളമുണ്ട്—അറകൾ നിറച്ചു നെല്ലും ബാങ്കിൽ ധാരാളം പണവും ജോലികൾ നടത്തുവാൻ കാര്യസ്ഥന്മാരും കൂലിക്കാരും—എന്നുവെച്ച് അലസമായി സുഖജീവിതത്തിൽ മുഴുകുവാൻ ആർക്കും അനുവാദമില്ല. "എനിക്കു ധാരാളം സ്വത്തുള്ളതുകൊണ്ട് അദ്ധ്വാനിച്ചു വിയർക്കേണ്ട ആവശ്യമില്ല" എന്നു ആർക്കും പറയുവാൻ പാടില്ല. തനിക്കു ആവശ്യമില്ലെങ്കിൽ മററുള്ളവർക്കുവേണ്ടി—സാധുക്കൾക്കും ദരിദ്രർക്കും കൊടുക്കുവാൻവേണ്ടി—അദ്ധ്വാനംചെയ്തു സമ്പാദിക്കണമെന്നുള്ള വി. അപ്പസ്തോലന്റെ നിർദ്ദേശം പലരുടേയും ജീവിതസരണിയിൽ ഒരു വ്യതിയാനം വരുത്തുവാൻ പര്യാപ്തമാണ്. (ജെ. ചെമ്മണ്ണൂർ)


**Thanksgiving**


Sr. Alphonsa, I.C.

**for favours received**

Mrs. M. Verghese Mathew
Mannummel House
Kandassankadavu.